ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49, 6).

വാല്യം 04 മെയ് 2021 ലക്കം 05

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephpatharadio.com
0490 - 2342440

# ഉള്ളടക്കം

1. കച്ചേരിക്കാര്യം ........ 05
2. വിശ്വാസപരിശീലനം ........ 10
3. ബൈബിൾ അപ്പൊസ്തൊലേറ്റ് ........ 18
4. കുടുംബക്കൂട്ടായ്മ ........ 21
5. ചെറുപുഷ്പ മിഷൻലീഗ് ........ 23
6. തിരുബാലസഖ്യം ........ 28
7. യുവജനശുശ്രൂഷ ........ 30
8. കുടുംബപ്രേഷിതത്വം ........ 35
9. വിമൽജ്യോതി വാർത്തകൾ ........ 39
10. സാൻജോസ് അക്കാഡമി ........ 41
11. നിർമ്മലഗിരി വാർത്തകൾ ........ 44
12. എ.കെ.സി.സി. വാർത്തകൾ ........ 45
13. ഇൻഫാം വാർത്തകൾ ........ 47
14. പ്രതീക്ഷ ........ 48
15. എ.ഡി.എസ്.യു ........ 50
16. കെ.സി.ബി.സി ........ 52
17. സാമൂഹ്യസേവനവേദി ........ 54
18. ADAM ........ 58
19. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 59
20. Programme of the Archbishop Mar George Njaralakatt ........ 63
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 64
22. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 66
23. Programme of the Auxiliary Bishop Mar Joseph Pamplany ........ 69




## 1. ബഹുമാനപ്പെട്ട വൈദികരുടെ സ്ഥലംമാറ്റം

തലശ്ശേരി അതിരൂപതയിലെ വൈദികരുടെ സ്ഥലംമാറ്റം ഈ വർഷം മെയ് മാസം 15-ാം തീയതിയാണ്. 15-ാം തീയതി ശനിയാഴ്ച പുതിയ സ്ഥലങ്ങളിൽ എത്തിച്ചേർന്ന് 16-ാം തീയതി ഞായറാഴ്ച നിയമനപത്തേന്തി വായിച്ച് ചുമതല ഏല്ക്കേണ്ടതാണ്. സ്ഥലംമാറ്റമുള്ള എല്ലാ വികാരിയച്ചന്മാരും സ്ഥലംമാറിപ്പോകുന്നതിനു മുമ്പ് വികാരിമാറ്റ റിപ്പോർട്ട് തയ്യാറാക്കി, ഒപ്പിട്ട് നടത്തുകൈക്കാരനെക്കൊണ്ടും ഒപ്പിടുവിച്ച് പുതിയ വികാരിയെ ഏല്പിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യണം. പുതിയ വികാരി ഉത്തരവാദിത്വം ഏറ്റെടുത്ത് തൊട്ടടുത്ത ദിവസം തന്നെ വികാരിമാറ്റ റിപ്പോർട്ട് ഒപ്പിട്ട് അതിരൂപതാ കച്ചേരിയിലേയ്ക്ക് ഒരു കോപ്പി അയച്ചുതരണം. ഒരു കോപ്പി ഇടവക ഫയലിൽ സൂക്ഷിക്കണം. സ്ഥലം മാറുന്ന വികാരിമാർക്ക് പത്തേന്തിയോടൊപ്പം വികാരിമാറ്റ റിപ്പോർട്ടിന്റെ ഓരോ ഫോംകൂടി അയയ്ക്കുന്നുണ്ട്. കുരിശുപള്ളികൾ ഉള്ളവർ പ്രസ്തുതഫോമിന്റെ ഫോട്ടോ കോപ്പി എടുത്ത് ഉപയോഗിക്കേണ്ടതാണ്. ചില ഫൊറോനകളിൽനിന്ന് അച്ചന്മാർ നിർദ്ദേശിച്ചതുപോലെ, നീക്കിയിരിപ്പ് പണവും താക്കോലും മറ്റും സ്ഥലം മാറിപ്പോകുന്ന വികാരി നടത്ത് കൈക്കാരനെ ഏല്പിക്കുന്നത് സാധിക്കുമെങ്കിൽ ഫൊറോന വികാരിയുടെ സാന്നിദ്ധ്യത്തിലാകുന്നത് നന്നായിരിക്കും.

വൈദികർ സ്ഥലംമാറുന്ന മാസത്തെ അലവൻസിന്റെ പകുതി ഇപ്പോൾ ജോലിചെയ്യുന്ന സ്ഥലത്തുനിന്നും ബാക്കി പകുതി പുതിയ സ്ഥലത്തുനിന്നും സ്വീകരിക്കേണ്ടതാണ്.

## 2. ഇടവകയിലെ സുപ്രധാനരേഖകളുടെ സംരക്ഷണം

ഇടവകയിലെ പ്രധാനപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവ കൃത്യമായും സുരക്ഷിതമായും സൂക്ഷിക്കുക ഇടവകവികാരിയുടെ ഉത്തരവാദിത്വമാണ്. എല്ലാ ഇടവകകളിലെയും ഇടവകസ്ഥാപന ഡിക്രി, 12 എ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻകാർഡ് എന്നിവ ഏറ്റവും സുരക്ഷിതമായി പ്രത്യേക ഫയലിൽ സൂക്ഷിക്കണം. ഈ രേഖകളുടെ കോപ്പികൾ എടുത്തു വയ്ക്കുകയും ചെയ്യണം.

### 3. ബഹു. ഡീക്കന്മാരുടെ സമ്മേളനം

ഈ വർഷം തിരുപ്പട്ടം സ്വീകരിക്കാൻ ഒരുങ്ങുന്ന നമ്മുടെ അതിരൂപതയിൽ നിന്നുള്ള സന്ന്യാസികളും മറ്റ് രൂപതയ്ക്കുവേണ്ടിയുള്ളവരും ഉൾപ്പെടെയുള്ള ഡീക്കന്മാരുടെയും അവരുടെ മാതാപിതാക്കന്മാരുടെയും ഒരു യോഗം 2021 മെയ് 11-ന് ചേരുമെന്ന് അറിയിച്ചിരുന്നു. എന്നാൽ കോവിഡ് 19 വീണ്ടും പടരുന്ന സാഹചര്യത്തിൽ ആ സമ്മേളനം മാറ്റി വയ്ക്കുകയാണ്. പുതിയ തീയതി പിന്നീടറിയിക്കും. ഇനിയും ഡീക്കന്മാരുടെ ലിസ്റ്റ് നല്കാനുള്ള വികാരിയച്ചന്മാർ അക്കാര്യം ബഹുമാനപ്പെട്ട മൈനർ സെമിനാരി റെക്ടറച്ചനെ അറിയിക്കുമല്ലോ.

### 4. ജൂണിയർ വൈദികരുടെ കോഴ്സ്

2010-2011 വർഷം തിരുപ്പട്ടം സ്വീകരിച്ചവർ മുതൽ 2020-21 വർഷം തിരുപ്പട്ടം സ്വീകരിച്ചവർ വരെയുള്ള ബാച്ചുകളിലെ വൈദികർക്കായി ഒരു പരിശീലന പരിപാടി 2021 ജൂൺ 14 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ 16-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ഒരുമണിവരെ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തുന്നതാണ്. പ്രസ്തുത ബാച്ചുകളിൽപ്പെട്ട അച്ചന്മാർ ഈ ദിവസങ്ങൾ നേരത്തെതന്നെ കോഴ്സിനുവേണ്ടി മാറ്റി വയ്ക്കേണ്ടതാണ്.

### 5. മതബോധന ഞായർ

2021 മെയ് 30-ാം തീയതി ഞായറാഴ്ചയാണ് മതബോധന ഞായർ. കോവിഡ് 19-വീണ്ടും പരക്കുന്ന സാഹചര്യത്തിൽ ക്ലാസ്സുകളെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ പിന്നീട് നല്കുന്നതാണ്. മതബോധന ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച അതിരൂപതയിലെ മതബോധന പ്രവർത്തനങ്ങളെ സഹായിക്കാനായി സമാഹരിക്കുമല്ലോ.

### 6. പ്രാർത്ഥനാദിനം

കോവിഡ്-19 വീണ്ടും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സി.ബി.സി.ഐയും കെസിബിസിയും 2021 മെയ് 7-ാം തീയതി വെള്ളിയാഴ്ച ഉപവാസ പ്രാർത്ഥനാദിനമായി ആചരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എല്ലാ ഇടവകപള്ളികളും സന്ന്യാസഭവനങ്ങളും കോവിഡ് മഹാമാരിയിൽനിന്നും ലോകത്തെ രക്ഷിക്കുവാനുള്ള പ്രാർത്ഥന ക്രമീകരിക്കുമല്ലോ.

## 6. ആദരാഞ്ജലികൾ

**ഫാ. ജോസഫ് തുരുത്തേൽ (84):** മാനന്തവാടി രൂപതാംഗവും അവിഭക്ത തലശ്ശേരി രൂപതയിലെ ആദ്യകാല വൈദികനമുമായ ഫാ.



ജോസഫ് തുരുത്തേൽ 2021 ഏപ്രിൽ 5-ാം തീയതി നിര്യാതനായി. ഇപ്പോഴത്തെ തലശ്ശേരി അതിരൂപത യിൽ കാപ്പിമല (വിജയഗിരി) ഇടവകയിൽ അദ്ദേഹം വികാരിയായി സേവനമനുഷ്ഠിച്ചിരുന്നു. പൗരോഹിത്യ ശുശ്രൂഷയുടെ സിംഹഭാഗവും അദ്ദേഹം വയനാട്ടിലെ ഇടവകകളിലാണ് സേവനം ചെയ്തത്. 1966 മാർച്ച് 10-ാം തീയതിയാണ് അദ്ദേഹം പൗരോഹിത്യം സ്വീകരിച്ചത്. മാനന്തവാടി ദ്വാരകയിലുള്ള വിയാനിഭവനിൽ വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിച്ചുവരവെയാണ് അദ്ദേഹം നിത്യസൗഭാഗ്യത്തി ലേയ്ക്ക് വിളിക്കപ്പെട്ടത്. 2021 ഏപ്രിൽ 5-ന് ദ്വാരകപാസ്റ്ററൽ സെന്ററിൽ മൃതസംസ്ക്കാര ശുശ്രൂഷ നടന്നു. അഭിവന്ദ്യ മാർ ജോർജ് വലിയമ റ്റംപിതാവ് മൃതസംസ്ക്കാരശുശ്രൂഷകളിൽ പങ്കെടുത്തു. ബഹുമാന പ്പെട്ട ജോസഫ് തുരുത്തേലച്ചന്റെ സേവനങ്ങളെ കൃതജ്ഞതയോടെ സ്മരിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

**സി. സെലിൻ കൊട്ടാരം എസ്.എ.ബി.എസ്. (90):** ആരാധനാ സന്ന്യാസിനി സമൂഹത്തിന്റെ തലശ്ശേരി സെന്റ് ജോസഫ്സ്



പ്രൊവിൻസ് അംഗം സി. സെലിൻ കൊട്ടാരത്തിൽ 2021 ഏപ്രിൽ 19-ന് തലശ്ശേരി ജോസ്ഗിരി ആശുപത്രിയിൽ നിര്യാതയായി. 1954 ജൂൺ 2-ന് വ്രതവാഗ്ദാനം ചെയ്ത സി. സെലിൻ 1961-ലാണ് മലബാറിൽ എത്തിയത്. പയ്യ മ്പള്ളി, പുൽപ്പള്ളി, ബത്തേരി, മാനന്തവാടി, കണിച്ചാർ, മരുതോങ്കര, കോഴിച്ചാൽ, വിളക്കാംതോട്, താമരശ്ശേരി, കിളിയന്തറ, തലശ്ശേരി മഠങ്ങളിൽ അംഗമായിരുന്നു. 2021 ഏപ്രിൽ 19ന് കണിച്ചാർ സെന്റ് ജോർജ് ദൈവാലയത്തിൽ നടന്ന മൃതസംസ്ക്കാരശുശ്രൂഷയ്ക്ക് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി മുഖ്യ കാർമ്മികത്വം വഹിച്ചു. പരേതയ്ക്ക് നിത്യസമ്മാനം നല്കി ദൈവം അനു ഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ശ്രീ അഗസ്റ്റിൻ കുടിലിൽ: (90)** ബഹു. ജോർജ് കുടിലിൽ അച്ചന്റെ വത്സലപിതാവ് ശ്രീ അഗസ്റ്റിൻ കുടിലിൽ 2021 ഏപ്രിൽ 9-ാം തീയതി നിര്യാതനായി. മൃതസംസ്ക്കാരം 2021 ഏപ്രിൽ 10-ാംതീയതി എടൂർ

സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. ബഹുമാനപ്പെട്ട ജോർജച്ചനെയും സന്തപ്ത കുടുംബാംഗങ്ങളെയും അനുശോചനം അറിയിക്കുകയും പരേതന് നിത്യസൗഭാഗ്യം ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 7. സ്നേഹസ്മൃതി

1. റവ. ഫാ. ജോസഫ് മാടക്കച്ചേരി - 05-05-2002
2. റവ. ഫാ. അബ്രാഹം കാവളക്കാട്ട് - 06-05-1991
3. റവ. ഫാ. ജോസഫ് മാമ്പുഴ - 13-05-2007
4. മോൺ. ജേക്കബ് പുത്തേട്ട് - 16-05-1989
5. മോൺ. തോമസ് പഴേപറമ്പിൽ - 22-05-1992
6. റവ. ഫാ. ജോൺ മണ്ണനാൽ - 23-05-2008
7. റവ. ഫാ. ജോസ് മാരാംകുഴ - 23-05-2012
8. റവ. ഫാ. മാത്യു നടുവിലേക്കുറ്റ് - 24-05-1997
9. റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ (ജൂനി.) - 25-05-2003
10. റവ. ഫാ. ജോർജ് താമരശ്ശേരി - 26-05-2008
11. റവ. ഫാ. ജോസഫ് മേമന - 27-05-2013

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# വൈദികരുടെ അഖണ്ഡ ആരാധന

**May**

| | | | |
|---|---|---|---|
| 1-May | Mullakkara John | 3-May | Valavanal Mathew |
| 4-May | Chennappally George | 5-May | Asariparambil Mathew |
| 6-May | Mangattil Mathew OFM Cap | 7-May | Kulathara Joseph |
| 8-May | Panjikunnel Jacob | 10-May | Padinjareanisseril George |
| 11-May | Kizhakethalackal Martin | 12-May | Pallikunnel Antony |
| 13-May | Kochuveettil Peter | 14-May | Payyanatt Mathew |
| 17-May | Vettiyanickal Antony | 18-May | Kunnel Mathew |
| 19-May | Keechankeriyil Joseph | 20-May | Koyipuram Joseph |
| 21-May | Chelamaram George | 22-May | Manjalamkunnel Joseph |
| 24-May | Elavumkunnel George (Jr) | 25-May | Muttathupara Sebastian |
| 26-May | Chittilapally Thomas | 27-May | Olickal Mathew |
| 28-May | Kalappurackal Joseph | 29-May | Chennattu Philip |
| 31-May | Thekkevayalil George | | |

**JUNE**

| | | | |
|---|---|---|---|
| 1-Jun | Thonippara Abraham | 2-Jun | Puthuppallil Sebastian |
| 3-Jun | Noorammackal Joseph | 4-Jun | Kalarickal Kuriakose |
| 5-Jun | Anithanam Joseph | 7-Jun | Enacheril Joseph |
| 8-Jun | Vettuvayalil Mathew | 9-Jun | Vazhakatt John |
| 10-Jun | Edamulayil Mathew | 11-Jun | Pathiyottil Joseph |
| 12-Jun | Plavunilkumparambil Kuriakose | 14-Jun | Chathanattu Joseph |
| 15-Jun | Vadakemuriyil Thomas | 16-Jun | Ezhuparayil Joseph |
| 17-Jun | Areekkattu Pious | 18-Jun | Mattappallil Lukose |
| 19-Jun | Elamthuruthipadavil Mathew | 21-Jun | Vettiyanickal Varghese |
| 22-Jun | Puliyurumbil Johnson | 23-Jun | Elavumkunnel George (Sr) |
| 24-Jun | Kalappurackal Varghese | 25-Jun | Thykunnumpuram Joseph |
| 26-Jun | Mukkuzhy Mathew | 28-Jun | Punchatharappel George |
| 29-Jun | Pampackal Thomas | 30-Jun | Adppur Francis O.Carm |

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

അതിരൂപതയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് ബഹു. വൈദികരും സിസ്റ്റേഴ്സും പ്രധാനാധ്യാപകരും വിശ്വാസപരിശീലകരും മാതാപിതാക്കളും നൽകുന്ന നിസ്വാർത്ഥമായ സേവനങ്ങൾക്ക് നന്ദി പറയുന്നു. പുതിയ പ്രവർത്തനവർഷം കൂടുതൽ ഫലപ്രദമാക്കുവാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. വിശ്വാസപരിശീലനകേന്ദ്രവും ബഹു. വൈദികരും സിസ്റ്റേഴ്സും വിശ്വാസപരിശീലകരും മാതാപിതാക്കളും കുട്ടികളും ഒരുമനസ്സോടെ പരിശ്രമിച്ചുകൊണ്ട് തിരുസഭയുടെ ഏറ്റവും പ്രധാനപ്പെട്ട ഈ ദൗത്യം വിജയകരമാക്കാം.

## 1. വിശ്വാസോത്സവം: ക്ലാസ്സ് 10,11

പത്ത്, പതിനൊന്ന് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വിശ്വാസോത്സവം മെയ് 3 മുതൽ 7 വരെയുള്ള തീയതികളിൽ ഓൺലൈനായി നടത്തുന്നതാണ്. വർക്കുബുക്കുകൾ ക്ലാസ്സ് ടീച്ചേഴ്സ് വിലയിരുത്തിയതിനുശേഷം കുട്ടികളുടെ പ്രൊമോഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതാണ്.

## 2. വിശ്വാസപരിശീലന പ്രവർത്തനവർഷ ആരംഭം

2021-2022 വർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് മെയ് 30 ഞായറാഴ്ചയായിരിക്കും. കോവിഡ് 19 പ്രതിസന്ധി ഉണ്ടെങ്കിലും കുട്ടികളുടെ വിശ്വാസപരിശീലനം ഓൺലൈനായി ആരംഭിക്കുകയാണ്. പ്രവർത്തനവർഷാരംഭം സംബന്ധിച്ചുള്ള വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## 3. വിശ്വാസപരിശീലനം ഭവനങ്ങളിൽ

കോവിഡ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ റഗുലർ സൺഡേ സ്കൂൾ ക്ലാസ്സുകൾ സാധ്യമല്ലല്ലോ. എങ്കിലും കുട്ടികളുടെ വിശ്വാസവളർച്ചയ്ക്കും ജീവിതത്തിനും അനിവാര്യമായ വിശ്വാസപരിശീലനം തുടർന്നുപോകേണ്ടതുണ്ട്. കുടുംബമാണല്ലോ "പ്രഥമ വിശ്വാസപരിശീലന കളരി." റഗുലർ സൺഡേ സ്കൂൾ ക്ലാസ്സുകൾ തുടങ്ങുന്നതുവരെ കുടുംബങ്ങൾ കേന്ദ്രീകരിച്ച് ഈ വർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ നമുക്ക് ആരംഭിക്കാം. ജൂൺ 6 ഞായർ മുതൽ ക്ലാസ്സുകൾ ആരംഭിക്കണം. വിശദവിവരങ്ങൾ വാട്സ് ആപ്പ് ഗ്രൂപ്പ് വഴി പിന്നീട് അറിയിക്കുന്നതായിരിക്കും.

## 4. പ്രത്യേക നിർദ്ദേശങ്ങൾ

a. മെയ് 15-ന് മുമ്പായി പ്രൊമോഷൻ ലിസ്റ്റ് തയ്യാറാക്കി കുട്ടികളെ അറിയിക്കുക. സൺഡേ സ്കൂൾ നോട്ടീസ്ബോർഡിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുക.

b. ക്ലാസ്സദ്ധ്യാപകരും കുട്ടികളും മാത്രമുള്ള വാട്സ് ആപ്പ് ഗ്രൂപ്പ് മെയ് 16 ഞായറാഴ്ചയ്ക്കുള്ളിൽ ഉണ്ടാക്കുക. വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി നൽകുന്ന പഠനക്ലാസ്സുകൾ, അറിയിപ്പുകൾ മുതലായവ ഗ്രൂപ്പിലേക്ക് അയച്ചുകൊടുക്കുക.

c. എല്ലാ വിശ്വാസപരിശീലകർക്കും വാട്സ് ആപ്പ് ഗ്രൂപ്പുവഴി പഠനക്ലാസ്സുകളുടെ വീഡിയോയും മറ്റ് അറിയിപ്പുകളും നൽകുന്നതാണ്.

d. വിശ്വാസപരിശീലകരും കുട്ടികളും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ യുട്യൂബ്ചാനൽ (Catechesis Thalassery) സബ്സ്ക്രൈബ് ചെയ്യുക.

e. സർക്കാറിന്റെ നിർദ്ദേശമനുസരിച്ച് കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വി. കുർബാന, ക്ലാസ്സ്, മീറ്റിംഗുകൾ മുതലായവ ക്രമീകരിക്കുക.

f. ജൂൺ 6-ന് മുമ്പായി ഒന്നാം ക്ലാസ്സിലേക്കുള്ള അഡ്മിഷൻ നടത്തുക. (കുട്ടികളെ കൊണ്ടുവരേണ്ടതില്ല).

## 5. സ്റ്റാഫ് മീറ്റിംഗ്

സൺഡേ സ്കൂൾ പ്രവർത്തനവർഷാരംഭത്തിനുമുമ്പായി ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി ക്ലാസ്സ് ഫിക്സേഷൻ നടത്തി പുതിയ അദ്ധ്യയനവർഷത്തിൽ നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കണം. ക്ലാസ്സുകളെല്ലാം ഓൺലൈനായി തയ്യാറാക്കി നൽകുന്നതിനാൽ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഒരു വിശ്വാസപരിശീലകനെ/വിശ്വാസപരിശീലകയെ ഓൺലൈൻ ക്ലാസ്സുകളുടെ ഉത്തരവാദിത്വം ഏൽപ്പിക്കണം.

## 6. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ്

2021-2022 പ്രവർത്തനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് സാഹചര്യം അനുകൂലമായാൽ ജൂൺ 12 ശനിയാഴ്ച നടത്തുന്നതായിരിക്കും. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 7. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോനകമ്മിറ്റിയിലെ അംഗമാണ്. ജൂൺ മാസത്തിൽ കോവിഡ് 19 നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് ഫൊറോന കമ്മിറ്റി കൂടേണ്ടതാണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെങ്കിലും പുതുതായി തെരഞ്ഞെ

ടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ്, ഫോൺനമ്പർ മുതലായവ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 8. പാഠപുസ്തക വിതരണം

1 മുതൽ 12 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും ഉപപാഠപുസ്തകങ്ങളും മെയ് 24 മുതൽ ജൂൺ 5 വരെയുള്ള തീയതികളിൽ വിതരണം ചെയ്യുന്നതാണ്. കുട്ടികളുടെ പ്രൊമോഷൻ ലിസ്റ്റും ക്ലാസ്സ് ഫിക്സേഷനും പെട്ടെന്ന് തന്നെ പൂർത്തിയാക്കി കുട്ടികളെ നേരിൽ കണ്ടോ/ഫോൺ വിളിച്ചോ ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം ശേഖരിക്കേണ്ടതാണ്. ഓരോ ഇടവകയ്ക്കും ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം ബഹു. ഫൊറോന പ്രസിഡണ്ടിനെ അറിയിക്കണം. ഫൊറോന പ്രസിഡണ്ടും സെക്രട്ടറിയും ഓഫീസിൽ വന്ന് ഫൊറോനയ്ക്കാവശ്യമായ പുസ്തകങ്ങൾ കൊണ്ടുപോകേണ്ടതാണ്.

NB:കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഓരോ ഇടവകയ്ക്കും പ്രത്യേകമായി പാഠപുസ്തകങ്ങൾ ഓഫീസിൽ നിന്ന് നൽകുന്നതല്ല. നാലാം ക്ലാസ്സിലെ കുട്ടികളെ പ്രഥമദിവ്യകാരുണ്യസ്വീകരണത്തിന് സഹായിക്കുന്ന "ജീവന്റെ അപ്പം" എന്ന പുസ്തകവും അന്നേദിവസം വിതരണം ചെയ്യുന്നതാണ്.

## 9. പാഠപുസ്തകങ്ങളുടെ വില

ക്ലാസ്സ് I - IV : 30 രൂപ
ക്ലാസ്സ് V - XII: 35 രൂപ
ഇംഗ്ലീഷ് പുസ്തകങ്ങൾ: 45 രൂപ
ഉപപാഠപുസ്തകങ്ങളുടെ വില വാട്സ് ആപ്പ് ഗ്രൂപ്പ് വഴി പിന്നീട് അറിയിക്കുന്നതാണ്.

## 10. ASPCT – പഠനപുസ്തകം

വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി ഈ വർഷം പഠിക്കുവാൻ തയ്യാറാക്കിയിരിക്കുന്നത് ബഹു. മൈക്കിൾ കാരിമറ്റം അച്ചൻ രചിച്ച **"ദൈവം ദൈവപുത്രൻ ദൈവമാതാവ്"** എന്ന പുസ്തകമാണ്. 100 രൂപയാണ് പുസ്തകത്തിന്റെ വില. എല്ലാ വിശ്വാസപരിശീലകരും നിർബന്ധമായും ഈ പുസ്തകം പഠിക്കേണ്ടതാണ്. പുസ്തകം പാഠപുസ്തകങ്ങളോടൊപ്പം വിതരണം ചെയ്യുന്നതാണ്.

## 11. "സ്നേഹവീട്" ഭവന പദ്ധതി

വി. യൗസേപ്പിതാവിന്റെ വർഷാചരണത്തോടും അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിവർഷത്തോടും അനുബന്ധിച്ച് വിശ്വാസപരിശീലക കൂട്ടായ്മയിലെ പാവപ്പെട്ട അധ്യാപക

കുടുംബങ്ങൾക്ക് വീട് വച്ചുനൽകുന്ന കാര്യം തീരുമാനിച്ചിരുന്നല്ലോ. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവനപദ്ധതിയോട് സഹകരിച്ചാണ് ഈ ഭവനങ്ങളും പണിയുന്നത്. നമ്മൾ വിഭാവനം ചെയ്തിരിക്കുന്ന "സ്നേഹവീട്" ഭവന പദ്ധതി ദൈവജനത്തിന് വിശ്വാസപരിശീലകരായ നാം നൽകുന്ന വലിയ സാക്ഷ്യമായിരിക്കും. എല്ലാ ബഹു. വിശ്വാസപരിശീലകരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

a. **വിശ്വാസപരിശീലകരുടെ സംഭാവനകൾ:** മെയ് 15-നുള്ളിൽ ഓരോ സൺഡേസ്കൂളുകൾക്കും സ്നേഹവീട് ഭവന പദ്ധതിയിലേക്ക് എത്ര തുക നൽകാൻ സാധിക്കുമെന്ന് അറിയിക്കുമല്ലോ. മെയ് മാസം അവസാനിക്കുന്നതിനുമുൻപായി തുക ശേഖരിച്ച് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. ഗിരിദീപത്തിൽ സൺഡേ സ്കൂളുകൾ നൽകുന്ന തുക പ്രസിദ്ധീകരിക്കുന്നതാണ്.

b. **അപേക്ഷകൾ:** സ്നേഹവീട് ഭവന പദ്ധതിയിലേക്ക് പരിഗണിക്കേണ്ട അധ്യാപകകുടുംബം ഉണ്ടെങ്കിൽ അവർ അപേക്ഷ എഴുതി ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതാണ്. ഹെഡ്മാസ്റ്റർ ഒപ്പുവച്ച് ബഹു. വികാരിയച്ചന്റെ ശുപാർശ കത്തോടുകൂടി മെയ് 15-നുള്ളിൽ ഓഫീസിൽ കിട്ടത്തക്കവിധമായിരിക്കണം അയയ്ക്കേണ്ടത്. മെയ് 15-നുശേഷം കിട്ടുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

c. **സംഭാവന നൽകിയ സൺഡേ സ്കൂളുകൾ:** താഴെകൊടുത്തിരിക്കുന്ന സൺഡേ സ്കൂളുകൾ സ്നേഹവീട് ഭവനപദ്ധതിയിലേക്ക് സംഭാവന നൽകിയിട്ടുണ്ട്. സഹകരിച്ച എല്ലാ ബഹു. വിശ്വാസപരിശീലകർക്കും നന്ദി.

| | | | | | |
|---|---|---|---|---|---|
| നീലേശ്വരം | - 11000.00 | ചീക്കാട് | - 11000.00 | പെരുമ്പടവ് | - 10000.00 |
| എടപ്പുഴ | - 6000.00 | മുളപ്ര | - 7500.00 | കാസർഗോഡ് | - 10000.00 |
| പെരിങ്ങാല | - 3000.00 | മാവുംചാൽ | - 5000.00 | നാട്ടക്കൽ | - 3000.00 |
| പനത്തടി | - 16000.00 | പൂപ്പറമ്പ | - 5500.00 | തിരുമേനി | - 12000.00 |
| ജോസ്ഗിരി | - 5200.00 | വരക്കാട് | - 6500.00 | ചെറുപാറ | - 7500.00 |
| വെള്ളാട് | - 1000.00 | കിളിയന്തറ | -25000.00 | ചായോത്ത് | - 1000.00 |

## 12. ഡിപ്ലോമ പരീക്ഷാഫലം

XII-ാം ക്ലാസ്സിലെ കുട്ടികളുടെ ഡിപ്ലോമ പരീക്ഷാഫലം ഏപ്രിൽ 26-ന് മാർ ജോർജ് ഞറളക്കാട്ട് പിതാവ് പ്രഖ്യാപിച്ചു. റിസൾട്ട് **മെയ് 15-ന്** വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. പരീക്ഷാഫലം അറിയുവാനായി www.catechismthalassery.org എന്ന വെബ്സൈറ്റിൽ ഹെഡ്മാസ്റ്റർമാർക്ക് നല്കിയിരിക്കുന്ന user name & password ഉപയോഗിച്ച് ലോഗിൻ ചെയ്യുക. വെബ്സൈറ്റ് വഴി ലഭിക്കുന്ന മാർക്ക്ലിസ്റ്റ് ബഹു. വികാരിയച്ചന്റെയും ഹെഡ്മാസ്റ്ററിന്റെയും ഒപ്പോടുകൂടി പരസ്യപ്പെടുത്തേണ്ടതാണ്.

ഡിപ്ലോമ പരീക്ഷയിൽ ജയിക്കണമെങ്കിൽ ഒന്നാം ഗ്രൂപ്പിൽ **24** മാർക്കും രണ്ടാം ഗ്രൂപ്പിൽ **6** മാർക്കും മൂന്നാം ഗ്രൂപ്പിൽ **10** മാർക്കും ലഭിക്കണം (മൊത്തം 40 മാർക്ക്). മൂല്യനിർണ്ണയം സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ബഹു. വികാരിയച്ചന്റെ ഒപ്പോടുകൂടിയ അപേക്ഷ ഓഫീസിൽ മെയ് 30-നു മുമ്പ് എത്തിക്കേണ്ടതാണ്. കൂടാതെ 100 രൂപ ഫീസും അടക്കേണ്ടതാണ്. ഡിപ്ലോമ സർട്ടിഫിക്കറ്റ്/കോഴ്സ് സർട്ടിഫിക്കറ്റ് എന്നിവ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽ വിതരണം ചെയ്യുന്നതാണ്. കുട്ടികളുടെ പേര് വിവരങ്ങളിൽ എന്തെങ്കിലും തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ മെയ് 30-നുള്ളിൽ ഓഫീസിലറിയിച്ച് തിരുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ വിതരണത്തിനുശേഷം വരുന്ന തിരുത്തലുകൾക്കും പുതിയ സർട്ടിഫിക്കറ്റിനും 50 രൂപ ഓഫീസിൽ അടക്കേണ്ടതാണ്.

2020-2021 അധ്യയനവർഷത്തിലെ XII-ാം ക്ലാസിലെ ഡിപ്ലോമ പരീക്ഷാഫലം താഴെ ചേർക്കുന്നു.

**അതിരൂപതാ റാങ്ക് ലിസ്റ്റ് 2020 - 2021**

| | | | | |
|---|---|---|---|---|
| 1. | അൽഫോൻസ കാരന്താനം | തളിപ്പറമ്പ് | ഒന്നാം റാങ്ക് | 100 |
| 2. | മാത്യു കൈച്ചിറമറ്റത്തിൽ | കൊട്ടൂർവയൽ | രണ്ടാം റാങ്ക് | 98 |
| 3. | ആഗ്നസ് കൊടിയംകുന്നേൽ | പുറവയൽ | മൂന്നാം റാങ്ക് | 97 |
| 3. | ഡോൺബോസ്കോ വേങ്ങപ്പള്ളിൽ | മൈനർ സെമിനാരി തലശ്ശേരി | മൂന്നാം റാങ്ക് | 97 |

| | ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|---|
| 1. | ആൻമരിയ കച്ചിറയിൽ | മാമ്പൊയിൽ | ആലക്കോട് |
| 2. | മാത്യു കൈച്ചിറമറ്റത്തിൽ | കൊട്ടൂർവയൽ | ചെമ്പന്തൊട്ടി |
| 3. | മെർളിൻ കവളക്കാട്ട് | ചെമ്പേരി | ചെമ്പേരി |
| 4. | മേരി മാമ്പുഴയ്ക്കൽ | രാജഗിരി | ചെറുപുഴ |
| 5. | തോമസ് കദളിക്കുന്നേൽ | വെളിമാനം | എടൂർ |
| 6. | അന്ന ഷാരോൺ പുതുമന | കാലിച്ചാനടുക്കം | കാഞ്ഞങ്ങാട് |
| 7. | ട്രീസ പാണ്ടിയപ്പള്ളി | കച്ചേരിക്കടവ് | കുന്നോത്ത് |
| 8. | ഒലിവിയ സൂസൻ കണ്ണോത്ത് | ചെറുപാറ | മേരിഗിരി |
| 9. | ആഗ്നസ് കൊടിയംകുന്നേൽ | പുറവയൽ | നെല്ലിക്കാംപൊയിൽ |
| 10. | ജോസഫ് കുറുവത്താഴെ | മുത്താറിക്കുളം | പൈസക്കരി |
| 11. | അന്ന പുത്തൻപുരയ്ക്കൽ | പാണത്തൂർ | പനത്തടി |
| 12. | റോസ്മേരി വയൽപുരയിടത്തിൽ | കോളയാട് | പേരാവൂർ |
| 12. | ആൻമരിയ ചിറയ്ക്കൽകൂവോലിൽ | പേരാവൂർ | പേരാവൂർ |
| 13. | അൽഫോൻസ കാരന്താനം | തളിപ്പറമ്പ | തളിപ്പറമ്പ |
| 14. | അന്നക്കുട്ടി കൊല്ലക്കൊമ്പിൽ | തോമാപുരം | തോമാപുരം |
| 15. | റോസ്മരിയ തുരുത്തേൽ | അൽഫോൻസഗിരി | വായാട്ടുപറമ്പ് |
| 16. | മരിയ പുത്തൻപറമ്പിൽ | ബളാൽ | വെള്ളരിക്കുണ്ട് |

**പ്രോത്സാഹനസമ്മാനങ്ങൾ**

| | | | |
|---|---|---|---|
| 1. | ജോസഫ് മഞ്ഞക്കുന്നേൽ | മൈനർ സെമിനാരി | തളിപ്പറമ്പ് , തലശ്ശേരി |
| 2. | എലിസബത്ത് ഊർക്കുന്നേൽ | കുടിയാൻമല | ചെമ്പേരി |
| 3. | ബ്രിജിറ്റ് പുളിക്കപ്പടവിൽ | മാട്ടറ | നെല്ലിക്കാംപൊയിൽ |
| 4. | അന്നമ്മ പടന്നമാക്കൽ | ഉളിക്കൽ | നെല്ലിക്കാംപൊയിൽ |
| 5. | അലീന മരിയ പതിപ്പള്ളി | മണിപ്പാറ | നെല്ലിക്കാംപൊയിൽ |

**13. കുട്ടികൾക്കുള്ള ഓറിയന്റേഷൻ ക്ലാസ്സ്** : മുതിർന്ന ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള ഓറിയന്റേഷൻ ക്ലാസ്സുകൾ കോവിഡ് 19 നിയന്ത്രണങ്ങൾ അവസാനിച്ചതിനുശേഷം നടത്തുന്നതാണ്. ക്ലാസ്സ് നയിക്കുന്ന ടീം അംഗങ്ങൾ, തീയതി എന്നിവ പിന്നീട് അറിയിക്കുന്നതായിരിക്കും.

## 14. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കു വേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

## സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 75% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോ ളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരായിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. 7. അപേക്ഷകൾ മെയ് 15-നകം ഓഫീസിൽ ലഭിച്ചിരിക്കണം.

## 15. ജൂബിലി

മതാധ്യാപനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും** മെയ് 15-ന് മുൻപായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 16. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് വിശ്വാസപരിശീലന കേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ മെയ് 15-ന് മുൻപായി ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.

## 17. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്ക്

12 വർഷവും എല്ലാ ഞായറാഴ്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേ സ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ മെയ് 15-ന് മുൻപായി ഓഫീസിൽ എത്തിക്കുമല്ലോ.

## 18. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

ഈ വർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ, ഉപപാഠക്ലാസ്സുകൾ, വിശ്വാസോത്സവം, സെമിനാറുകൾ മുതലായവ ഓൺലൈൻ ആയാണല്ലോ സംപ്രേഷണം ചെയ്തത്. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് വലിയ സാമ്പത്തിക ചിലവുണ്ടെന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. ഒരു കുട്ടിയുടെ പക്കൽ നിന്നും **20 രൂപ** (സ്റ്റുഡന്റ്സ് ഫണ്ട് + ചോദ്യപേപ്പർ) പരമാവധി നേരത്തെ തന്നെ collect ചെയ്യുമല്ലോ. ഒപ്പംതന്നെ ഓഫീസിൽ അടയ്ക്കേണ്ട മറ്റു തുകകളും (പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ etc...) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. അടച്ചുസഹകരിച്ചവർക്ക് നന്ദി പറയുന്നു.

A/c Holder : Department of Catechesis
A/c No : 0078053000073503, IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 19. അഭിനന്ദനങ്ങൾ

വി. ഗീവർഗീസ് സഹദായയുടെ തിരുനാൾദിനത്തിൽ നമ്മുടെ അതിരൂപതയ്ക്കുവേണ്ടി 16 ബ്രദേഴ്സ് വൈദികവസ്ത്രം സ്വീകരിച്ചു. ബ്രദർ അരുൺ കുര്യളാനിക്കലും ബ്രദർ ജുബിൻ കണിപറമ്പിലും വിശ്വാസപരിശീലനകേന്ദ്രത്തിൽ റീജൻസി ചെയ്തവരാണ്. രണ്ടുപേർക്കും അഭിനന്ദനങ്ങൾ!!! ദൈവശാസ്ത്രപഠനത്തിനായി പോകുമ്പോൾ എല്ലാവിധ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

ചെറുപാറ സൺഡേസ്കൂൾ പ്രധാനാധ്യാപകൻ ശ്രീ. തോമസ് പാഴൂപറമ്പിൽ സാറിന്റെ മകൻ ബ്രദർ മാർട്ടിൻ, ചെടിക്കുളം സൺഡേസ്കൂൾ അദ്ധ്യാപിക ശ്രീമതി ബിനു അട്ടാറയ്ക്കലിന്റെ മകൻ ബ്രദർ ബോഡ്വിൻ, ചുള്ളി സൺഡേസ്കൂൾ അദ്ധ്യാപിക ശ്രീമതി ആനിയമ്മ കണിപറമ്പിലിന്റെ മകൻ ബ്രദർ ജുബിൻ എന്നിവരും വൈദികവസ്ത്രം സ്വീകരിച്ചു. വൈദികവസ്ത്രം സ്വീകരിച്ച 16 പേരിൽ 3 ബ്രദേഴ്സ് വിശ്വാസപരിശീലകരുടെ മക്കളാണെന്നതിൽ നമുക്ക് അഭിമാനിക്കാം. എല്ലാവർക്കും അഭിനന്ദനങ്ങൾ!!!

## 20. Catechisis Thalassery - മൊബൈൽ ആപ്പ്

വിശ്വാസപരിശീലനകേന്ദ്രം Catechisis Thalassery എന്ന പേരിൽ മൊബൈൽ ആപ്പ് ആരംഭിച്ചിരിക്കുന്നു. വിശ്വാസപരിശീലനക്ലാസ്സുകൾ എല്ലാ വരിലേയ്ക്കും എളുപ്പത്തിൽ എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ ആപ്ലിക്കേഷൻ ആരംഭിച്ചിരിക്കുന്നത്. വിശ്വാസപരിശീലകർക്കും മാതാ പിതാക്കൾക്കും കുട്ടികൾക്കും പ്ലേസ്റ്റോറിൽ നിന്നും ഈ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

വിശ്വാസപരിശീലനക്ലാസ്സുകൾ, ഉപപാഠക്ലാസ്സുകൾ, ബൈബിൾ നേഴ്സറി ക്ലാസ്സുകൾ പ്രഥമദിവ്യകാരുണ്യ സ്വീകരണ ക്ലാസ്സുകൾ, മാതാ പിതാക്കൾക്കും വിശ്വാസപരിശീലകർക്കും കുട്ടികൾക്കുമുള്ള ഓറിയന്റേഷൻ ക്ലാസ്സുകൾ എന്നിവയെല്ലാം ഈ ആപ്ലിക്കേഷൻവഴി കാണാൻ സാധിക്കും. കൂടാതെ, അതിരൂപതയുടെ വെബ്സൈറ്റ്, വിശ്വാസപരിശീലനകേന്ദ്രത്തിന്റെ വെബ്സൈറ്റ്, യൂട്യൂബ് ചാനൽ എന്നിവയിലേയ്ക്കെല്ലാം ഈ ആപ്ലിക്കേ ഷനിലൂടെ നേരിട്ടുപ്രവേശിക്കാൻ സാധിക്കും.

## 21. ദിയാക്കോണിയ

ഏപ്രിൽ - മെയ് മാസത്തിൽ കുട്ടികൾ ചെയ്യേണ്ട ദിയാക്കോണിയ കർമ്മപദ്ധതികൾ താഴെകൊടുക്കുന്നു.

### വിത്ത് സംഭരണം

1) **കരുതൽ:** വിത്തുകൾ ഭവനങ്ങളിൽനിന്നും കൃഷിഭവനിൽനിന്നും ശേഖരിക്കുക.
2) **കൈനിറച്ച്:** ശേഖരിച്ച വിത്തുകൾ എല്ലാ കുട്ടികളുടെയും ഭവനങ്ങളിൽ എത്തിക്കുക.
3) **ഗ്രീൻ ഇൻഡോർ ഗാർഡൻ:** എല്ലാ ഭവനങ്ങളിലും മൈക്രോഗ്രെയ്ൻ കൃഷിരീതി ഉപയോഗിച്ച് ചെറുപയർ, കടുക്, തുടങ്ങിയവ മുളപ്പിക്കുക.

സ്നേഹത്തോടെ,

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തോലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

ഇടവകകൾക്കുള്ള സബ്സിഡി ബൈബിളുകൾ വിതരണത്തിനു തയ്യാറായി ഓഫീസിൽ എത്തിയിട്ടുണ്ട്. 135 രൂപാ നിരക്കിൽ ഒരു ഇടവകയ്ക്ക് 10 സബ്സിഡി ബൈബിളുകളാണ് ലഭിയ്ക്കുന്നത്.

## തിയോളജി കോഴ്സുകളിലേക്കുള്ള രജിസ്ട്രേഷൻ

2021 വർഷത്തെ തിയോളജി പഠനപ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ മെയ് 1 മുതൽ ആരംഭിച്ചു.

## തിയോളജി കോഴ്സുകൾ

1. Diploma in Theology (6 Months)
2. Bachelors Degree in Theology (3 Years)
3. Masters Degree in Theology (2 Years)

## പ്രത്യേകതകൾ

- പഠിതാക്കൾക്ക് നിലവിലുള്ള പ്രവർത്തനങ്ങൾക്കും ജോലിക്കും ഒപ്പം പഠിക്കാവുന്ന രീതിയിലാണ് കോഴ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈവശാസ്ത്രകോഴ്സുകൾ ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ പഠിക്കാവുന്നതാണ്.
- രജിസ്റ്റർ ചെയ്യുന്ന മുഴുവൻ പഠിതാക്കൾക്കും ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ എല്ലാവിഷയങ്ങളുടെയും Printed Text Books ലഭിക്കുന്നതാണ്.
- കോവിഡ് വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സമൂഹ്യ അകലം പാലിക്കുക എന്നത് അത്യാവശ്യമായതിനാൽ ക്ലാസ്സുകൾ ഓൺലൈനായി നടത്തുന്നു. സാധാരണ ക്ലാസ്സുകളിലേതുപോലെതന്നെ വിദ്യാർത്ഥികൾക്ക് സംവദിക്കാനും സംശയനിവാരണം നടത്താനും കഴിയുന്ന തരത്തിൽ ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത് Zoom or Google Meet Platforms ലാണ്.
- തിയോളജി ക്ലാസ്സുകൾ അതതു വിഷയങ്ങളിൽ ഏറ്റവും പ്രഗത്ഭരായ ദൈവശാസ്ത്ര പണ്ഡിതർ നയിക്കുന്നതാണ്.

പ്രവേശനമാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. **Website: www.alphathalassery.org.** കൂടുതൽ വിവരങ്ങൾക്ക്: Email - alphits@gmail.com, Ph: 9745363277, 8086312826.

## ബഹു. വൈദികർക്കായുള്ള എം.റ്റി.എച്ച് പ്രോഗ്രാം ആരംഭിക്കുന്നു

ബഹു. വൈദികർക്കായുള്ള ദൈവശാസ്ത്ര ബിരുദാനന്തരബിരുദ കോഴ്സ് (MTh) ആരംഭിക്കുന്നു. നിലവിലുള്ള അജപാലന പ്രവർത്തനങ്ങളെ ബാധിക്കാത്തവിധം ഓൺലൈൻ വഴി കോഴ്സിൽ പങ്കെടുക്കാവുന്നതാണ്. താൽപര്യമുള്ളവർ ആൽഫാ ഓഫീസുമായി ബന്ധപ്പെടുമല്ലോ. ബിബ്ലിക്കൽ തിയോളജി, മോറൽ തിയോളജി എന്നീ ഡിസിപ്ലിനുകളിലാണ് കോഴ്സ് ഓഫർ ചെയ്യുന്നത്. 2021 ജൂൺ മുതൽ ക്ലാസ്സുകൾ ആരംഭിക്കുന്നു.

## തീസിസ് സമർപ്പണം മെയ് 5 വരെ

അവസാന വർഷ ബിരുദ, ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾ തീസിസ് മെയ് മാസം 5 ന് മുമ്പായി സമർപ്പിക്കേണ്ടതാണ്. മെയ് 5 ന് ശേഷം ലഭിക്കുന്ന തീസിസുകൾ ഈ വർഷത്തെ ബിരുദദാന ചടങ്ങിലേക്ക് പരിഗണിക്കുന്നതല്ല.

## എവൻഗേലിയ

പ്രശസ്ത ബൈബിൾ പണ്ഡിതനും ധ്യാനഗുരുവുമായ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ നടത്തുന്ന വചനപഠന ധ്യാനം 'എവൻഗേലിയ' 2021 ജൂൺ മുതൽ ആരംഭിക്കുന്നു. വി. ഗ്രന്ഥത്തെ ആഴമായി പഠിക്കാൻ ആഗ്രഹിക്കുന്ന വൈദികർ, സിസ്റ്റേഴ്സ്, മതാധ്യാപകർ, അത്മായ ധ്യാനശുശ്രൂഷകർ എന്നിവർക്ക് ഉപകരിക്കുംവിധമാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. 4 ദിവസം ദൈർഘ്യമുള്ള ധ്യാനത്തിൽ വി. ഗ്രന്ഥത്തിലെ ഓരോ പുസ്തകത്തെയും സവിശേഷമായും സമഗ്രമായും പഠനവിധേയമാക്കുന്നു. ഓരോ മാസത്തിലെയും അവസാന ആഴ്ചയായിരിക്കും ധ്യാനം നടത്തപ്പെടുന്നത്. 4 ദിവസത്തെ താമസിച്ചുള്ള ധ്യാനത്തിന്റെ ഫീസ് 800 രൂപയായിരിക്കും. തലശ്ശേരി സന്ദേശവനിൽവച്ചായിരിക്കും ധ്യാനം നടത്തപ്പെടുന്നത്. ഒരു ബാച്ചിൽ പരമാവധി 50 പേർക്കാണ് പ്രവേശനം ലഭിക്കുക. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 9745363277, 8086312826 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## ഹോമിലി റൈറ്റിംഗ് കോമ്പറ്റീഷൻ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ വൈദികർക്കായി സുവിശേഷ പ്രസംഗ രചനാ മത്സരം നടത്തുന്നു. വി. യോഹന്നാന്റെ സുവിശേഷം 2:13-22 (ദേവാലയ ശുദ്ധീകരണം) ഭാഗത്തെ അടിസ്ഥാനമാക്കിയായിരിക്കും പ്രസംഗരചനാ മത്സരം നടത്തുന്നത്. A4 സൈസ് പേപ്പറിൽ 3 പേജിൽ (Printed) കവിയാത്ത രീതിയിലായിരിക്കണം പ്രസംഗം തയ്യാറാക്കേണ്ടത്. വചനഭാഗത്തിന്റെ വ്യാഖ്യാനം, വിശകലനം, സമകാലിക സംഭവങ്ങളുമായുള്ള ബന്ധിപ്പിക്കൽ, ഭാഷാ ശൈലി എന്നിവയായിരിക്കും മത്സരത്തിൽ

പ്രത്യേകമായി പരിഗണിക്കുന്നത്. മലയാള ഭാഷയിലാണ് രചനകൾ അയയ്ക്കേണ്ടത്. പ്രായഭേദമന്യേ എല്ലാ വൈദികർക്കും പ്രസംഗ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

**രചനകൾ 2021 ജൂൺ 20 ന് മുമ്പായി** തലശ്ശേരി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിക്കേണ്ടതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ - 9745363277, 8086312826 എന്ന നമ്പറുകളിൽ മെസ്സേജ് അയച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഒന്നാം സമ്മാനം - 10000 രൂപ + ബൈബിൾ ശബ്ദകോശം
രണ്ടാം സമ്മാനം - 5000 രൂപ + ബൈബിൾ ശബ്ദകോശം

ആദ്യ 5 സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് പ്രത്യേക പ്രോത്സാഹന സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. 2021 ദുക്റാന തിരുനാളിൽ റിസൾട്ടു പ്രസിദ്ധീകരിക്കുന്നതാണ്.

## ലോഗോസ് ക്വിസ് പഠനസഹായി

2021 ഓഗസ്റ്റിൽ നടത്തുന്ന ലോഗോസ് ക്വിസ്മത്സരത്തിനുള്ള പഠനസഹായി ബൈബിൾ അപ്പസ്തൊലേറ്റ് ഓഫീസിൽ ലഭ്യമാണ്. ക്വിസിന് വരുന്ന വി. ഗ്രന്ഥഭാഗങ്ങളിൽ നിന്നുള്ള മൂവായിരത്തോളം ചോദ്യങ്ങളും മാതൃകാ ചോദ്യങ്ങളുമായി പ്രസാധനം ചെയ്യുന്ന പഠനസഹായി പരീക്ഷാർത്ഥികൾക്ക് വളരെ ഉപകാരപ്രദമായിരിക്കും. വിശദവിവരങ്ങൾക്കും ഓർഡർ നൽകുന്നതിനുമായി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓഫീസുമായി ബന്ധപ്പെടുക (ഫോൺ: 8086312826).

## ജർമ്മൻ ഭാഷാ പഠന ക്ലാസ്സ് (A1) ജൂൺ മാസത്തിൽ ആരംഭിക്കും

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ ലാഗ്വേജെസിന്റെ ആഭിമുഖ്യൽ നടത്തപ്പെടുന്ന ജർമ്മൻ ഭാഷാപഠന ക്ലാസ്സിന്റെ അടുത്ത ബാച്ച് (A1) ജൂൺ 1 മുതൽ ആരംഭിക്കുന്നു. ഒരു ബാച്ചിൽ പരമാവധി 25 പേർക്കു മാത്രമേ അഡ്മിഷൻ ലഭിക്കുകയുള്ളു. താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് നേരത്തെ സീറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ് (നമ്പർ: 9400062899).

സ്നേഹപൂർവ്വം,

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ,
ബൈബിൾ അപ്പൊസ്റ്റൊലേറ്റ്

**ഫാ. ടോം ഓലിക്കരോട്ട്**
എക്സിക്യൂട്ടീവ് ഡയറക്ടർ,
ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത

## FAMILY RENEWAL UNITS IN THALASSERY (FRUITS)

വീണ്ടും കോവിഡിന്റെ ശക്തമായ വ്യാപനത്തിൽ നാം ഭീതിയിലാണ്ടിരിക്കുകയാണ്. ദുരിതത്തിന്റെ കാലം കടന്ന് പോകുവാൻ നമുക്ക് കാത്തിരിക്കാം; കർത്താവിന്റെ കരുണക്ക് വേണ്ടി പ്രാർത്ഥിക്കാം. കുടുംബക്കൂട്ടായ്മകൾ വീണ്ടും സജീവമായി വരികയായിരുന്നു. അധികം വൈകാതെ എല്ലാം ശുഭമാകുവാനായി നമുക്ക് പ്രാർത്ഥിക്കാം.

### ബയോമൗണ്ടൻ കമ്പനി

കോവിഡിന്റെ രണ്ടാംവരവ് കമ്പനിയുടെ പ്രവർത്തനങ്ങളെ മന്ദഗതിയിലാക്കിയിട്ടുണ്ട്. നമ്മുടെ പ്രാഥമികദൗത്യം ഓരോ ഇടവകയിലും 25 പേർ അടങ്ങുന്ന ഒന്നോ രണ്ടോ ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ ഗ്രൂപ്പുകൾ ഉണ്ടാക്കുക എന്നതാണ്. ഇതിനെ ത്വരിതപ്പെടുത്തുവാൻ കമ്പനിയുടെ ഫീൽഡ് മാനേജർമാർ ഇടവകകൾ സന്ദർശിച്ചിരുന്നു. ഏകദേശം ഇരുപത്തഞ്ചോളം ഇടവകകളിൽ ഇത്തരം ഗ്രൂപ്പുകൾ രൂപീകരിച്ചു കഴിഞ്ഞു. ഈ ദിവസങ്ങളിൽ അമ്പത് ഇടവകകളിൽ ഗ്രൂപ്പുകൾ രൂപീകരിക്കാനുള്ള പരിശ്രമം നടന്ന് വരികയാണ്. വളരെ താല്പര്യത്തോടെ ബഹുമാനപ്പെട്ട വൈദികരും ഇടവക കോർഡിനേറ്റർമാരും ഇതിനായി പരിശ്രമിക്കുന്നതിൽ സന്തോഷവും നന്ദിയും അറിയിക്കുന്നു. മെയ് പകുതിക്ക് മുമ്പായി എല്ലാ ഇടവകകളിലും 25 പേർ അടങ്ങുന്ന ഒരു ഗ്രൂപ്പ് എങ്കിലും രൂപീകരിച്ച് തരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. ഇത്തരം ഒരു സംവിധാനം രൂപപ്പെട്ടാൽ മാത്രമേ വില്പന-വിതരണ പ്രവർത്തനങ്ങൾ സജീവമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

തേജസ്വിനി ഫാർമേഴ്സ് കമ്പനിയുമായി ചേർന്ന് ബയോമൗണ്ടൻ ഈ ദിവസങ്ങളിൽ ശുദ്ധമായ വെളിച്ചെണ്ണ മാർക്കറ്റിൽ എത്തിക്കുവാൻ ആഗ്രഹിക്കുകയാണ്. കർഷകരിൽനിന്ന് വില കൂട്ടി ശേഖരിക്കുന്ന തേങ്ങ കൃത്യമായി ഉണക്കി, യാതൊരു മായവുംചേർക്കാതെ നൂറുശതമാനം ശുദ്ധവും ആരോഗ്യപ്രദവുമായ വെളിച്ചെണ്ണയാക്കി വിപണിയിലെത്തിക്കുന്നതാണ്. ശുദ്ധമായ വെളിച്ചെണ്ണ കുടിക്കുന്നതും മൂക്കിൽ ഒഴിക്കുന്നതും കോവിഡ് പ്രതിരോധിയ്ക്കാൻ ശക്തമാണെന്ന് പുതിയപഠനങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടല്ലോ. ഇന്ന് മാർക്കറ്റിൽ ലഭിക്കുന്ന മിക്ക എണ്ണകളും മായം കലർന്നതാണ്. അതിനാൽ അവയ്ക്ക് വിലയും കുറവാണ്. പക്ഷേ ബയോമൗണ്ടന്റെ ഈ ദൗത്യം കർഷകർക്ക് കൂടുതൽ വില ലഭിക്കുന്നതിന് കാരണമാവുകയും ഏറ്റവും പരിശുദ്ധമായ വെളിച്ചെണ്ണ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും

സഹായിക്കും. വില അല്പം കൂടിയാലും ശ്രേഷ്ഠതയുള്ള ഈ വെളിച്ചെണ്ണ ജനത്തിന് സൗഖ്യദായകമാണ്. അത് കൂടുതൽ പേരിലേക്ക് എത്തിക്കുവാനുള്ള പരിശ്രമത്തിൽ എല്ലാവരുടെയും സഹകരണം തേടുന്നു.

എണ്ണയോടൊപ്പം സോപ്പും പിണ്ണാക്കും കറിപൗഡറുകളും മാർക്കറ്റിൽ എത്തിക്കുവാൻ പരിശ്രമിക്കുകയാണ്. ചെടികൾക്കും പച്ചക്കറികൾക്കും നാണ്യവിളകൾക്കും ആവശ്യമായ വളങ്ങൾ മഴക്കാലത്തിനുമുമ്പ് തന്നെ കർഷകർക്ക് ലഭ്യമാക്കുവാനും പരിശ്രമിക്കുന്നു. മെയ് പകുതിയോടെ വിപണിയിലേയ്ക്ക് എത്തിക്കാമെന്ന് പ്രത്യാശിക്കുന്നു. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുകയാണ്.

## നിക്ഷേപകരെ, സ്വാഗതം

വളരെ കൃത്യവും വ്യക്തവുമായ പ്ലാനോടുകൂടിയാണ് കമ്പനി ഓരോ ചുവടും വയ്ക്കുന്നത്. ഒന്നുമില്ലായ്മയിൽനിന്ന് മുന്നോട്ടു നീങ്ങുവാൻ വളരെ നല്ല മനുഷ്യരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാൻ ബഹുമാനപ്പെട്ട വൈദികരോടും അഭ്യർത്ഥിക്കുന്നു. കോവിഡിന്റെ വ്യാപനം കുറയുന്ന ഉടനെ തന്നെ കൂടുതൽ സജീവമാക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. നമുക്കൊന്നിച്ച് പരിശ്രമിക്കാം. നല്ലൊരു നാളേക്ക്.

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്



സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ചെറിയ ജീവിതചര്യകളെ വലിയ വിശ്വസ്തതയോടെ നിറവേറ്റിയ തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളും തന്റെ ചുരുങ്ങിയ ഇഹലോക ജീവിതത്തെ പുണ്യംകൊണ്ട് പൂവണിയിച്ച് ഈശോയുടെ ഹൃദയത്തിൽ സ്ഥാനം പിടിച്ച വി.ഡൊമിനിക് സാവിയോയുടെ തിരുനാളും നാം ആഘോഷിക്കുന്ന ഈ മാസത്തിൽ എല്ലാവർക്കും തിരുന്നാൾ മംഗളങ്ങൾ... ഒപ്പം സുകൃതങ്ങൾ അനുഷ്ഠിച്ചും പ്രാർത്ഥനകൾ ജപിച്ചും പരിശുദ്ധ അമ്മയുടെ വണക്കമാസം നമുക്ക് ആചരിക്കാം. കൂടാതെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ കുഞ്ഞുമിഷനറിമാരുടെ ജ്വലിക്കുന്ന പ്രേഷിത തീക്ഷ്ണതയും, നിങ്ങളുടെ അകമഴിഞ്ഞ പ്രവർത്തന സന്നദ്ധതയും, ആഴമായ ആത്മീയതയും, തളരാത്ത കാൽവെയ്പും നമ്മുടെ സംഘടനയുടെ വളർച്ചയ്ക്ക് കരുത്തായിരുന്നു എന്നു പറയുന്നതിൽ സംശയമില്ല. സ്നേഹമുള്ള കുഞ്ഞുമക്കളേ, “മിഷനെ അറിയാം...മിഷനറിയാകാം... മിഷൻലീഗിലൂടെ ...” എന്ന 2020 – 21 വർഷത്തെ ആപ്തവാക്യത്തെ നെഞ്ചോട് ചേർത്ത് വച്ച് കർമ്മവീഥികളിൽ കർമ്മധീരതയോടെ പ്രവർത്തിച്ച നിങ്ങൾക്കെല്ലാവർക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | വി. യൗസേപ്പിതാവ് |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : | വി. ഡൊമിനിക് സാവിയോ |
| പ്രാർത്ഥനാനിയോഗം | : | ബിജിനോർ, ന്യൂസിലാന്റ് മിഷനുകൾക്കുവേണ്ടി |
| സുകൃതം | : | 73 സ്വർഗ്ഗ, 73 നന്മ, 73 ത്രിത്വ ചൊല്ലുന്നു. |
| *ദിയാക്കോണിയ* | : | വിത്ത് സംഭരണം |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

01 ശനി : തൊഴിലാളിദിനം

06 വ്യാഴം : വി. ഡൊമിനിക് സാവിയോ

12 ബുധൻ : നേഴ്സസ് ദിനം

15 ശനി : കുടുംബ ദിനം

21 വ്യാഴം : തലശ്ശേരി അതിരൂപത പ്രഥമ പ്രസിഡന്റ് തോമസ് തോണിപ്പാറ സാറിന്റെ 6–ാം ചരമവാർഷികം

31 ഞായർ : പന്തക്കുസ്താ തിരുനാൾ

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, മേഖലാ ജൂനിയർ, സീനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്, ശാഖാ - മേഖലാ വാർഷിക റിപ്പോർട്ടുകൾ മേഖലയിൽ ശേഖരിക്കുന്നു. അതിരൂപതാ കൗൺസിൽ, വാർഷികം, അതിരൂപതാ മാനേജിംഗ് കമ്മറ്റി.

## 3. ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

2020 - 21 പ്രവർത്തന വർഷം അവസാനിക്കുന്നതിനാലും പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റം ഉള്ളതിനാലും മിഷൻലീഗിന്റെയും, തിരുബാലസഖ്യത്തിന്റെയും ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും എഴുതി പൂർത്തിയാക്കി വയ്ക്കണമെന്നും കുടിശ്ശികകൾ അടയ്ക്കാനുള്ളത് അടച്ച് തീർക്കണമെന്നും ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം ശാഖാ വാർഷിക റിപ്പോർട്ടിന്റെ 2 കോപ്പി ജൂൺ 5 ന് അവരവരുടെ മേഖലകളിൽ എത്തിക്കണമെന്നും മേഖലാ ടീം അവരുടെ നേതൃത്വത്തിൽ മേഖലകളുടെ കീഴിലുള്ള എല്ലാ ശാഖകളുടെയും വാർഷിക റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി അതിരൂപതയിൽ എത്തിക്കുകയും ചെയ്യുമല്ലോ. ഒരു ശാഖയും നേരിട്ട് വാർഷിക റിപ്പോർട്ടിന്റെ കോപ്പി അതിരൂപതയിലേയ്ക്ക് അയയ്ക്കേണ്ടതില്ല. വാർഷിക റിപ്പോർട്ടിന്റെ കോപ്പി മേഖലയ്ക്ക് കൊടുക്കുമ്പോൾ ശാഖാ ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേര്, ഒപ്പ് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. സീൽ ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് സീൽ വയ്ക്കണം എന്ന കാര്യം കൂടി ഓർമ്മിപ്പിക്കട്ടെ.

## 4. *ദിയാക്കോണിയ*

ഏപ്രിൽ - മെയ് മാസങ്ങളിൽ ശാഖാ തലത്തിൽ ചെയ്യേണ്ടവ:

**കരുതൽ** : വിത്തുകൾ ഭവനങ്ങളിൽ നിന്നും, കൃഷിഭവനിൽനിന്നും ശേഖരിക്കുക.

**കരം നിറച്ച്** : ശേഖരിച്ച വിത്തുകൾ എല്ലാ കുട്ടികളുടെയും ഭവനങ്ങളിൽ എത്തിക്കുക.

**ഗ്രീൻ ഇൻഡോർ ഗാർഡൻ** : എല്ലാ ഭവനങ്ങളിലും മൈക്രോഗ്രെയ്ൻ കൃഷി രീതി ഉപയോഗിച്ച് ചെറുപയർ, കടുക്, തുടങ്ങിയവ മുളപ്പിക്കുക.

## 5. മേഖല എക്സിക്യൂട്ടീവിന്റെ ശ്രദ്ധയ്ക്ക്

♦ 2020-21 വർഷത്തെ പ്രവർത്തനങ്ങളുടെ ശാഖാ വാർഷിക റിപ്പോർട്ടിന്റെ കോപ്പി ഒരു ശാഖയിൽ നിന്നും രണ്ടെണ്ണം വീതം മേഖലകളിൽ വാങ്ങിക്കുകയും മേഖലകളുടെ ഉത്തരവാദിത്വത്തിൽ റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി ജൂൺ രണ്ടാമത്തെ ആഴ്ചത്തന്നെ അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. റിപ്പോർട്ട് വാങ്ങിക്കുമ്പോൾ അവസാന പേജിൽ ചോദിച്ചിരിക്കുന്ന ഡയറക്ടർ പേര് ഒപ്പ്, പ്രസിഡന്റ് പേര് ഒപ്പ്, സെക്രട്ടറി പേര് ഒപ്പ്, തിയതി, സ്ഥലം, സീൽ എന്നിവ കൃത്യമായി എഴുതിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയ ശേഷം കൈപ്പറ്റുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

♦ മേഖലാ വാർഷിക റിപ്പോർട്ടിന്റെ ഫോം എല്ലാ മേഖലകളിലും ലഭിച്ചു എന്ന് കരുതുന്നു. പ്രസ്തുത ഫോം പൂരിപ്പിച്ച് ജൂൺ 10-ാം തിയതിക്ക് മുമ്പ് ശാഖാ - വാർഷിക റിപ്പോർട്ടുകൾ അതിരൂപതയിൽ എത്തിക്കുന്നതിന്റെ കൂടെ കൊണ്ടുവരണം എന്നകാര്യംകൂടി ഓർമ്മിപ്പിക്കട്ടെ.

♦ സാഹചര്യമനുസരിച്ച് അതിരൂപത ടീം മേഖലകൾ സന്ദർശിക്കുന്ന തായിരിക്കും എന്നകാര്യം ഓർമ്മിപ്പിക്കട്ടെ. എല്ലാവരും റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുമല്ലോ.

## 6. ശാഖാ ഇലക്ഷൻ

ചെറുപുഷ്പ മിഷൻലീഗിന്റെ 2021 - 2022 വർഷത്തേക്കുള്ള ശാഖാ ഭാര വാഹികളുടെ തിരഞ്ഞെടുപ്പ് നടത്തി ലിസ്റ്റ് അതിരൂപതാ ഓഫീസിൽ എത്തി ക്കുമല്ലോ. ശാഖാ ഭാരവാഹികളുടെ പേര് എഴുതി അതിരൂപതയിലേക്ക് തരാനു ള്ള ഫോം മേഖല വൈസ്ഡയറക്ടർ സിസ്റ്ററിനെ ഏൽപ്പിച്ചിട്ടുണ്ട്.

## 7. മേഖലാ ഇലക്ഷൻ

ചെറുപുഷ്പ മിഷൻലീഗിന്റെ 2021 - 2023 വർഷത്തേക്കുള്ള മേഖലാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് മെയ് മാസത്തിൽ നടത്തി ലിസ്റ്റ് ഓഫീ സിൽ എത്തിക്കുമല്ലോ. മേഖലാ ഇലക്ഷൻ അതിരൂപതാ ഭാരവാഹികളുടെ സാന്നിധ്യത്തിൽ ആണ് നടത്തേണ്ടത്. മേഖലാ ഇലക്ഷൻ നടത്തുന്ന തിയതി നേരത്തെതന്നെ അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

## 8. അതിരൂപത കൗൺസിലും - വാർഷികവും മാനേജിംഗ് കമ്മറ്റിയും

ഈ വർഷത്തെ അതിരൂപതാ കൗൺസിലും - വാർഷികവും, മാനേ ജിംഗ് കമ്മറ്റിയും മെയ് മാസം നടത്തപ്പെടുന്നതായിരിക്കും. സ്ഥലവും സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും.

## 9. നല്ലിടയൻ പദ്ധതി

നല്ലിടയൻ പദ്ധതിയുടെ ഭാഗമായി മൂന്നാം ഘട്ടം ആടിനെ നൽകാത്ത മേഖലകൾ നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

## 10. മിഷൻ പച്ചക്കറിത്തോട്ടം വിജയികൾ

മിഷൻലീഗിന്റെ നേതൃത്വത്തിൽ ശാഖകളിൽ നടത്തിയ മിഷൻ പച്ച ക്കറിത്തോട്ടം മത്സരത്തിൽ വിജയികളായവർ.

I മഞ്ഞളാംപുറം ശാഖ
II മണിപ്പാറ ശാഖ
III തയ്യേനി ശാഖ

**പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ:** കമ്പല്ലൂർ, വെമ്പുവ, പരി യാരം, ചട്ടമല, ജോസ്ഗിരി.

## 11. ശ്രീ ജയ്സൺ മർക്കോസ് പ്രേഷിത അവർഡ്

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഭാരവാഹിയായിരിക്കേ ആകസ്മികമായി മരണമടഞ്ഞ ശ്രീ ജയ്സൺ മർക്കോസ് പാലയൂർപൂവ്വത്തിങ്കൽ സാറിന്റെ സ്മരണാർത്ഥം ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന മേഖലാ പ്രസിഡന്റുമാർക്ക് ഏർപ്പെടുത്തിയിരിക്കുന്ന പ്രേഷിത അവാർഡിന് തോമാപുരം മേഖലാ പ്രസിഡന്റ് ശ്രീ. ഷിജോ സ്രായിൽ അർഹനായി. ഷിജോ സാറിന് അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ...

## 12. സംസ്ഥാന സന്ദർശനം

10.04.21 ശനിയാഴ്ച സംസ്ഥാന ഭാരവാഹികൾ അതിരൂപതാ ഓഫീസിലും , കുന്നോത്ത്, നെല്ലിക്കാംപോയിൽ, തോമാപുരം എന്നീ മേഖലകളിലും. വാണിയപ്പാറ, രാജമുടി എന്നീ ശാഖകളിലും സന്ദർശനം നടത്തുകയും 2019 - 20 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. സംസ്ഥാന പ്രസിഡന്റ് ശ്രീ ബിനു മാങ്കൂട്ടം, ദേശീയ എക്സിക്യൂട്ടീവ് അംഗം ശ്രീ ബെന്നി മുത്തനാട്ട്, മലബാർ റീജിയണൽ ഓർഗനൈസർ ശ്രീ ബേബി പ്ലാശ്ശേരി എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## 13. പരീക്ഷ ഒരുക്ക വെബിനാർ

05. 04. 2021 തിങ്കളാഴ്ച എസ് എസ് എൽ സി, പ്ലസ്ടു ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി Empower With God എന്നപേരിൽ പരീക്ഷ ഒരുക്ക വെബിനാർ നടത്തി. 130 കുട്ടികൾ പങ്കെടുത്തു. വെബിനാറിന് നേതൃത്വം കൊടുത്ത ഫാ. സാബു കുമ്പുക്കൽ അച്ചന് അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## 14. ക്ലാസ്സുകൾ

30. 03. 2021 ന് വായാട്ടുപറമ്പ് മേഖലയിലെ എം റ്റി സി കുട്ടികൾക്ക് സുനിൽ കല്ലിടുക്കിൽ സാർ ക്ലാസ്സ് എടുത്തു.

05. 04. 2021 ന് തളിപ്പറമ്പ് മേഖലയിലെ എം റ്റി സി കുട്ടികൾക്ക് ബേബി പ്ലാശ്ശേരി സാർ ക്ലാസ്സ് എടുത്തു.

## 15. ശാഖാസന്ദർശനങ്ങൾ

കുന്നോത്ത്, മാടത്തിൽ, എടക്കാനം, പയ്യന്നൂർ, പെരിങ്കരി, വാണിയപ്പാറ, നെല്ലിപ്പാറ, അങ്ങാടിക്കടവ്, രണ്ടാംകടവ്, ആനപ്പന്തി, മുടയരഞ്ഞി, ബാലേശുഗിരി, കുട്ടാപറമ്പ്, മണിക്കടവ്, ശാന്തിനഗർ, കാഞ്ഞിരക്കൊല്ലി, ഇരിട്ടി, ചൂരപ്പടവ്, ചീക്കാട് അരിവിളഞ്ഞപോയിൽ, അമ്മംകുളം തളിപ്പറമ്പ്, ഉദയഗിരി, പരപ്പ, മുത്താറിക്കുളം, ചുണ്ടപ്പറമ്പ്, വെമ്പുവ, ആടാംപാറ, പാടാൻകവല, മുണ്ടാനൂർ, വട്ടിയറ, ചെടിക്കുളം, വെളിമാനം, മാങ്ങോട്, എടപ്പുഴ, കരിക്കോട്ടക്കരി, ഉരുപ്പുംകുറ്റി, എടൂർ, പരിയാരം, മണക്കടവ്, ഏറ്റുപാറ, കണ്ണൂർ, മേലെചൊവ്വ, അറബി, കാലാങ്കി, മാട്ടറ, പുറവയൽ, നെല്ലിക്കാംപോയിൽ. കച്ചേരിക്കടവ്, പൈസക്കരി, പയ്യാവൂർ, മാവുഞ്ചാൽ, ജോസ്മൗണ്ട്,

ആലക്കോട്, കാഞ്ഞിരടുക്കം, ആര്യപ്പറമ്പ്, കൊളക്കാട്, രാജമുടി, കണിച്ചാർ, ചെങ്ങോം, നെടുംപുറംചാൽ, മണിപ്പാറ, വിളമന, ഉളിക്കൽ, ആനറ, തിരൂർ, തേർമല, തോമാപുരം, കണ്ണിവയൽ, പാലാവയൽ, ചാവറഗിരി, തയ്യേനി, ചട്ടമല, വരക്കാട്, കുന്നുംകൈ, കുളിനീർ, കടുമേനി, കമ്പല്ലൂർ, ആയന്നൂർ, പടന്നക്കാട്, പെരിയ, പൊയിനാച്ചി, കീഴ്പള്ളി എന്നീ ശാഖകൾ അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു.

## 15. എം റ്റി സി ക്യാമ്പ്

ഈ വർഷം അതിരൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന എം റ്റി സി ക്യാമ്പിനെക്കുറിച്ചുള്ള കുടുതൽ വിവരങ്ങൾ വാട്സ് ആപ്പ് വഴി പിന്നീട് അറിയിക്കുന്നതായിരിക്കും. മേഖലകളിൽ നിന്നും അതിരൂപതയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട എല്ലാ കൊച്ചുകൂട്ടുകാർക്കും മിഷനറി ട്രെയിംഗ് കോഴ്സിലേക്ക് ഹൃദ്യമായ സ്വാഗതം.

## 16. ആദരാഞ്ജലികൾ

മുൻ അതിരൂപതാ വൈസ് പ്രസിഡന്റ് മേരി കരിയിലക്കാവുങ്കലിന്റെ വത്സല പിതാവ് കുടിലിൽ കുഞ്ഞാഗസ്തി, തോമാപുരം മേഖല വൈസ്ഡയറക്ടർ സി. ടീനയുടെ വത്സലപിതാവ് നെടുതുരുത്തിയിൽ വർക്കി, അതിരൂപതാ ഓർഗനൈസിംഗ് ടീം അംഗമായ സി. ഹെലന്റെ വത്സലപിതാവ് നായിപുരയിടത്തിൽ ജോസഫ്, വരക്കാട് ശാഖയിലെ കുഞ്ഞുമിഷനറിമാരായ ശ്രാകത്തിൽ ആൽബിൻ, ബ്ലെസൽ എന്നിവരുടെ ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ലോകമെമ്പാടും കൊറോണ വൈറസ് ബാധ നിയന്ത്രണാതീതമായി പടരുമ്പോൾ രോഗബാധിതരായവർക്കുവേണ്ടിയും, ഇവരെ ശുശ്രൂഷിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ എന്നിവർക്കുവേണ്ടിയും ലോകം മുഴുവനുവേണ്ടിയും നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. അതോടൊപ്പം കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ കുഞ്ഞുകൂട്ടുകാരുടെ അകമഴിഞ്ഞ പ്രവർത്തന സന്നദ്ധതയും, ആഴമായ ആത്മീയതയും, തളരാത്ത കാൽവെയ്പും നമ്മുടെ തിരുബാലസഖ്യം സംഘടനയുടെ വളർച്ചയ്ക്ക് കരുത്തായിരുന്നു. പ്രിയപ്പെട്ട ആനിമേറ്റേഴ്സ്, കുഞ്ഞുമക്കളേ, തീക്ഷ്ണതയോടെ പ്രവർത്തിച്ച നിങ്ങൾക്കെല്ലാവർക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു...

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : വി.യൗസേപ്പിതാവ് |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. ഡൊമിനിക് സാവിയോ |
| പ്രാർത്ഥനാനിയോഗം | : തൊഴിലാളികൾക്കുവേണ്ടി |
| സുകൃതം | : എന്റെ അമ്മേ, എന്റെ ആശ്രയമേ |
| *ദിയാക്കോണിയ* | : വിത്ത് സംഭരണം |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

01 ശനി : തൊഴിലാളിദിനം

06 വ്യാഴം : വി. ഡൊമിനിക് സാവിയോ

12 ബുധൻ : നേഴ്സസ് ദിനം

15 ശനി : കുടുംബ ദിനം

31 ഞായർ : പന്തക്കുസ്താ തിരുനാൾ

## 2. *ദിയാക്കോണിയ*

ഏപ്രിൽ - മെയ് മാസങ്ങളിൽ ശാഖാ തലത്തിൽ ചെയ്യേണ്ടവ:

**കരുതൽ :** വിത്തുകൾ ഭവനങ്ങളിൽ നിന്നും, കൃഷിഭവനിൽനിന്നും ശേഖരിക്കുക.

**കരം നിറച്ച് :** ശേഖരിച്ച വിത്തുകൾ എല്ലാ കുട്ടികളുടെയും ഭവനങ്ങളിൽ എത്തിക്കുക.

**ഗ്രീൻ ഇൻഡോർ ഗാർഡൻ :** എല്ലാ ഭവനങ്ങളിലും മൈക്രോഗ്രെയ്ൻ കൃഷി രീതി ഉപയോഗിച്ച് ചെറുപയർ, കടുക്, തുടങ്ങിയവ മുളപ്പിക്കുക.

### 3. ഈശോയെപ്പോലെ വളരാം.... വലുതാകാം....Vol. 2

തിരുബാലസഖ്യം കുട്ടികൾക്കായി ഈശോയെപ്പോലെ വളരാം ... വലുതാകാം എന്ന വർക്ക് ബുക്കിന്റെ രണ്ടാം ഭാഗം തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഇപ്പോഴത്തെ സാഹചര്യങ്ങൾ മനസ്സിലാക്കി വിശ്വാസപരിശീലനം ആരംഭിക്കുമ്പോൾ 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വേദപാഠ പുസ്തകത്തിന്റെ കൂടെ ഈ വർക്കുബുക്കുകൂടി നൽകുവാൻ ബഹു. ആനിമേറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ബുക്കിന്റെ എണ്ണം വേദപാഠപുസ്തകങ്ങൾക്ക് ഓഡർ ചെയ്യുമ്പോൾ തന്നെ മിഷൻലീഗ് ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

### 4. എയ്ഞ്ചൽ ഫെസ്റ്റ്

അതിരൂപതാ തലത്തിൽ ഓൺലൈനിലൂടെ നടത്തിയ എയ്ഞ്ചൽ ഫെസ്റ്റിൽ (കലോത്സവം) പങ്കെടുത്ത എല്ലാ മേഖലകൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി. മത്സരത്തിന് കുട്ടികളെ ഒരുക്കുന്നതിന് അക്ഷീണം പ്രയത്നിച്ച മേഖാലാ ഭാരവാഹികളെയും, മതാധ്യാപകരെയും, മാതാപിതാക്കളെയും പങ്കെടുത്ത എല്ലാ കുഞ്ഞുമക്കളെയും നന്ദിയോടെ ഓർക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

> യുവജനങ്ങളെ നിങ്ങൾ അന്വേഷിക്കുന്ന സന്തോഷത്തിന്റെ പേരാണ് ക്രിസ്തു. കാരണം ക്രിസ്തുവിനു മാത്രമേ നിങ്ങളുടെ അഭിവാഞ്ചകളെ തൃപ്തിപ്പെടുത്താനാവൂ. (ബനഡികിട് പതിനാറാമൻ പാപ്പ)

പ്രിയപ്പെട്ട വികാരിയച്ചാ, ആനിമേറ്റേഴ്സ് യുവജനസുഹൃത്തുക്കളെ

കൊറോണ മഹാമാരിയുടെ ദുരന്തമുഖം വീണ്ടും തെളിയുകയണല്ലോ. സന്നദ്ധസേനയുടെ സേവനങ്ങൾ ആവശ്യമുള്ളിടത്തെല്ലാം കെസിവൈഎം യുവജനങ്ങൾ മുന്നിട്ടിറങ്ങുമല്ലോ. നമ്മുടെ കോവിഡ് പ്രതിരോധ സേന ഫൊറോന തലത്തിൽ നവീകരിച്ച് പ്രവർത്തനം ആരംഭിക്കുമല്ലോ.

## BUD 2k21 ( Bold Ur Dreams ) യുവജനസംഗമം

കെസിവൈഎം തലശ്ശേരി അതിരുപതയുടെ നേതൃത്വത്തിൽ യൂണിറ്റ്, ഫൊറോന തല പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഭാരവാഹികൾ തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 16 ഫൊറോനകളിലും BUD ( Bold Ur Dreams ) എന്ന പേരിൽ പ്രോഗ്രാം സംഘടിപ്പിക്കുന്നു.

## BUD ( Bold Ur Dreams ) ഉദ്ഘാടനം വെള്ളരിക്കുണ്ട് ഫൊറോന

BUD എന്ന പേരിൽ ക്രമീകരിച്ച പ്രോഗ്രാം ഉദ്ഘാടനം ചെയ്യപ്പെട്ടു. കോവിഡ് പ്രോട്ടോകോൾ പാലിച്ചു കൊണ്ടാണ് ഫൊറോന സെനറ്റ് അംഗങ്ങളുടെ യുവജന കൂട്ടായ്മ സംഘടിപ്പിച്ചത്. BUD ഉദ്ഘാടനം വെള്ളരിക്കുണ്ട് ഫൊറോനയുടെ ആതിഥേയത്വത്തിൽ ബളാൽ സെന്റ് ആന്റണീസ് ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. അതിരൂപത പ്രസിഡന്റ് വിപിൻ മാറുകാട്ടുകുന്നേൽ അദ്ധ്യക്ഷനായിരുന്നു. ബളാൽ പഞ്ചായത്ത് പ്രസിഡന്റ് രാജു കട്ടക്കയം ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. അതിരൂപതയുടെ BUD ഉദ്ഘാടനം ഏറ്റടുത്ത് എല്ലാ ക്രമീകരണങ്ങളും ചെയ്ത് മനോഹരമാക്കിയ വെള്ളരിക്കുണ്ട് ഫൊറോന ഡയറക്ടർ വിപിൻ അച്ചനും, പ്രസിഡന്റ് ബിബിനും, ഫൊറോന സമിതിക്കും, ബളാൽ യൂണിറ്റ് പ്രസിഡന്റ് അമലിനും സഹപ്രവർത്തകർക്കും സഹായിച്ച എല്ലാവർക്കും അതിരൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

## പ്രകൃതി സഹവാസ പഠന ക്യാമ്പ്

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ മാർച്ച്

19,20,21 തിയ്യതികളിലായി പ്രകൃതി സഹവാസ ക്യാമ്പ് വെയിൽ എന്ന പേരിൽ നടത്തപ്പെട്ടു. വെള്ളരിക്കുണ്ട് ഫൊറോനയിൽ ചുള്ളി യൂണിറ്റിൽ വച്ച് നടന്ന ക്യാമ്പിൽ 16 ഫൊറോനകളിൽ നിന്ന് 40 യുവജനങ്ങൾ പങ്കെടുത്തു. പ്രകൃതിയോട് കൂടുതൽ ഇണങ്ങി ചേരുന്നതിനും യുവജനങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ വർദ്ധിപ്പിക്കുന്നതിനും ക്യാമ്പ് സഹായകരമായിരുന്നു. ഗ്രൂപ്പ് ആക്റ്റിവിറ്റീസ്, ട്രക്കിങ്ങ്, ഗെയിംസ്, ക്യാമ്പ് ഫയർ എന്നിവ യുവജനങ്ങൾക്ക് കൂടുതൽ ആവേശം പർന്നു. ക്യാമ്പ് മനോഹരമാക്കാൻ പരിശ്രമിച്ച വെള്ളരിക്കുണ്ട് ഫൊറോന കെസിവൈഎം ഡയറക്ടർ വിപിനച്ചനും, പ്രസിഡന്റ് ബിബിൻ അറക്കലിന്റെ നേതത്വത്തിലുള്ള സമിതിക്കും ചുള്ളി യൂണിറ്റ് ഭാരവാഹികൾക്കും സഹായിച്ച എല്ലാ യുവജനങ്ങൾക്കും അതിരൂപതയുടെ നന്ദി.

## പതാക 2k21

കുന്നോത്ത് ഫൊറോനയുടെ അതിരൂപത സന്ദർശനം കുന്നോത്ത് യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. അതിരൂപത ഡയറക്ടർ ജിൻസച്ചൻ, പ്രസിഡന്റ് വിപിൻ, ജനറൽ സെക്രട്ടറി അമൽ രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. ഫൊറോനയുടെയും യൂണിറ്റുകളുടെയും കഴിഞ്ഞകാല പ്രവർത്തനങ്ങളെകുറിച്ച് വിലയിരുത്തി സംസാരിച്ചു. തുടർ പ്രവർത്തനങ്ങളെകുറിച്ച് ആലോചനകൾ നടത്തി. കുന്നോത്ത് ഫൊറോനയിൽ ആനിമേറ്ററായി സേവനം ചെയ്ത ശേഷം സ്ഥലം മാറി പോകുന്ന സി. ആൻസ് മരിയ എംഎസ്എംഐക്ക് യാത്രയയപ്പ് നൽകി. എല്ലാ ക്രമീകരണങ്ങളും ഒരുക്കി നേതൃത്വം വഹിച്ച കുന്നോത്ത് ഫൊറോന ഡയറക്ടർ ജോബി ചെരുവിലച്ചനും, പ്രസിഡന്റ് ടോമിനും, സമിതി അംഗങ്ങൾക്കും അതിരൂപതയുടെ നന്ദി.

## കാൽവരി യാത്ര

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിലുള്ള കുരിശുമല കയറ്റം വായാട്ടുപറമ്പ് ഫൊറോനയുടെ ആതിഥേയത്വത്തിൽ പാലക്കയം തട്ട് കുരിശടിയിലേക്ക് നടത്തി. വിവിധ യൂണിറ്റുകളിൽ നിന്നുമായി 200 യുവജനങ്ങൾ പങ്കെടുത്തു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് കുരിശടിയിൽ വച്ച് സമാപനാശിർവ്വാദവും സന്ദേശവും നൽകി. കുരിശിന്റെ വഴിക്ക് എല്ലാ ക്രമീകരണവും ചെയ്ത വായാട്ടുപറമ്പ് ഫൊറോന കെസിവൈഎം ഡയറക്ടർ ജിൻസ് അച്ചനും, പ്രസിഡന്റ് ജറാൾഡ് ജേക്കബ് മറ്റ് സമിതി അംഗങ്ങൾ, യുവജനങ്ങൾ എല്ലാവർക്കും നന്ദി.

## സംസ്ഥാന ഡയറക്ടർ സന്ദർശനം

കെസിവൈഎം സംസ്ഥാന ഡയറക്ടർ റവ. ഫാ. സ്റ്റീഫൻ ചാലക്കര തലശ്ശേരി കെസിവൈഎം ഓഫീസ് സന്ദർശിച്ചു. അതിരൂപത സമിതിയുമായി കൂടികാഴ്ച നടത്തുകയും കഴിഞ്ഞ കാലപ്രവർത്തനങ്ങളെ വിലയിരുത്തി

അഭിനന്ദിക്കുകയും തുടർപ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകൾ നേരുകയും ചെയ്തു. സംസ്ഥാന സമിതിക്ക് തലശ്ശേരി അതിരൂപത നൽകുന്ന എല്ലാ പിന്തുണക്കും നന്ദിപറഞ്ഞ് പിതാക്കൻമാരെ സന്ദർശിച്ച് യാത്ര തിരിച്ചു.

## സാമുദായിക വിശ്വാസ ശാക്തീകരണം (Resource Team Formation)

യുവജനങ്ങളിലും കുട്ടികളിലും കത്തോലിക്ക സാമുദായിക അവബോധവും വിശ്വാസ ശാക്തീകരണവും ലക്ഷ്യമാക്കി ഒരു റിസോഴ്സ് ടീമിനെ രൂപപ്പെടുത്തി. കെസിവൈഎം, മതബോധനകേന്ദ്രം, മിഷ്യൻലിഗ് തുടങ്ങിയ സംഘടനകൾ ചേർന്ന് സെമിനാർ സംഘടിപ്പിച്ചു. ഫാ. നോബിൽ പാറയ്ക്കൽ, ഫാ. മെൽബിൻ വെള്ളക്കാക്കുടിയിൽ, തുടങ്ങിയവർ ക്ലാസ്സെടുത്തു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയുകയും ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. വൈദീകർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ്, അൽമായർ എല്ലാവരുമായി 150 ഓളം പേർ പങ്കെടുത്തു. ഫാ. തോമസ് വാളിപ്ലാക്കൽ സ്വാഗതവും, ഫാ ജേക്കബ് വെണ്ണായിപ്പള്ളി ആമുഖ പ്രഭാഷണവും, ഫാ. ജോസഫ് വടക്കേപറമ്പിൽ ആശംസയും, സി. പ്രീതി മരിയ നന്ദിയും പറഞ്ഞു.

## ഇന്തോനേഷ്യൻ ക്രൈസ്തവ സമൂഹത്തിന് ഐക്യദാർഢ്യം

ഓശാന ഞായറാഴ്ച മക്കാസറിലെ തിരുഹൃദയ ദേവാലയത്തിൽ നടത്തിയ ചാവേർ ആക്രമണത്തെ ശക്തമായി അപലപിച്ച് കെസിവൈഎം തലശ്ശേരി.

### സന്യാസിനിമാർക്കെതിരായ ആക്രമണം പ്രതിഷേധാർഹം കെസിവൈഎം

ഉത്തര പ്രദേശിൽ സന്യസ്ഥരെ ട്രയിനിൽ വച്ച് ആക്രമിച്ചതിനെതിരെ തലശ്ശേരി അതിരൂപത കെസിവൈഎം പ്രതിഷേധം രേഖപ്പെടുത്തി. തോമാപുരം ഫൊറോനയുടെ നേതൃത്വത്തിൽ ആയന്നൂർ പള്ളിയിൽ വച്ച് കത്തിച്ച തിരി ഉയർത്തിപിടിച്ച് സന്യസ്ഥർക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചു.

## യുവജനങ്ങൾക്കായി കുരിശിന്റെ വഴി

ചെറുപുഴ ഫൊറോനയുടെ നേതൃത്വത്തിൽ കൊട്ടത്തലച്ചി മലയിലേക്കും, തോമാപുരം ഫൊറോനയുടെ നേതൃത്വത്തിൽ പാലാവയലിലും കുരിശിന്റെ വഴി നടത്തി.

## സയനോര 2k21 യുവജന കൺവൻഷൻ

തളിപ്പറമ്പ് : ദു:ഖശനിയാഴ്ച തളിപ്പറമ്പിൽ വച്ച് യുവജനസംഗമം നടത്തി. രൂപത ഡയറക്ടർ ജിൻസ്, ഫൊറോന ഡയറക്ടർ ഫാ. വിപിൻ തുടങ്ങിയവർ ക്ലാസ്സെടുത്തു.

## Google pay ചലഞ്ച്

അപകടത്തിൽപെട്ട് ചികിൽസയിലായിരിക്കുന്ന കെസിവൈഎം യുവാവിന് സാമ്പത്തീക സഹായമായി ഗൂഗിൾ പെ ചലഞ്ച് നടത്തി. ഇരുപതിനായിരത്തോളം രൂപ സമാഹരിച്ച് നൽകി.

## ലൗ ജിഹാദ് ദുരന്തവശങ്ങൾ

പുലിക്കുരുമ്പയിൽ വച്ച് നടന്ന ലൗ ജിഹാദിന്റെ ദുരന്ത വശങ്ങളെ കുറിച്ചുള്ള സെമിനാറിൽ ഫാ. നോബിൽ പാറക്കൽ ക്ലാസ്സെടുത്തു. അതിരൂപത ഡയറക്ടർ ഫാ. ജിൻസ്, ഫൊറോന ഡയറക്ടർ ഫാ. നോബിൾ ഓണംകുളം എന്നിവർ സന്നിഹിതരായിരുന്നു. നൂറോളം യുവജനങ്ങൾ പങ്കെടുത്തു.

## പെനുവേൽ 2k21

എസ്എംവൈഎം ഗ്ലോബലിന്റെ നേതൃത്വത്തിൽ മൂന്ന് ദിവസങ്ങളിലായി യുവജനങ്ങൾക്കായി ഓൺലൈൻ ധ്യാനം (പെനുവേൽ) സംഘടിപ്പിച്ചു. ധ്യാനദിനങ്ങളിൽ മാർ ജോസഫ് പംപ്ലാനി, മാർ തോമസ് തറയിൽ, മാർ ജോസ് പുളിക്കൽ തുടങ്ങിയ പിതാക്കൻമാർ വചന സന്ദേശം നൽകി. നമ്മുടെ രൂപതയിൽ നിന്നും ധാരാളം യുവജനങ്ങൾ പങ്കെടുത്തു.

## വിവാഹ ആശംസകൾ

വിവാഹജീവിതത്തിലേക്ക് പ്രവേശിച്ച കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപത സെക്രട്ടറി  സനീഷ് പാറയിൽ വധു ഡോ. അർച്ചന നിങ്ങൾക്ക് അതിരൂപത യുവജന കുടുംബത്തിന്റെ വിവാഹ മംഗളാശംസകൾ.

## ആദരാജ്ഞലികൾ

മേരിഗിരി ഫൊറോന ആനിമേറ്റർ സിസ്റ്റർ ഹെലൻ എഫ്സിസി യുടെ അപ്പച്ചന്റെ വിയോഗത്തിൽ ദു:ഖാർത്തരായ കുടുംബാംഗങ്ങൾക്ക് കെസിവൈഎം അതിരൂപതാ സമിതിയുടെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. തോമസ് വാളിപ്ലാക്കൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## I)1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

885 എം.പി.സി ഓൺലൈൻ കോഴ്സ് ഏപ്രിൽ 8 – 9 തീയ്യതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 204 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അഭിവന്ദ്യപിതാക്കന്മാർ അവർക്കായി സന്ദേശം നൽകി സംസാരിച്ചു. അവസാനദിവസം മാതാപിതാക്കൾക്കായുള്ള ക്ലാസും നടന്നു.

| 2. Online MPC Live Classes | |
|---|---|
| MPC 2021 | |
| May | 21 - 22 (Friday, Saturday) |
| June | 18 - 19 (Friday, Saturday) |

2021 ജൂൺ മാസം വരെ എം.പി.സി ഓൺലൈനിൽ നടത്തുന്നതാണ്. ഓൺലൈൻ ക്ലാസുകൾ എല്ലാം ലൈവായി നടക്കുന്നതാണ്. രണ്ട് ദിവസത്തെ ക്ലാസുകൾ മുഴുവൻ സമയവും പങ്കെടുക്കുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

1. **Time Schedule :**
   **എം.പി.സി ഓൺലൈൻ ഒന്നാം ദിവസം : 08.00 am – 07.30 pm**
   **രണ്ടാം ദിവസം : 08.00 am – 06.00 pm**
2. ഓൺലൈൻ എം.പി.സി രജിസ്ട്രേഷൻ നടത്തുന്നതിനായി www.familytly.com എന്ന വെബ്സൈറ്റ് തുറന്ന് Date തിരഞ്ഞെടുത്ത് അപേക്ഷാഫോം പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക.
3. വികാരിയച്ചന്മാരുടെ കത്ത്, രജിസ്ട്രേഷൻ ഫീസ് റസിപ്റ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ, എന്നിവ അപേക്ഷാഫോമിനോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.
4. രജിസ്ട്രേഷൻ ഫീസ് Rs/600 അടക്കാനുള്ള Bank Details
   A/c No : 0078053000073775,
   Name : Director, Family Apostolate,
   IFSC Code : SIBL0000078,
   South Indian Bank, Thalassery Branch

5. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയവർ കാൻസലേഷൻ നടത്തുവാനോ, കോഴ്സ് ഡേറ്റിൽ മാറ്റം വരുത്തുവാനോ ആഗ്രഹിക്കുവെങ്കിൽ കോഴ്സ് ആരംഭിക്കുന്നതിനു മൂന്ന് ദിവസം മുമ്പെങ്കിലും ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. Ph: 0490 2966974, 9400206974
6. സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി അയച്ചുകൊടുക്കുന്നതാണ്. ആവശ്യമുള്ളവർക്ക് ഓഫീസിൽ നേരിട്ട് വന്ന് സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്.
7. ഇടവകാ ഗ്രൂപ്പുകളിൽ ഓൺലൈൻ എം.പി.സി രജിസ്ട്രേഷന്റെ വെബ്സൈറ്റും ഡേറ്റുകളും പ്രസിദ്ധീകരിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.
8. **ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിന് രണ്ട് ദിവസം മുമ്പ് രജിസ്ട്രേഷൻ ക്ലോസ് ആകുന്നതാണ്.**

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ :- www.anugrahamarry.com

സീറോമലബാർ സഭയുടെ എല്ലാ രൂപതകളുടെയും മാര്യേജ് ബ്യൂറോകളുടെ ലിങ്ക് ലഭിക്കുന്നു. പണമടച്ച് രജിസ്റ്റർ ചെയ്യുന്നവരുടെ പേരും, ഫോട്ടോയും ദീപിക പത്രത്തിൽ സൗജന്യമായി പരസ്യം നൽകുന്നു.

## III. മാതൃവേദി

1. **തൂവാനീസ നിയോഗം -** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് മദ്യത്തിനും മറ്റ് ദുശ്ശീലങ്ങൾക്കും അടിമപ്പെടുന്നവർക്ക് അതിൽ നിന്നും മോചനം നേടുന്നതിനുവേണ്ടി പ്രാർത്ഥിക്കാം.
2. **യൂണിറ്റ്തല പ്രവർത്തനം** - ഈ മാസത്തെ യൂണിറ്റുതല പ്രവർത്തനം - ഉന്നതവിജയികളെ അനുമോദിക്കുക
3. **ദിയാക്കോണിയപ്രവർത്തനം** - ഈ മാസത്തെ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ദിയാക്കോണിയ പ്രവർത്തനങ്ങൾ : കൃഷിയിടം ഒരുക്കൽ, ചക്ക മഹോത്സവം

### 4. ജ്വാല - പനത്തടി

തലശ്ശേരി അതിരൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ പനത്തടി ഫൊറോനയിലെ മാതൃവേദി ഭാരവാഹികൾക്കായുള്ള വനിതാ ശാക്തീകരണ സെമിനാർ ജ്വാല 2021 മാർച്ച് 23-ാം തീയ്യതി ചൊവ്വാഴ്ച പനത്തടി സെന്റ് ജോസഫ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. പനത്തടി മേഖലാ ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരി സ്വാഗതമാശംസിച്ച ചടങ്ങിൽ മേഖലാ പ്രസിഡണ്ട് ശ്രീമതി മേരിക്കുട്ടി തോപ്പുകാലായിൽ അദ്ധ്യക്ഷത വഹിച്ചു. പനത്തടി മേഖലാ വികാരി റവ.ഫാ.തോമസ് പട്ടാംകുളം സംഗമം ഉദ്ഘാടനം ചെയ്തു. തലശ്ശേരി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാ

സ്റ്റ്യൻ ഇട്ടിയപ്പാറ അനുഗ്രഹപ്രഭാഷണം നടത്തി. അതിരൂപതാ ആനിമേറ്റർ സി.പൗളിൻ സി.എച്ച്.എഫ്, റീജന്റ് ബ്രദർ അമൽ പൂക്കുളത്തേൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ശേഷം സ്ത്രീ സുരക്ഷാ നിയമങ്ങളെക്കുറിച്ച് അഡ്വ.റെന്നി ജോസ് ക്ലാസ് നയിച്ചു. മേഖലാ ആനിമേറ്റർ ഏവർക്കും നന്ദി അർപ്പിച്ചു.

**5. ജ്വാല - ചെറുപുഴ**

തലശ്ശേരി അതിരൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ചെറുപുഴ ഫൊറോനയിലെ മാതൃവേദി ഭാരവാഹികൾക്കായുള്ള വനിതാ ശാക്തീകരണ സെമിനാർ ജ്വാല 2021 മാർച്ച് 27-ാം തീയ്യതി ചൊവ്വാഴ്ച പുളിങ്ങോം സെന്റ് മേരീസ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ചെറുപുഴ മേഖാലാ ഡയറക്ടർ ഫാ. ജോൺ കൂവപ്പാറയിൽ സ്വാഗതമാശംസിച്ച ചടങ്ങിൽ മേഖലാ പ്രസിഡണ്ട് ശ്രീമതി ജെസ്സി ജെയിംസ് കൊടിമറ്റം അദ്ധ്യക്ഷത വഹിച്ചു. പുളിങ്ങോം ഇടവക വികാരി ഫാ.ഇമ്മാനുവൽ പൂവത്തിങ്കൽ സംഗമം ഉദ്ഘാടനം ചെയ്തു. തലശ്ശേരി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അനുഗ്രഹപ്രഭാഷണം നടത്തി. അതിരൂപതാ ആനിമേറ്റർ സി.പൗളിൻ സി.എച്ച്.എഫ്, റീജന്റ് ബ്രദർ അമൽ പൂക്കുളത്തേൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ശേഷം സ്ത്രീ സുരക്ഷാ നിയമങ്ങളെക്കുറിച്ച് അഡ്വ.റെന്നി ജോസ് ക്ലാസ് നയിച്ചു. മേഖലാ ആനിമേറ്റർ സി.ലിയ മരിയ എസ്.എ.ബി.എസ് ഏവർക്കും നന്ദി അർപ്പിച്ചു.

**6. ജ്വാല - തോമാപുരം**

തലശ്ശേരി അതിരൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ തോമാപുരം ഫൊറോനയിലെ മാതൃവേദി ഭാരവാഹികൾക്കായുള്ള വനിതാ ശാക്തീകരണ സെമിനാർ ജ്വാല 2021 മാർച്ച് 27-ാം തീയ്യതി ഉച്ചകഴിഞ്ഞ് 2 മണിക്ക് കാവുന്തല സെന്റ് ജോസഫ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. തോമാപുരം മേഖാലാ ഡയറക്ടർ ഫാ.ജോമിറ്റ് മഞ്ഞളാംകുന്നേൽ സ്വാഗതമാശംസിച്ച ചടങ്ങിൽ മേഖലാ പ്രസിഡണ്ട് ശ്രീമതി ജിജി തച്ചാറുകുടിയിൽ അദ്ധ്യക്ഷത വഹിച്ചു. തോമാപുരം ഫൊറോന വികാരി ഫാ. മാർട്ടിൻ കിഴക്കേത്തലയ്ക്കൽ സംഗമം ഉദ്ഘാടനം ചെയ്തു. തലശ്ശേരി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അനുഗ്രഹപ്രഭാഷണം നടത്തി. അതിരൂപതാ ആനിമേറ്റർ സി.പൗളിൻ സി. എച്ച്. എഫ്, റീജന്റ് ബ്രദർ അമൽ പൂക്കുളത്തേൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ശേഷം സ്ത്രീ സുരക്ഷാ നിയമങ്ങളെക്കുറിച്ച് അഡ്വ.റെന്നി ജോസ് ക്ലാസ് നയിച്ചു. മേഖലാ ആനിമേറ്റർ സി. ഡോണ എസ്.ഡി ഏവർക്കും നന്ദി അർപ്പിച്ചു.

**7. ജ്വാല - മേരിഗിരി**

തലശ്ശേരി അതിരൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ മേരിഗിരി

ഫൊറോനയിലെ മാതൃവേദി ഭാരവാഹികൾക്കായുള്ള വനിതാ ശാക്തീകരണ സെമിനാർ ജ്വാല 2021 ഏപ്രിൽ 17-ാം തീയ്യതി ശനിയാഴ്ച ചെറുപാറ ഇടവകയിൽ വച്ച് നടത്തപ്പെട്ടു. തലശ്ശേരി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ സംഗമം ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡണ്ട് ശ്രീമതി ജിജി പെരുമ്പുഴക്കടവിൽ അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പൊടിമറ്റം, മേഖലാ ഡയറക്ടർ ഫാ. ജോബി നിരപ്പേൽ, അതിരൂപതാ ആനിമേറ്റർ സി. പൗളിൻ സി.എച്ച്.എഫ്, സി. എൽസി സി.എം.സി, ബ്രദർ അരുൺ അയിലൂക്കുന്നേൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ശേഷം സ്ത്രീ സുരക്ഷാ നിയമങ്ങളെക്കുറിച്ച് അഡ്വ. റെന്നി ജോസ് ക്ലാസ് നയിച്ചു.

## 8. അറിയിപ്പുകൾ

- മാതൃവേദി പ്രസംഗ മത്സരത്തിനുള്ള വീഡിയോകൾ അതിരൂപതാ മത്സരത്തിന് അയക്കേണ്ടതാണ്.
  മെയ് 4, ചൊവ്വ - 10am - 4pm
  വാട്ട്സ് ആപ്പ് ടെലിഗ്രം - 9400206974
  ഗൂഗിൾ ഡ്രൈവ് - family.anugraha@gmail.com
  We share link - 9400206974

- ഓരോ മേഖലയിൽനിന്നും തെരഞ്ഞെടുക്കുന്നവരുടെ പേര് വിവരങ്ങൾ (പേര്, വീട്ടുപേര്, ഇടവക, ID നമ്പർ) മേഖലാ ഡയറക്ടർ അല്ലെങ്കിൽ മേഖലാ പ്രസിഡന്റ് ഒപ്പിട്ട് അതിരൂപതാ ഡയറക്ടറുടെ നമ്പറിലേക്ക് മെയ് 3നകം അയയ്ക്കണ്ടേതാണ്.

  നമ്പർ: 9497261989

- മാതൃവേദിയുടെ 2020 - 21 പ്രവർത്തന വർഷം അവസാനിക്കുന്നത് 2021 മെയ് മാസത്തോടെയാണ്. അതിരൂപതാതല വിലയിരുത്തലിനായി യൂണിറ്റ്, മേഖലാതല റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടത് 2020 ജനുവരി മുതൽ 2021 മെയ് 15 വരെയുള്ള പ്രവർത്തനങ്ങളാണ്.

- വിലയിരുത്തലിനായി തന്നിരിക്കുന്ന റിപ്പോർട്ടു ഫോം പൂരിപ്പിച്ച് അതിരൂപതാ ഓഫീസിൽ എത്തിക്കുകയോ, 2021 മെയ് 25ന് മുമ്പായി റീജിയണൽ സെന്ററുകളിൽ എത്തിക്കുകയോ ചെയ്യുക. മേഖലാതലത്തിൽ ശേഖരിച്ച് എത്തിക്കേണ്ട റീജിയണൽ സെന്ററുകൾ ചെമ്പേരി, പടന്നക്കാട്, ഇരിട്ടി

- റിപ്പോർട്ട് ഫോമിൽ രേഖപ്പെടുത്തിയതിനു പുറമേയുള്ള പ്രവർത്തന കാര്യങ്ങൾ വേറെ പേപ്പറിൽ എഴുതി റിപ്പോർട്ട് ഫോമിനൊപ്പം വയ്ക്കേണ്ടതാണ്. പ്രവർത്തനങ്ങളുടെ ഫോട്ടോ ആൽബം തയ്യാറാക്കിയവർക്ക് അതും റിപ്പോർട്ടിനൊപ്പം സമർപ്പിക്കാവുന്നതാണ്. മേഖല, യൂണിറ്റ്

ഡയറക്ടർമാരുടെ ഒപ്പും സീലും ഇല്ലാത്ത റിപ്പോർട്ടുകൾ പരിഗണിക്കുന്നതല്ല.

- ജൂൺ മാസം മുതൽ പുതിയ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ മേഖലകളും യൂണിറ്റുകളും ശ്രദ്ധിക്കുക

## 9. അഭിനന്ദനങ്ങൾ

അഭിഷേകത്തിൽ ജ്വലിക്കാൻ എന്ന പേരിലുള്ള പ്രാർത്ഥനാ പുസ്തകം പ്രചരിപ്പിക്കുവാൻ സഹകരിച്ച എല്ലാ മാതൃവേദി അംഗങ്ങൾക്കും അഭിനന്ദനങ്ങൾ. ആകെ 2500 ഓളം പ്രാർത്ഥനാ പുസ്തകങ്ങൾ വിതരണം ചെയ്തു.

## 10. നന്ദി ...

തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ റീജന്റ് ബ്രദറായി കഴിഞ്ഞ ആറ് മാസക്കാലം സുത്യർഹമായ സേവനമനുഷ്ഠിച്ചതിനു ശേഷം ഉപരിപഠനത്തിനായി പോകുന്ന ബ്രദർ ആമൽ പൂക്കുളത്തേലിന് ഫാമിലി അപ്പൊസ്റ്റൊലേറ്റ് കുടുംബാംഗങ്ങളുടെ പ്രാർത്ഥനാശംസകളും നന്ദിയുമർപ്പിക്കുന്നു.

## 11. സ്വാഗതം ...

ഫാമിലി അപ്പൊസ്റ്റൊലേറ്റിലേക്ക് പുതിയ റീജന്റ് ബ്രദറായി കടന്നുവന്നിരിക്കുന്ന ബ്രദർ അരുൺ അയിലൂക്കുന്നേലിന് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# വിമൽജ്യോതി വാർത്തകൾ

**എൻജിനീയറിംഗ് - മെഡിക്കൽ എൻട്രൻസ് ഓൺലൈൻ ക്രാഷ് കോഴ്സ്**

**B.Tech, M.Tech, MBA Admission 2021-22**

ചെമ്പേരി വിമൽ ജ്യോതിയിൽ അടുത്ത വർഷത്തെ അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. NRI ക്വാട്ടയിൽ ഇപ്പോൾത്തന്നെ സീറ്റുകൾ ലഭ്യമാണ്. നിങ്ങൾക്ക് ഇഷ്ടമുള്ള ബ്രാഞ്ചിൽ മുൻകൂട്ടി സീറ്റുകൾ ബുക്ക് ചെയ്യുവാൻ സൗകര്യമുണ്ട്.
കൂടുതൽ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക : 8281750777, 9400062919, 9400062918, 0460 2212240, 2213399

**എൻജിനീയറിംഗ് - മെഡിക്കൽ എൻട്രൻസ് ഓൺലൈൻ ക്രാഷ് കോഴ്സ്**

കേരള എൻജിനീയറിംഗ് - മെഡിക്കൽ പ്രവേശനപരീക്ഷകൾ **(KEAM - NEET - JEE)** 2021 ജൂൺ മാസത്തിൽ നടക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വർഷം **KEAM / NEET** പരീക്ഷകൾ എഴുതാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള എൻട്രൻസ് ക്രാഷ് കോച്ചിംഗ് ക്യാമ്പുകൾ **മാർച്ച് 1 മുതൽ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജും സാൻജോസ് അക്കാഡമിയും** സംയുക്തമായി ആരംഭിച്ചു. കോവിഡ് 19-ന്റെ പ്രത്യേക സാഹചര്യത്തിൽ ഓൺലൈനിലാണ് പരിശീലനം. പ്ലസ്ടു പരീക്ഷയ്ക്കുവേണ്ടിയുള്ള പരിശീലനങ്ങൾ മാർച്ച് ആദ്യവാരം ആരംഭിച്ചു. **മെയ് 8 മുതൽ എൻട്രൻസ് ഓറിയന്റഡ് കോച്ചിംഗ് ക്യാമ്പുകൾ ആരംഭിക്കുന്നു.** ഇതിനുവേണ്ടിയുള്ള രജിസ്ട്രേഷൻ ഫീ : 2000/- രൂപ. ക്ലാസ്സുകൾക്കൊപ്പം സ്റ്റഡി മെറ്റീരിയലുകളും നൽകുന്നതാണ്.

കേരള എൻജിനീയറിംഗ് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന KEAM പരീക്ഷ എഴുതി യോഗ്യത നേടുന്നവർക്കാണ് കേരളത്തിലെ എൻജിനീയറിംഗ് കോളേജുകളിൽ അഡ്മിഷൻ ലഭിക്കുക. പ്ലസ്ടു - ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് മാർക്കും, KEAMന് ലഭിക്കുന്ന സ്കോറും ചേർത്ത് തയ്യാറാക്കുന്ന റാങ്ക്ലിസ്റ്റ് അനുസരിച്ചാണ് പ്രവേശനം നൽകുന്നത്. പ്ലസ്ടു പരീക്ഷയിൽ ഉയർന്ന മാർക്ക് നേടുന്നതോടൊപ്പം എൻട്രൻസ് പരീക്ഷയിൽ ഉയർന്ന സ്കോർ നേടുന്നത് വിമൽ ജ്യോതിയിൽ ഇഷ്ടപ്പെട്ട ബ്രാഞ്ചിൽ അഡ്മിഷൻ ലഭിക്കുന്നതിന് സഹായകമാണ്.

എൻട്രൻസ് പരിശീലന മേഖലയിൽ നിരവധി വർഷത്തെ പരിചയസമ്പത്തുള്ള പ്രഗത്ഭരായ അദ്ധ്യാപകരാണ് ക്ലാസ്സുകൾ നയിക്കുന്നത്. കോഴ്സിൽ പങ്കെടുക്കുവാൻ ആഗ്രഹമുള്ള കുട്ടികളെ വിവരം അറിയിക്കണമെന്ന് പ്രത്യേകം താൽപ്പര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് : 8281750777, 9400062918, 9400062919, 9447683082

**പ്ലേസ്മെന്റ് വാർത്തകൾ**

- കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന EDUTECH കമ്പനിയായ LAZIM SOFTWARE മാർച്ച് 20-ാം തീയതി വിമൽ ജ്യോതിയിൽവച്ച് നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ 8 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.
- പ്രമുഖ സോഫ്റ്റ്വെയർ ഡെവലപ്മെന്റ് കമ്പനിയായ ZOHO നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ പ്രതിവർഷം 6,50,000 രൂപ ശമ്പളവാഗ്ദാനത്തോടെ 3 കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.
- ട്രെയിനിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖ കമ്പനിയായ FACE PREP മാർച്ച് 22-ാം തീയതി വിമൽ ജ്യോതിയിലെ വിദ്യാർത്ഥികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തി. വിവിധ ബ്രാഞ്ചുകളിൽ നിന്നായി 7 വിദ്യാർത്ഥികൾക്ക് പ്രതിമാസം 25000 രൂപ ശമ്പളവാഗ്ദാനത്തോടെ ജോലി ലഭിച്ചു.
- കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന സോഫ്റ്റ്വെയർ കമ്പനിയായ MITSOGO INC. വിമൽ ജ്യോതിയിലെ വിദ്യാർത്ഥികൾക്കുവേണ്ടി ഏപ്രിൽ 13ന് റിക്രൂട്ട്മെന്റ് സംഘടിപ്പിച്ചു. ആദ്യ റൗണ്ട് ടെസ്റ്റിൽനിന്നും 25 വിദ്യാർത്ഥികളെ അവസാനവട്ട ടെസ്റ്റിനായ തിരഞ്ഞെടുത്തു. ഈ മാസം അവസാനത്തോടെ റിക്രൂട്ട്മെന്റ് നടപടികൾ പൂർത്തിയാകുമെന്ന് കരുതപ്പെടുന്നു.

## ജൂബിലി സ്മാരക സ്നേഹവീട്

തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്തായും വിമൽ ജ്യോതി സ്ഥാപനങ്ങളുടെ രക്ഷാധികാരിയുമായ അഭിവന്ദ്യ മാർ. ജോർജ്ജ് ഞരളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി സ്മാരകമായി ഏറ്റുപാറയിൽ ഒരു സ്നേഹവീട് നിർമ്മിച്ചു. ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ്, വിമൽ ജ്യോതി എം.ബി.എ കോളേജ്, ജർമ്മൻ ഭാഷാപഠന വിഭാഗം എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ നിർമ്മാണ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിച്ചു. ജൂബിലേറിയനായ അഭിവന്ദ്യ പിതാവ് വീടിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. വിമൽ ജ്യോതി വിദ്യാർത്ഥികളുടെ സാമൂഹ്യ പ്രതിബദ്ധതയും, മനുഷ്യസ്നേഹവുമാണ് ഏറ്റുപാറയിലെ സ്നേഹവീടെന്ന നേർസാക്ഷ്യത്തിനു പിന്നിൽ. ഏറ്റുപാറ ഇടവക വികാരി റവ.ഫാ.ജോസ് മുണ്ടക്കൽ, വിമൽ ജ്യോതിയിലെ ബഹുമാനപ്പെട്ട വൈദീകർ, സ്റ്റാഫ് അംഗങ്ങൾ, വിദ്യാർത്ഥികൾ, അയൽക്കാർ എന്നിവരുടെ പ്രോത്സാഹനവും ഭവന നിർമ്മാണത്തിന് സഹായകമായി.

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ : 8281750777, 8281730777

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com


സാൻജോസ് അക്കാഡമിയിൽ നിന്നും സ്നേഹാശംസകൾ. മെയ്, ജൂൺ മാസങ്ങൾ ഇന്ത്യയിലെ വിവിധ കലാലയങ്ങളിലെ വിവിധ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷകൾ നടക്കുന്ന സമയമാണല്ലോ. ഇത്തരം പരീക്ഷകൾക്കുവേണ്ടി ഒരുങ്ങാനുള്ള അവസരമാണിപ്പോൾ. സാൻജോസ് അക്കാഡമിയിൽ വിവിധ പരിശീലനങ്ങൾ മെയ്, ജൂൺ മാസങ്ങളിൽ നടത്തപ്പെടുന്നുണ്ട്. നമ്മുടെ കുട്ടികളെ ഇത്തരം പരീക്ഷകളെപ്പറ്റി ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അറിയിക്കുമല്ലോ. 2021 മെയ് – ജൂൺ മാസങ്ങളിലെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

## 1. German Language Coaching

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ജർമ്മൻ ഭാഷാ പരിശീലനം ആരംഭിച്ചിരിക്കുന്നു. ഏപ്രിൽ 12-ന് പ്രൗഢഗംഭീരമായ ചടങ്ങിൽവച്ച് വിമൽ ജ്യോതി മാനേജർ വെരി. റവ. ഫാ.ജെയിംസ് ചെല്ലങ്കോട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. A1 കോഴ്സിന്റെ പുതിയ ബാച്ചാണ് ആരംഭിച്ചത്. ജർമ്മനി. ഓസ്ട്രിയ തുടങ്ങിയ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കുമായി പോകുന്നവർക്ക് ഈ കോഴ്സ് പ്രയോജനപ്രദമാണ്. എല്ലാ തിങ്കളാഴ്ച്ചകളിലും പുതിയ ബാച്ചുകൾ ആരംഭിക്കത്തക്ക വിധത്തിലാണ് ക്ലാസ്സുകൾ ക്രമപ്പെടുത്തിയിരിക്കുന്നത്. ഓൺലൈനായി പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സാൻജോസ് അക്കാദമി ഓഫീസുമായി ബന്ധപ്പെടുക.

## 2. IELTS / OET

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് കേന്ദ്രീകരിച്ച് വളരെ വിശാലമായ തോതിലുള്ള IELTS / OET പരിശീലന പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. നമ്മുടെ അതിരൂപതക്ക് അകത്തുനിന്നും പുറത്തുനിന്നുമുള്ള നിരവധി വിദ്യാർത്ഥികൾ പഠിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിലെ പ്രഗത്ഭ IELTS പരിശീലകരുടെ ഒരു ടീം അക്കാഡമിയോടൊപ്പമുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങളോടെ പഠിക്കുവാനുള്ള സൗകര്യമാണ് വിമൽ ജ്യോതിയിലുള്ളത്. IELTS / OET പരീക്ഷകൾ പാസ്സാകുന്നവർക്ക് ജോലി സംബന്ധമായ സഹായ സഹകരണങ്ങൾ അക്കാഡമി ചെയ്തുകൊടുക്കുന്നതാണ്. ഉപരിപഠനത്തിനായി പോകുന്നവർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. കൂടുതൽ വിവര

ങ്ങൾക്ക് : 8281 750 777, 8281 730 777. നമ്മുടെ ദൈവാലയങ്ങളിൽ ഇതിനെ സംബന്ധിച്ചുള്ള ഒരു അറിയിപ്പ് നൽകിയാൽ ഉപകാരമായിരുന്നു.

## 3. K-TET Coaching

2021 ജൂൺ മാസത്തിൽ നടക്കാനിരിക്കുന്ന K-TET പരീക്ഷയ്ക്ക് ഒരുക്കമായുള്ള പരിശീലനങ്ങൾ ഓൺലൈനായി ആരംഭിച്ചു. കാറ്റഗറി I & II നുവേണ്ടിയുള്ള പരിശീലനമാണ് നടത്തപ്പെടുന്നത്. അടുത്ത ബാച്ച് മെയ് ആദ്യവാരം ആരംഭിക്കുന്നതാണ്. ഇനിയും ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. കോഴ്സ് ഫീസ് 5000/- രൂപ. 125 മണിക്കൂറുകൾ നീണ്ടുനില്ക്കുന്ന പരിശീലനമാണ് നൽകുന്നത്.

## 4. സാൻജോസ് ഓൺലൈൻ എൻട്രൻസ് കോച്ചിംഗ്

തലശ്ശേരി സാൻജോസ് മെട്രോപോളിറ്റൻ സ്കൂൾ കേന്ദ്രീകരിച്ച് പ്ലസ് വൺ, പ്ലസ് ടു കുട്ടികൾക്ക് വേണ്ടിയുള്ള എൻട്രൻസ് പരിശീലനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

## 5. പ്ലസ് വൺ / പ്ലസ് ടു എൻട്രൻസ് - ട്യൂഷൻ

2021-22 വർഷത്തിൽ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള എൻട്രൻസ് ട്യൂഷൻ പരിശീലനങ്ങൾ മെയ് 1-ാം തീയതി മുതൽ ആരംഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**6. എൻജിനീയറിംഗ് - മെഡിക്കൽ എൻട്രൻസ് ഓൺലൈൻ ക്രാഷ് കോഴ്സ്**

കേരള എൻജിനീയറിംഗ് - മെഡിക്കൽ പ്രവേശനപരീക്ഷകൾ **(KEAM - NEET - JEE)** 2021 ജൂൺ മാസത്തിൽ നടക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വർഷം **KEAM / NEET** പരീക്ഷകൾ എഴുതാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള എൻട്രൻസ് ക്രാഷ് കോച്ചിംഗ് ക്യാമ്പുകൾ **മാർച്ച് 1 മുതൽ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജും സാൻജോസ് അക്കാഡമിയും** സംയുക്തമായി ആരംഭിച്ചു. കോവിഡ് 19-ന്റെ പ്രത്യേക സാഹചര്യത്തിൽ ഓൺലൈനിലാണ് പരിശീലനം. പ്ലസ്ടു പരീക്ഷയ്ക്കുവേണ്ടിയുള്ള പരിശീലനങ്ങൾ മാർച്ച് ആദ്യവാരം ആരംഭിച്ചു. **മെയ് 8 മുതൽ എൻട്രൻസ് ഓറിയന്റഡ് കോച്ചിംഗ് ക്യാമ്പുകൾ ആരംഭിക്കുന്നു**. ഇതിനുവേണ്ടിയുള്ള രജിസ്ട്രേഷൻ ഫീ : 2000/- രൂപ. ക്ലാസ്സുകൾക്കൊപ്പം സ്റ്റഡി മെറ്റീരിയലുകളും നൽകുന്നതാണ്.

കേരള എൻജിനീയറിംഗ് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന KEAM പരീക്ഷ എഴുതി യോഗ്യത നേടുന്നവർക്കാണ് കേരളത്തിലെ എൻജിനീയറിംഗ് കോളേജുകളിൽ അഡ്മിഷൻ ലഭിക്കുക. പ്ലസ്ടു - ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് മാർക്കും, KEAMന് ലഭിക്കുന്ന സ്കോറും ചേർത്ത് തയ്യാറാക്കുന്ന റാങ്ക്ലിസ്റ്റ് അനുസരിച്ചാണ് പ്രവേശനം നൽകുന്നത്. പ്ലസ്ടു പരീക്ഷയിൽ ഉയർന്ന മാർക്ക് നേടുന്നതോടൊപ്പം എൻട്രൻസ് പരീക്ഷയിൽ ഉയർന്ന സ്കോർ നേടുന്നത് വിമൽ ജ്യോതിയിൽ ഇഷ്ടപ്പെട്ട

ബ്രാഞ്ചിൽ അഡ്മിഷൻ ലഭിക്കുന്നതിന് സഹായകമാണ്. എൻട്രൻസ് പരിശീലന മേഖലയിൽ നിരവധി വർഷത്തെ പരിചയസമ്പത്തുള്ള പ്രഗത്ഭരായ അദ്ധ്യാപകരാണ് ക്ലാസ്സുകൾ നയിക്കുന്നത്. കോഴ്സിൽ പങ്കെടുക്കുവാൻ ആഗ്രഹമുള്ള കുട്ടികളെ വിവരം അറിയിക്കണമെന്ന് പ്രത്യേകം താൽപ്പര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് : 8281750777, 9400062918, 9400062919, 9447683082

**7.** ഗവൺമെന്റ് മേഖലയിലെ വിവിധ ജോലികൾക്കുള്ള PSC / UPSC പരീക്ഷകൾക്കുവേണ്ടിയുള്ള പരിശീലനങ്ങൾ സാൻജോസ് അക്കാഡമിയിൽ ഓൺലൈനായി ആരംഭിക്കുകയാണ്. ഇതിനാവശ്യമായ മൊബൈൽ ആപ്ലിക്കേഷൻ ഡെവലപ്പ് ചെയ്ത് കഴിഞ്ഞിരിക്കുന്നു. 2500 രൂപ ഫീസിൽ 2 വർഷത്തേയ്ക്ക് വിദ്യാർത്ഥികൾക്ക് പരിശീലനം നടത്താവുന്നതാണ്. കുറഞ്ഞ ചിലവിൽ നമ്മുടെ രൂപതയിലുള്ള യുവജനങ്ങൾക്ക് പരിശീലനം ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കെ.സി.വൈ.എം അതിരൂപതയുടെ നേതൃത്വത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് 1999 രൂപ ഫീസ് അടച്ചാൽ മതിയാകും. വിശദാംശങ്ങൾക്ക് കെ.സി.വൈ.എം ഓഫീസിൽ ബന്ധപ്പെടുക. ഫോൺ: 9400062918

സ്നേഹാശംസകളോടെ,

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# നിർമലഗിരി വാർത്തകൾ

കോവിഡിന്റെ രണ്ടാം വരവ് ശക്തമായ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശത്തെത്തുടർന്ന് ക്ലാസുകളെല്ലാം വീണ്ടും ഓൺലൈനിലേക്ക് മാറിയ മാസമാണ് കടന്നുപോയത്. ഐക്യുഎസിയുടെ നിർദ്ദേശപ്രകാരം കോളജ് ഏറ്റടുത്ത കണ്ണവത്തെ പെരുവകോളനിയിൽ ബിഎസ്എൻഎല്ലുമായി സഹകരിച്ച് ഹൈസ്പ്പീഡ് ഒപ്റ്റിക്കൽ ഫൈബർ നെറ്റുവർക്ക് സ്ഥാപിക്കാൻ ധാരണയായി. ഇതിന്റെ മുഴുവൻ ചെലവും കോളജ് അലുമിനി സംഘടനയായ നിർമലഗിരി കോളജ് ദി എവർഗ്രീൻ വഹിക്കാനും തയാറായി. ചെലവുവരുന്ന ഏകദേശം 1.6 ലക്ഷം രൂപ ഇതിലേക്കായി സംഘടന സ്വരൂപിച്ചുകഴിഞ്ഞു.

ഏപ്രിൽ18 ന് നിർമലഗിരി പൂർവ്വവിദ്യാർത്ഥി കൂട്ടായ്മയായ നിർലഗിരി ദി എവർഗ്രീൻ കോളജ് വിദ്യാർത്ഥികളുമായി ചേർന്ന് ഈസ്റ്റർ, ഈദ്, വിഷു ആഘോഷം സംഘടിപ്പിച്ചു. ഓൺലൈൻആയാണ് പരിപാടി സംഘടിപ്പിച്ചത്. കോളജ് മനേജരും തലശേരി അതിരൂപതാ സഹായമെത്രാനുമായ മാർ. ജോസഫ് പാംബ്ളാനി കലാസന്ധ്യ ഉദ്ഘാടനംചെയ്തു. പ്രൻസിപ്പൽ ഡോ.കെവി ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ചു.

23 ന് ലോക പുസ്കദിനത്തോടനുബന്ധിച്ച് നിർമലഗിരി കോളേജ് എൻഎസ് എസ് യൂണിറ്റ് ഓറിയന്റേഷൻ പ്രോഗ്രാം നടത്തി. കോവിഡ് കാലവും പുത്തൻ വായനാശീലവും എന്ന വിഷയത്തിൽ പ്രശസ്ത സാഹിത്യകാരൻ ഡോ.ടി.കെ അനിൽകുമാർ ക്ലാസ് നയിച്ചു. പ്രോഗ്രാം ഓഫീസർ ഡോ.ദീപാമോൾ മാത്യു മോഡറേറ്ററായി. എൻഎസ്എസ് വോളണ്ടിയർ ക്രിസ്റ്റി റെജി, മാളവിക കെസി, ജോസ്ന മേരി ജോർജ്ജ് എന്നിവർ സംസാരിച്ചു.

23 ന് ഫിസിക്കൽ എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ രണ്ടാംവർഷ ബിരുദ വിദ്യാർത്ഥികൾക്കായി ഫസ്റ്റ്എയിഡിൽ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഉദ്ഘാടനം കോളജ് മനേജരും തലശേരി അതിരൂപതാ സഹായമെത്രാനുമായ മാർ. ജോസഫ് പാംപ്ലാനി നിർവഹിച്ചു. പ്രിൻസിപ്പൽ ഡോ.കെവി ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ചു. ഇന്റർനാഷണൽ ഫസ്റ്റ് എയിഡ് ട്രെയിനർ ഷിബു ബി. ക്ലാസ് എടുത്തു. ബർസാർ ഫാ. ഷാജി തെക്കേമുറി, ഐക്യൂഎസി കോഓർഡിനേറ്റർ ഡോ. സാബു സെബാസ്റ്റിയൻ എന്നിവർ സംസാരിച്ചു. വകുപ്പധ്യക്ഷൻ അസി. പ്രഫ. ഷിനിൽ കുര്യാക്കോസ് സ്വാഗതവും സ്റ്റാഫ് കൗൺസിൽ സെക്രട്ടറി ഫാ. മാർട്ടിൻ ജോസഫ് നന്ദിയും പറഞ്ഞു.

29 ന് നിർമലഗിരി കോളേജ് എൻഎസ്എസിന്റെ ആഭിമുഖ്യത്തിൽ കോവിഡ് വാക്സിനേഷനെ കുറിച്ച് ക്ലാസ് സംഘടിപ്പിച്ചു. കൂത്തുപറമ്പ് താലൂക്കാശുപത്രി ജനറൽ മെഡിസിനിലെ ഡോ.ഷിജി ഇ. ജോബ് ക്ലാസെടുത്തു. പ്രോഗ്രാം ഓഫീസർമാരായ ഡോ.ദീപാമോൾ മാത്യു, ഇമ്മാനുവൽ ടോം, വോളന്റിയേഴ്സായ എമിൽ വർഗ്ഗീസ്, നിവേദ് എന്നിവർ സംസാരിച്ചു.

**പി ആർ ഒ**
നിർമ്മലഗിരി കോളേജ്

# എ.കെ.സി.സി

കത്തോലിക്ക കോൺഗ്രസ്സ് എന്ന നമ്മുടെ സമുദായ സംഘടനയെ ശക്തിപ്പെടുത്തി കൂടുതൽ ഉണർവ്വുള്ളതാക്കി മാറ്റുവാൻ അതിരൂപതാതലത്തിൽ പുതിയ നേതൃത്വനിരയെ തിരഞ്ഞെടുത്ത വിവരം സന്തോഷപൂർവ്വം അറിയിക്കട്ടെ.

## അതിരൂപതാ ഭാരവാഹികൾ

പ്രസിഡന്റ് - അഡ്വ. ടോണി പുഞ്ചക്കുന്നേൽ, പയ്യന്നൂർ

ജനറൽ സെക്രട്ടറി : ബെന്നി പുതിയാപുറം - കുന്നോത്ത്

ട്രഷറർ : ഫിലിപ്പ് വെളിയത്ത്, മുളപ്ര

## ഗ്ലോബൽസമിതി അംഗങ്ങൾ

1. ബേബി നെട്ടനാനി - പൈസക്കരി
2. ചാക്കോച്ചൻ കാരാമയിൽ, നെല്ലിക്കാംപൊയിൽ

## വൈസ്പ്രസിഡന്റുമാർ

1. പിയൂസ് പറേടം - പടുപ്പ്
2. ജോർജ് വടകര - തളിപ്പറമ്പ
3. സിസിലി ബേബി പുഷ്പക്കുന്നേൽ - മണിക്കടവ്
4. അഡ്വ. ഷീജ കാറുകുളം - അങ്ങാടിക്കടവ്

## സെക്രട്ടറിമാർ

1. ഡേവിഡ് ആലങ്ങാടൻ - നെടുവാലൂർ
2. വർഗ്ഗീസ് പള്ളിച്ചിറ - പൈസക്കരി
3. അഡ്വ. ബിനോയി ഓമത്തടം - കരുവഞ്ചാൽ
4. സുരേഷ് കാഞ്ഞിരത്തിങ്കൽ - കോട്ടൂർ
5. അൽഫോൻസ് കളപ്പുര - കിളിയന്തറ
6. അബ്രാഹം ഈറ്റക്കൽ - ചെമ്പേരി

## എക്സിക്യൂട്ടീവ് അംഗങ്ങൾ

കിഷോർ ചൂരനോലി (തളിപ്പറമ്പ), ജോസ് മുണ്ടുപാലത്ത് (സ്നേഹഗിരി), പൈലി പേമലയിൽ (വെളിമാനം), റോയി ആശാരിക്കുന്നേൽ (കള്ളാർ), അനിൽ മണ്ണാപറമ്പിൽ (വെണ്ണക്കല്ല്).

അടുത്ത മൂന്ന് വർഷത്തേയ്ക്ക് സംഘടനയെ നയിക്കാൻ തിരഞ്ഞെടുക്കപ്പെട്ടവർക്ക് എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**ബേബി നെട്ടനാനിയിൽ ഗ്ലോബൽസമിതി വൈസ് പ്രസിഡന്റ്**

കത്തോലിക്കാ കോൺഗ്രസിന്റെ സംസ്ഥാന-ഗ്ലോബൽ സമിതി തിരഞ്ഞെടുപ്പും നടത്തപ്പെടുന്നു. ആഗോളസമിതിയുടെ വൈസ് പ്രസിഡന്റായി

നമ്മുടെ അതിരൂപതയിൽനിന്നു ശ്രീ. ബേബി നെട്ടനാനി തിരഞ്ഞെടുക്കപ്പെട്ടു. വളരെ ശ്രേഷ്ഠമായ ഈ സ്ഥാനലബ്ദിയിൽ ബേബി സാറിനെ അഭിനന്ദിക്കുന്നു.

## 120 യൂണിറ്റുകളിലും പുതിയ ഭാരവാഹികൾ

അതിരൂപതയിലെ മിക്ക ഇടവകകളിലും പുതിയ ഭാരവാഹികൾ സ്ഥാനമേറ്റെടുത്തു കർമ്മപഥത്തിലേക്കു പ്രവേശിച്ച് കഴിഞ്ഞിരിക്കുന്നു. യൂണിറ്റുകൾ സജീവമാകുമ്പോഴാണ് സംഘടന ശക്തിപ്പെടുന്നത്. യൂണിറ്റിന്റെ പ്രവർത്തനങ്ങളെ ശക്തമായി നയിക്കുവാൻ യൂണിറ്റ് പ്രസിഡന്റുമാർ പ്രത്യേകം താല്പര്യം കാണിക്കുമല്ലോ. ബാക്കിയുള്ള ഇടവകകളിലും ഉടനേതന്നെ യൂണിറ്റുകൾ രൂപീകരിക്കാൻ പരിശ്രമിക്കുന്നതാണ്.

## ഫൊറോന സമിതികൾ രൂപീകരിക്കപ്പെട്ടു

| ഫൊറോന | പ്രസിഡണ്ടുമാർ | |
|---|---|---|
| പേരാവൂർ | ജോർജ്ജ് കാനാട്ട് | 94 46 50 44 07 |
| എടൂർ | ബെന്നിച്ചൻമഠത്തിനകം | 94 95 86 50 80 |
| കുന്നോത്ത് | മാത്യു വള്ളോംകോട്ട് | 94 46 16 52 17 |
| നെല്ലിക്കാംപൊയിൽ | ടോമി വെട്ടിക്കാട്ട് | 94 47 95 25 28 |
| പൈസക്കരി | മൈക്കിൾചാണ്ടികൊല്ലി | 94 47 37 11 57 |
| ചെമ്പേരി | ജിമ്മി ഐത്തമറ്റം | 94 95 41 89 54 |
| ചെമ്പന്തൊട്ടി | ജോർജ് ജോസഫ് വലിയമുറത്താങ്കൽ | 94 47 64 10 16 |
| വായാട്ടുപറമ്പ് | ജോർജ് അർത്തനാകുന്നേൽ | 99 61 37 09 84 |
| ആലക്കോട് | ടോമി കണയങ്കൽ | 99 61 98 01 13 |
| ചെറുപുഴ | സെബാസ്റ്റ്യൻ ജാതികുളം | 94 47 68 51 33 |
| പനത്തടി | ജോണി തോലമ്പുഴ | 94 46 26 65 85 |
| തളിപ്പറമ്പ് | മാണി പാലക്കൽ | 62 38 91 84 96 |

യൂണിറ്റ് ഭാരവാഹികൾ ചേർന്ന് ഫൊറോന സമിതിക്കും രൂപം നല്കിയിരിക്കുന്നു. ചലനാത്മകമായ പ്രവർത്തനങ്ങൾ നടത്തുവാൻ ഫൊറോന തല സമിതിക്ക് കഴിയട്ടെ.

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# ഇൻഫാം വാർത്തകൾ

**ദിയാക്കോണിയ** : മാർച്ച് ഇരുപത്തിയാറിന് ചേർന്ന അതിരൂപത ദിയാക്കോണിയ മീറ്റിംഗിൽ ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളവും കണ്ണൂർ ജില്ലാ പ്രസിഡന്റ് സ്ക്കറിയാ നെല്ലംകുഴിയും സംബന്ധിച്ചു. നടത്തപ്പെട്ട ഇടപെടലുകളെയും സമീപഭാവിയിൽ ചെയ്യാനുള്ള പദ്ധതികളെയുംകുറിച്ച് പ്രസിഡന്റ് സംസാരിച്ചു.

**ഓൺലൈൻ കോൺഫറൻസ്** : ഏപ്രിൽ മൂന്നിന് ഓൺലൈനായി നടത്തപ്പെട്ട ജില്ലാകമ്മിറ്റിയിൽ വച്ച് അടുത്തുവരുന്ന തിരഞ്ഞെടുപ്പിൽ സ്വീകരിക്കേണ്ട നിലപാടിനെക്കുറിച്ച് ചർച്ച ചെയ്തു. കർഷകരുടെ പൊതുതാല്പര്യങ്ങൾ സംരക്ഷിക്കുന്ന പാർട്ടികൾക്ക് മനഃസാക്ഷിപ്രകാരം വോട്ട് നല്കുന്ന കാര്യം ചർച്ച ചെയ്യപ്പെട്ടു. കണ്ണൂർ ജില്ലാകമ്മിറ്റി അംഗങ്ങൾ സംബന്ധിച്ചു.

**ഇൻഫാ നിവേദനങ്ങൾ പരിഗണനക്കെടുത്തു** :'ഇൻഫാമിന്റെ കർഷക ആവശ്യങ്ങൾ' എന്ന പേരിൽ വിവിധ രാഷ്ട്രീയ നേതൃത്വങ്ങൾക്ക് സമർപ്പിക്കപ്പെട്ട നിവേദനങ്ങളിലെ പല കർഷക ആവശ്യങ്ങളും പാർട്ടികളുടെ പ്രകടനപത്രികയിൽ ഉൾച്ചേർത്തത് ഇൻഫാമിന്റെ പ്രസക്തിയെ അനുസ്മരിപ്പിക്കുന്നുവെന്നത് ശ്രദ്ധേയമാണ്.

**സൂം മീറ്റിംഗ്** : ഏപ്രിൽ 21-ന് സമ്മേളിക്കപ്പെട്ട സൂം മീറ്റിംഗിൽ വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. കൃഷിനാശം വരുത്തുന്ന വന്യമൃഗങ്ങളെ നശിപ്പിക്കാനുള്ള തീരുമാനം ഗ്രാമപഞ്ചായത്തുകൾക്കും. മുൻസിപ്പാലിറ്റികൾക്കും നൽകിക്കൊണ്ടുള്ള മുൻസിപ്പാലികൾക്കും നല്കിക്കൊണ്ടുള്ള കേന്ദ്രസർക്കാരിന്റെ വിജ്ഞാപനം ഉടൻ നടപ്പിലാക്കാൻ സത്വരനടപടികൾ അതാതു കേന്ദ്രങ്ങൾ സ്വീകരിക്കണമെന്നുള്ള നിവേദനം തിരഞ്ഞെടുക്കപ്പെടുന്ന ബഹു. മുഖ്യമന്ത്രിക്കും വകുപ്പ് മന്ത്രിമാർക്കും വന്യമൃഗ- ബഫർ സോൺ പ്രശ്നങ്ങൾ ബാധിക്കുന്ന പ്രദേശങ്ങളിലെ പഞ്ചായത്തുകൾക്കും നൽകുന്നതിന് തീരുമാനിച്ചു.

കണ്ണൂർ കാസറഗോഡ് ജില്ലകളിലെ അമ്പതോളം ഇടവകകളിൽ പ്രാരംഭഘട്ടമായി യൂണിറ്റ് ശാക്തീകരണം ജൂൺ-ജൂലൈ മാസങ്ങളിൽ നടത്താനും തീരുമാനിച്ചു. ജൈവവളനിർമ്മാണം അടുക്കളത്തോട്ട നിർമ്മാണം എന്നിവയും ചർച്ച ചെയ്യപ്പെട്ടു. എക്സിക്യൂട്ടീവ് മീറ്റിംഗിൽ ഫാ. ജോൺസൺ അന്ത്യാംകുളം, സ്കറിയ നെല്ലംകുഴിയിൽ, സണ്ണി തു ണ്ടത്തിൽ, സണ്ണി പുല്ലുവേലിൽ, ഡോ. ജോസഫ് തോമസ്, ജോസ് തോണിക്കൽ, ടോമി ചക്കാലക്കുന്നേൽ എന്നിവർ സംബന്ധിച്ചു. കർഷകസംസ്ക്കാരത്തിനായ് കർഷകരോടൊപ്പം

**ഫാ. ജോൺസൺ അന്ത്യാംകുളം**

ഡയറക്ടർ

# പ്രതീക്ഷ ലഹരിമോചന കേന്ദ്രം

## പ്രതീക്ഷയുടെ 37-ാമതു വാർഷികവും മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷവും

ഏപ്രിൽ 7-ന് പ്രതീക്ഷകേന്ദ്രത്തിൽവച്ച് 37-ാം വാർഷികവും സുവർണ്ണ ജൂബിലിയും സംയുക്തമായി നടത്തപ്പെട്ടു. അന്നേദിവസം രാവിലെ ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ജൂബിലി കുർബാന അർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ മാർ ജോസഫ് പാംപ്ലാനി പിതാവ് അദ്ധ്യക്ഷത വഹിച്ചു. 37-ാം വാർഷികത്തിന്റെ ഉദ്ഘാടനം ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് നിർവ്വഹിച്ചു. ഫാ. ജോൺസൺ അന്ത്യാംകുളം സ്വാഗതമാശംസിച്ചു. ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളവും കോ-ഡയറക്ടർ ഫാ. ചാക്കോ കുടിപ്പറമ്പിലും ചേർന്ന് അഭിവന്ദ്യ പിതാവിനെ ഷാളണിയിച്ച് ആദരിച്ചു. ഫാ. ചാക്കോ കുടിപ്പറമ്പിൽ, സണ്ണി പുത്തേട്ട് (പ്രതീക്ഷ മാനേജിംഗ് കമ്മിറ്റി), ഡോ. ജോസ്‌ലെറ്റ് മാത്യു (കെ.സി.ബി.സി. മദ്യവിരുദ്ധസമിതി) എബിൻ മാത്യൂസ് (എ.ഡി.എസ്.യു), ഷിനോ പാറയ്ക്കൽ (മുക്തിശ്രീ) എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കുകയും സംഘടനാ പ്രതിനിധികൾ ഉപഹാരങ്ങൾ സമർപ്പിക്കുകയും ചെയ്തു. പ്രതീക്ഷാ സ്റ്റാഫിനുവേണ്ടി സ്നേഹോപഹാരമായി സിസ്റ്റർ എൽസീന എസ്.എ. ബി.എസ്. ആത്മീയ പൂച്ചെണ്ട് സമ്മാനിച്ചു. തങ്കച്ചൻ കൊല്ലക്കൊമ്പിൽ, സെബാസ്റ്റ്യൻ പെരുമ്പുഴ, സിസ്റ്റർ എമിലി എസ്.എ.ബി.എസ്. എന്നിവർ ചേർന്ന് മാനേജിങ് കമ്മിറ്റിയുടെ ഉപഹാരം സമർപ്പിച്ചു.

പ്രോജക്ട് കോർഡിനേറ്റർ ആൽബിൻ തോമസ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ജൂബിലേറിയനായ ആർച്ചുബിഷപ്പ് സമാപനസന്ദേശം നല്കി. ജോയി മണ്ടപത്തിക്കുന്നേൽ ഏവർക്കും നന്ദി പറഞ്ഞു.

വാർഷികാഘോഷത്തിൽ സംബന്ധിച്ച അഭിവന്ദ്യപിതാക്കന്മാർക്കും, വൈദികർക്കും സിസ്റ്റേഴ്സിനും വിവിധ സംഘടനാപ്രതിനിധികൾക്കും എ. എ. അംഗങ്ങൾക്കും, പ്രതീക്ഷ മാനേജിംഗ് കമ്മിറ്റിയംഗങ്ങൾക്കും ക്ഷണിതാക്കൾക്കും അന്നേദിവസത്തെ കാര്യപരിപാടികൾ നിയന്ത്രിച്ച അഡ്വ. മനോജ് എം. കണ്ടത്തിലിനും (പി.ആർ.ഒ. പ്രതീക്ഷ) പ്രത്യേകമായി പ്രതീക്ഷ സ്റ്റാഫംഗങ്ങൾക്കും ഹൃദ്യമായ നന്ദി.

## പ്രബന്ധരചനാമത്സര സമ്മാനവിതരണം

പ്രതീക്ഷയുടെ ആഭിമുഖ്യത്തിൽ ലോക്ഡൗൺ കാലവുമായി ബന്ധപ്പെട്ടു നടത്തിയ 'മദ്യം ഒരു അവശ്യവസ്തുവോ'. എന്ന പ്രബന്ധരചനാമത്സരത്തിൽ വിജയികളായവർക്ക് അഭിവന്ദ്യപിതാക്കന്മാർ ക്യാഷ് അവാർഡും

ബിഷപ്പ് വള്ളോപ്പിള്ളി ഫൗണ്ടേഷൻ (കരിക്കോട്ടക്കരി) സ്പോൺസർ ചെയ്ത 1300 ഓളം രൂപാ വിലയുള്ള പുസ്തകങ്ങളും പ്രോത്സാഹനസമ്മാനമായി നല്കി.

**പ്രബന്ധരചനാമത്സരവിജയികൾ: ക്യാഷ് അവാർഡ്**

I ഷാജി തോമസ് - തടിക്കടവ് (Rs.3000/)

II സിസ്റ്റർ മോൺസി അബ്രാഹം എസ്.എച്ച്. പേരാവൂർ (Rs.2000/)

III മൻജുഷ കുര്യൻ - കരിക്കോട്ടക്കരി (Rs.1000/).

**സമ്മാനാർഹർ**

1. സിസ്റ്റർ നിർമ്മല എസ്.എ.ബി.എസ്
2. അപർണ്ണ ജോൺ
3. ബിന്ദു സണ്ണി
4. പ്രിയ സണ്ണി
5. വി.പി. അബൂബക്കർ
6. സിസ്റ്റർ മേരി മാത്യു സി.എം.സി.
7. ദീപ തോമസ്
8. സിസ്റ്റർ എൽസീന എസ്.എ. ബി.എസ്.
9. ഷുഹൈബ് കെ.പി.
10. പുതുപ്പണം ഗഫൂർ

മത്സരത്തിൽ പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ.

ആദരവോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം** — ഡയറക്ടർ

**ഫാ. ചാക്കോ കുടിപ്പറമ്പിൽ** — കോ-ഡയറക്ടർ

# എ. ഡി. എസ്. യു.

## മാർച്ച് 24-ന് സൂം മീറ്റിംഗ്

ഏപ്രിൽ ഒന്ന് മുതൽ പതിനാലുവരെ ലഹരിവിരുദ്ധ ഓൺലൈൻ കാമ്പയിൻ നടത്താൻ തീരുമാനിച്ചു. ഓരോ ദിവസവും വിവിധ സ്കൂളുകളിൽനിന്നും ലഹരിവിരുദ്ധ ആശയങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികൾ പരമാവധി പത്ത് മിനിറ്റ് സമയത്തിനുള്ളിൽ നടത്തി ലഹരിവിരുദ്ധ പ്രചാരണ പരിപാടി സംഘടിപ്പിക്കാൻ തീരുമാനിച്ചു. കൂടാതെ അധ്യാപകർക്കായി കൗൺസിലിംഗ് പരിശീലനം നല്കുന്നതിനും ആലോചിച്ചു. മീറ്റിംഗിൽ അതിരൂപത സീനിയർ ഭാരവാഹികൾ സംബന്ധിച്ചു.

## കൗൺസിലിംഗ് പരിശീലനം 24-ന്

വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെ അറിഞ്ഞ് അത്യാവശ്യസന്ദർഭങ്ങളിൽ ഉചിതമായ കൗൺസിലിംഗ് സഹായം ലഭ്യമാക്കുന്നതിന് സഹായകമായി അദ്ധ്യാപകരും മാതാപിതാക്കളും അറിഞ്ഞിരിക്കേണ്ട ചില യാഥാർത്ഥ്യങ്ങൾ എന്ന വിഷയത്തെക്കുറിച്ച് ഓൺലൈൻ ക്ലാസ്സ് നടത്തി. മനു മാത്യു ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. ഫാ. ജോൺസൺ അന്ത്യാംകുളം ഉദ്ഘാടനം ചെയ്തു. റിൻസി പി. കുര്യൻ സ്വാഗതവും മൻജുഷ കുര്യൻ നന്ദിയും പറഞ്ഞു.

## എക്സിക്യൂട്ടീവ് മീറ്റിംഗ്-മാർച്ച് 30-ന്

ഏപ്രിൽ ഒന്നുമുതൽ നടത്തപ്പെടുന്ന ഓൺലൈൻ ലഹരിവിരുദ്ധ കാമ്പയിന് 'ഞങ്ങളുടെ സ്വപ്നം ലഹരിയെ വിട' എന്ന ശീർഷകം നല്കാനും വിവിധ സ്കൂളുകളെ മുൻകൂട്ടി അറിയിക്കുന്നതിനും തീരുമാനിച്ചു. ഈസ്റ്റർ, ഇലക്ഷൻ, വിഷു തുടങ്ങിയ വിശേഷദിവസങ്ങളിൽ ആഘോഷങ്ങളുടെ ഭാഗമായി മദ്യഉപയോഗത്തിന് സാധ്യത ഉള്ളതിനാലാണ് ലഹരിവിരുദ്ധ കാമ്പയിൻ സംഘടിപ്പിക്കപ്പെടുന്നതെന്ന് എക്സിക്യൂട്ടീവ് യോഗം വിലയിരുത്തി. നമ്മുടെ അതിരൂപതയിലെ സ്കൂളുകളിൽ പ്രധാന അധ്യാപകർ മുഖേന വിദ്യാർത്ഥികൾക്ക് എല്ലാ ദിവസവും സന്ദേശം ലഭ്യമാക്കാനും തീരുമാനിച്ചു.

## 'ഞങ്ങളുടെ സ്വപ്നം ലഹരിയെ വിട'

ഏപ്രിൽ ഒന്നിന് 'ഞങ്ങളുടെ സ്വപ്നം ലഹരിയെ വിട' എന്ന ഓൺലൈൻ ലഹരിവിരുദ്ധ കാമ്പയിൻ ഉദ്ഘാടനം സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി നിർവ്വഹിച്ചു. എ.ഡി.എസ്.യു. ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം അദ്ധ്യക്ഷത വഹിച്ചു. ആൽബിൻ മണ്ടുംപാല, ജോഷി പാരിക്കപ്പള്ളിൽ, സെബിൻ ജോസ്, റീന ചെറിയാൻ, റിൻസി പി. കുര്യൻ, മൻജുഷ കുര്യൻ, അഡ്വ. മനോജ് എം. കണ്ടത്തിൽ എന്നിവർ പ്രസംഗിച്ചു.

പ്രഥമദിനത്തിൽ ചെമ്പേരി നിർമ്മല യു.പി.സ്കൂൾ നേതൃത്വം നല്കി. സിസ്റ്റർ ഷൈല എസ്.കെ.ഡി. പ്രോഗ്രാം കോർഡിനേറ്റ് ചെയ്തു.

ഏപ്രിൽ രണ്ടുമുതലുള്ള ദിവസങ്ങളിൽ അങ്ങാടിക്കടവ് സേക്രട്ട്ഹാർട്ട് ഹയർസെക്കന്ററിസ്കൂൾ, തോട്ടട സെന്റ് ഫ്രാൻസീസ് ഹയർ സെക്കന്ററി സ്കൂൾ, തൊണ്ടിയിൽ സെന്റ് ജോൺസ് യു.പി. സ്കൂൾ, കൊളക്കാട് സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂൾ, വെള്ളരിക്കുണ്ട് സെന്റ് ജൂഡ്സ് ഹൈസ്ക്കൂൾ, ചെമ്പന്തൊട്ടി ചെറുപുഷ്പം യു.പി.സ്കൂൾ, ചെറുപുഴ സെന്റ് മേരീസ് ഹൈസ്ക്കൂൾ, ആലക്കോട് സെന്റ് മേരീസ് കോൺവെന്റ് ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ എന്നിവർ വിവിധ കലാപരിപാടികൾ അവതരിപ്പിച്ച് ലഹരിവിരുദ്ധ സന്ദേശങ്ങൾ നല്കി.

ജോർജ് പി.എ. ഓരോ സ്കൂളുകളിൽനിന്നും പാരിക്കാപ്പള്ളി (അങ്ങാടിക്കടവ്) റിൻസി പി. കുര്യൻ (തോട്ടട) നീനു ജോസഫ് (തൊണ്ടിയിൽ), റീന ചെറിയാൻ (കൊളക്കാട്) സിറ്റർ ഷീബ എസ്.എ.ബി.എസ് (വെള്ളരിക്കുണ്ട്), സിസ്റ്റർ ജെസി എഫ്.സി.സി, (ചെമ്പന്തൊട്ടി), സിസ്റ്റർ സിനി ജോസഫ് എസ്.എ. ബി.എസ് (ചെറുപുഴ), സിസ്റ്റർ ഷേർളി സി.ജെ. (ആലക്കോട്) എന്നിവരുടെ നേതൃത്വത്തെയും സഹകരണത്തെയും നന്ദിയോടെ അനുസ്മരിക്കുന്നു. വിവിധ സ്കൂളുകളിലേക്കുള്ള സംപ്രേക്ഷണത്തിന് സഹായിച്ച ജോബി ജോൺ മൂലയിൽ സാറിനും കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിലിനും ഹൃദ്യമായ നന്ദി.

## സുവർണ്ണജൂബില ആഘോഷിച്ചു

പ്രതീക്ഷയിൽ വച്ച് ഏപ്രിൽ 7-ന് നടത്തപ്പെട്ട ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ അഡ്വ. മനോജ് എം. കണ്ടത്തിൽ, സിസ്റ്റർ ഷൈല, റീന ചെറിയാൻ, മൻജുഷ കുര്യൻ, സെബിൻ ജോസ് എന്നിവർ പങ്കെടുത്തു. എബിൻ മാത്യൂസ് ജൂബിലി ആശംസകൾ നേർന്നു എക്സിക്യൂട്ടീവ് അംഗങ്ങൾ ഉപഹാരം സമർപ്പിച്ചു.

## മോട്ടിവേഷണൽ ലെറ്റർ: സമ്മാനദാനം നിർവഹിച്ചു

കോവിഡ് കാലഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് വീടിനെ വിദ്യാലയമാക്കാൻ എങ്ങനെ സാധിക്കും എന്ന വിഷയത്തെ അധികരിച്ച് എ.ഡി.എ.സ്.യു ആനിമേറ്റർമാർക്കായി നടത്തപ്പെട്ട കത്തെഴുത്ത് മത്സരത്തിൽ വിജയികളായ 1,2,3, സ്ഥാനക്കാരായ മൻജുഷ കുര്യൻ, സിസ്റ്റർ ഷൈല എസ്.കെ.ഡി., സിസ്റ്റർ റോസ്‌ലിൻ എഫ്.സി.സി. എന്നിവർക്കുള്ള ക്യാഷ് അവാർഡുകൾ ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് സമ്മാനിച്ചു.

# കെ.സി.ബി.സി.
# മദ്യവിരുദ്ധസമിതി, മുക്തിശ്രീ

## അതിരൂപതാതല തെരഞ്ഞെടുപ്പ്

ഇരിട്ടി സെഹിയോൻ ഹാളിൽ വെച്ച് ദ്വിദിന കൺവെൻഷൻ നടന്നു. ഫാ. ചാക്കോ കുടിപ്പറമ്പിൽ, സെബാസ്റ്റ്യൻ കിളിയന്തറ, ഫിലോ എന്നിവർ നേതൃത്വം നല്കി. 73 പേർ പങ്കെടുത്തു. ക്രമീകരണം നടത്തിയ ഫാ. വർഗ്ഗീസ് മുണ്ടയ്ക്കന് നന്ദി.

## അവാർഡ് സ്വീകരണം

കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ ഏർപ്പെടുത്തിയ സംസ്ഥാനത്തെ മികച്ച മദ്യവിരുദ്ധ പ്രവർത്തനത്തിന് തലശ്ശേരി അതിരൂപത കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, മുക്തിശ്രീ അർഹമായി. ആർച്ച് ബിഷപ്പ് മാർ ജോർജ്

➔

## അതിരൂപത എക്സിക്യൂട്ടീവ്

ഏപ്രിൽ പതിനൊന്നിന് ചേർന്ന എക്സിക്യൂട്ടീവ് യോഗത്തിൽവെച്ച് ഓൺലൈൻ കാമ്പയിന്റെ സമാപനം ലഹരിവിരുദ്ധ സന്ദേശങ്ങളുടെ പുനഃസംപ്രേക്ഷണം എന്നിവയെക്കുറിച്ച് അതിരൂപത ഭാരവാഹികൾ ചർച്ച ചെയ്തു.

## കാമ്പയിൻ സമാപനം

ലഹരിവിരുദ്ധ ഓൺലൈൻ കാമ്പയിന്റെ സമാപനസമ്മേളനം മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു സന്ദേശം നല്കി. ഫാ. ജോൺസൺ അന്ത്യാംകുളം അധ്യക്ഷത വഹിച്ചു. ജോർജ് പി.എ. പാരിക്കപ്പള്ളി, റീന ചെറിയാൻ എന്നിവർ പ്രസംഗിച്ചു.

## പ്രത്യേക അറിയിപ്പ്

2020-21 പ്രവർത്തന വർഷം വിവിധ സ്കൂളുകളിൽ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടന്നിരുന്നെങ്കിലും കോവിഡ് പശ്ചാത്തലത്തിൽ നിയതമായ രീതിയിൽ നമുക്ക് പ്രവർത്തിക്കാൻ സാധിക്കാതെ വന്നതിനാൽ ഈ പ്രവർത്തനവർഷത്തിൽ ബെസ്റ്റ്സ്കൂൾ നിർണയമോ അവാർഡ് വിതരണമോ ഉണ്ടായിരിക്കില്ല.

**ആദരവോടെ,**

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ

ഞറളക്കാട്ടിൽനിന്നും അവാർഡ് ഏറ്റുവാങ്ങി. മാർ ജോസഫ് പാംപ്ലാനി അനുമോദന പ്രസംഗം നടത്തി.

## സന്ദർശനങ്ങൾ ഇടവകകളിലൂടെ

ഏപ്രിൽ 2-ന് നിർമ്മലഗിരി, ഏപ്രിൽ 4 പൂളക്കുറ്റി, ഏപ്രിൽ 11 കുന്നോത്ത് ഏപ്രിൽ 12, കല്ലുവയൽ എന്നീ ഇടവകകളിൽ സന്ദർശനം നടത്തി, മദ്യവിരുദ്ധ സന്ദേശങ്ങൾ നല്കി.

### ഏപ്രിൽ 20 പാലാ അഡാർട്ടിൽ സെമിനാർ

പാലാ രൂപതയുടെ മദ്യപാനചികിത്സാ കേന്ദ്രമായ അഡാർട്ടിൽ മദ്യപാന രോഗികൾക്കായ് ഡയറക്ടറച്ചൻ സെമിനാർ നയിച്ചു. ഏപ്രിൽ 21-ന് അഡാർട്ടിൽ വി. കുർബ്ബാനയും സന്ദേശവും, സ്പിരിച്ച്വൽ തെറാപ്പിയും രോഗികൾക്ക് നല്കി.

## ഉളിക്കല്ലിൽവെച്ച് മേഖലാ സമ്മേളനം

ഏപ്രിൽ 14 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ നെല്ലിക്കാംപൊയിൽ മേഖലയിലെ മദ്യവിരുദ്ധ പ്രവർത്തകർ സമ്മേളിച്ചു. സമ്മേളനം അതിരൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് പൈമ്പിള്ളിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. സെബാസ്റ്റ്യൻ മൂക്കിലിക്കാട്ടിൽ സ്വാഗതവും മേഖലാ പ്രസിഡന്റുമാരായ ടോമിസാർ, മേരി ചാക്കോ പാലയ്ക്കലോടി എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

## അതിരൂപതാ ഭാരവാഹികളുടെ യോഗം

ഏപ്രിൽ 17 ശനിയാഴ്ച കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, മുക്തിശ്രീ അതിരൂപതാ ഭാരവാഹികളുടെ യോഗം നടന്നു. അതിരൂപതാ പ്രസിഡന്റുമാരായ ആന്റണിമേൽവെട്ടം, ഷിനോ പാറയ്ക്കൽ, എന്നിവരും ഡയറക്ടറച്ചനും പ്രസംഗിച്ചു.

## മെയ് 1 തൊഴിലാളിദിനം വിമൽജ്യോതിയിൽ സമ്മേളനം

തൊഴിലാളിദിനമായ മെയ് ഒന്നാം തീയതി കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, മുക്തിശ്രീ അതിരൂപതാ ഭാരവാഹികളുടെ സമ്മേളനം നടക്കും. രാവിലെ 10.30 മുതൽ വൈകുന്നേരം 3.30 വരെയായിരിക്കും സമ്മേളനം. സ്ഥലം വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജ് ചെമ്പേരി.

സസ്നേഹം,

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
ഡയറക്ടർ

# സാമൂഹ്യസേവനവേദി

**തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി**

**(ടി.എസ്.എസ്.എസ്.)**

## ഈസ്റ്ററിന്റെ സ്നേഹസന്ദേശവുമായി ആകാശപറവകൾക്കൊപ്പം

നന്മയുടെയും കാരുണ്യത്തിന്റെയും പുതിയ പ്രതീക്ഷകളുടെയും ഈസ്റ്ററിന്റെ സ്നേഹസന്ദേശവുമായി TSSS-നൊപ്പം തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട്. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ തെരുവോരങ്ങളിൽ അന്തിയുറങ്ങുന്നവർക്കും ആശരണർക്കുമായി TSSS തലശ്ശേരി കേന്ദ്ര ഓഫീസ് പരിസരത്ത് '**ആകാശപറവകൾ ഈസ്റ്റർ 2021 TSSS തെരുവിന്റെ മക്കളോടൊപ്പം**' എന്ന പരിപാടി ഈസ്റ്റർ ദിനത്തിൽ ഒരുക്കി.

നൂറോളം തെരുവിന്റെ മക്കൾക്ക് ബിരിയാണിയും എല്ലാവർക്കും ഓരോ ജോഡി ഡ്രെസ്സുകളും നൽകി. അവർക്കൊപ്പം കേക്ക് മുറിച്ചും പായസം നൽകിയും അഭിവന്ദ്യ പിതാവ് തെരുവിന്റെ മക്കൾക്കൊപ്പം ഈസ്റ്റർ ആഘോഷിച്ചു. തലശ്ശേരി സന്ദേശഭവൻ ഡയറക്ടർ റവ ഡോ. ഫിലിപ്പ് കവിയിൽ, തലശ്ശേരി പ്രസ്സ് ഫോറം പ്രസിഡന്റ് ശ്രീ. നവാസ് മേത്തർ, തലശ്ശേരി ലൈബ്രറി ഇൻചാർജർ ശ്രീ. പ്രശാന്ത്, ശ്രീ. ബാബു പാറായിൽ എന്നിവർ പ്രസ്തുത പരിപാടിയിൽ സംബന്ധിച്ചു.

## TSSS പ്രത്യാശ പേഷ്യന്റ് കെയർ പദ്ധതി-വോളണ്ടിയർ ടീം രൂപീകരണം

കണ്ണൂർ ജില്ലയിലെ കോടിയേരിയിൽ പ്രവർത്തിച്ചുവരുന്ന മലബാർ കാൻസർ സെന്ററിൽ ഓരോ ദിവസവും 500-ൽ പരം കാൻസർ രോഗികൾ ചികിത്സയ്ക്കും മറ്റു അനുബന്ധ ആവശ്യങ്ങൾക്കുമായി എത്തിച്ചേരുന്നു. സാമ്പത്തികമായും മാനസികമായും ആകെ തകർന്നിരിക്കുന്ന ഇത്തരം നിസ്സഹായവസ്ഥകളിലൂടെ കടന്നുപോകുന്നവർക്ക് മലബാർ കാൻസർ സെന്ററിൽ ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കുവാൻ നമുക്ക് സാധിക്കുമെങ്കിൽ അത് വളരെയേറെ ഉപകാരപ്രദമായ ഒരു കാര്യമായിരിക്കും. അതിനായി തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രത്യാശ പേഷ്യന്റ് കെയർ പദ്ധതിയിലൂടെ കാൻസർ രോഗികളെ സഹായിക്കുന്നതിനും സേവനരംഗത്ത് പ്രവർത്തി ക്കാനും ആഗ്രഹിക്കുന്നവരുടെ ഒരു വോളണ്ടിയർ ടീമിനെ TSSS സജ്ജമാ ക്കുന്നു. നമ്മുടെ അതിരൂപതയിലെ വൈദികർക്കും സിസ്റ്റേഴ് സിനും TSSS മെമ്പർമാർ അല്ലാത്തവർക്കും ഇതിൽ പങ്കാളികളാകാവു ന്നതാണ്. ഓരോ യൂണിറ്റുകളിൽ നിന്നും നാലുപേർ വീതം വർഷത്തിൽ ഒരു ദിവസം ഇവരോടൊപ്പമായിരിക്കാൻ ശ്രമിച്ചാൽ

അവർക്കാവശ്യമായ സേവനങ്ങ ളിലൂടെ നമുക്ക് ഈ പുണ്യപ്രവൃത്തിയുടെ ഭാഗമാവാം. കൂടുതൽ ദിവസ ങ്ങളിൽ പങ്കാളികളാകാൻ താൽപര്യമുള്ള വർക്ക് പേരുകൾ മുൻകൂട്ടി അറിയിക്കാവുന്നതാണ്.

രോഗികളെ വീൽചെയറിൽ ആവശ്യമായ സ്ഥലങ്ങളിൽ എത്തിക്കുക, ആവശ്യമായ പേപ്പർ വർക്കുകൾ തീർത്തുകൊടുക്കുക, അതാത് ഡിപ്പാർട്ട് മെന്റുകളിൽ രോഗികളെ എത്തിക്കുന്നതിനും ടെസ്റ്റുകൾ ചെയ്യുന്ന തിനുംവേണ്ട സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കുക തുടങ്ങിയവ പോലെയുള്ള പ്രവർത്തനങ്ങളായിരിക്കും വോളണ്ടിയർ അംഗങ്ങൾക്ക് ഉണ്ടായിരിക്കുക. ആവശ്യമായ എല്ലാവിധ ട്രെയിനിംഗുകളും മലബാർ കാൻസർ സെന്ററിൽ നിന്നും വോളണ്ടിയർ അംഗങ്ങൾക്ക് പ്രത്യേകം നൽകുന്നതായിരിക്കും. ഈ പുണ്യപ്രവൃത്തിയിൽ പങ്കാളി കളാകാൻ താൽപര്യമുള്ളവർ ഇതോടൊപ്പം തന്നിരിക്കുന്ന നമ്പറിൽ വിളിച്ച് പേരുവിവരങ്ങൾ അറിയിക്കേണ്ടതാണ്. തോമസ് ജോൺ (TSSS) +919496564290

## കാൻസർ ഡിറ്റക്ഷൻ സെന്ററിൽ പരിശോധന

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മലബാർ കാൻസർ സെന്റർ തലശ്ശേരിയും സംയുക്തമായി നെല്ലിക്കാംപൊയിലിൽ ആരംഭിച്ച കാൻസർ സെന്ററിൽ മലബാർ കാൻസർ സെന്ററിലെ വിദഗ്ധ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും നേതൃത്വത്തിൽ പരിശോധനയും രോഗനിർണ്ണയവും നടത്തി.

## ആശാകിരണം ആരോഗ്യ ഇൻഷൂറൻസ് പദ്ധതി (രണ്ടാംഘട്ടം)

തലശ്ശേരി അതിരൂപതയിലെ സാധാരണക്കാർക്കായി തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്റ്റാർ ഹെൽത്ത് ഇൻഷൂറൻസുമായി സഹകരിച്ചു നടത്തുന്ന ആശാകിരണം ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയുടെ രണ്ടാംഘട്ടം പൂർത്തിയായി ക്കൊണ്ടിരിക്കുന്നു. ഈ പദ്ധതിയിൽ അംഗങ്ങളായി ദിവസങ്ങൾ ക്കുള്ളിൽതന്നെ ഏതൊരു ചികിത്സയ്ക്കും (ഉപാധികളോടെ) വളരെ ലളിത മായ നടപടികളിലൂടെ ആനുകൂല്യങ്ങൾ വാങ്ങിച്ചെടുക്കുവാൻ സാധിക്കുന്നു. കൂടുതൽ പേരിലേക്ക് ഈ സൗകര്യങ്ങൾ എത്തിക്കുന്നതിനായാണ് ആശാകിരണം ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിച്ചിരിക്കുന്നത്. വളരെ ഉപകാരപ്രദമായ ഈ പദ്ധതിയിൽ അംഗങ്ങളാവാൻ താൽപര്യമുള്ളവർ 2021 മെയ് 10 ന് മുമ്പായി പേരുകൾ നൽകേണ്ടതാണെന്ന് പ്രത്യേകം ഓർമ്മി പ്പിക്കുന്നു.

## ഓഫീസ് സന്ദർശനം

കാരിത്താസ് ഇന്ത്യയുടെ വിവിധ പദ്ധതികൾ തലശ്ശേരി അതിരൂപ തയിൽ നടപ്പിൽ വരുത്തുന്ന തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈ

റ്റിയുടെ കേന്ദ്ര ഓഫീസ് കാരിത്താസ് ഇന്ത്യ അസി. എക്സിക്യൂട്ടീവ് ഡയറക്ടർ വെരി റവ. ഫാ. ജോളി പുത്തൻപുരയിൽ സന്ദർശിച്ചു. തുടർന്ന് സംഘടിപ്പിച്ച മീറ്റിംഗിൽ കാരിത്താസ് ഇന്ത്യയുടെ വിവിധ പദ്ധതികളെക്കുറിച്ചും അവ നടപ്പിൽ വരുത്തുന്നതിനെക്കുറിച്ചും സംവദിക്കുകയും വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## ഡയറക്ടേഴ്സ് ഓൺലൈൻ വെബിനാർ & മീറ്റിംഗ്

കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ ഡയറക്ടേഴ്സ് ഓൺലൈൻ വെബിനാർ സംഘടിപ്പിച്ചു. കാരിത്താസ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ വെരി. റവ. ഫാ. പോൾ മുഞ്ഞേലിൽ, അസി. എക്സിക്യൂട്ടീവ് ഡയറക്ടർ വെരി. റവ. ഫാ. ജോളി പുത്തൻപുരയിൽ എന്നിവർ സംസാരിക്കുകയും കാരിത്താസ് ഇന്ത്യയുടെ വിവിധ ഭാരവാഹികൾ വെബിനാറിൽ സംബന്ധിക്കുകയും ചെയ്തു. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ വെബിനാറിൽ പങ്കെടുത്തു.

കേരള സോഷ്യൽ സർവ്വീസ് ഫോറം ഒരുക്കിയ ഓൺലൈൻ മീറ്റിംഗിൽ ഫാ. ബെന്നി നിരപ്പേൽ പങ്കെടുത്തു. എല്ലാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളുടെയും ഡയറക്ടർമാർക്കായി സംഘടിപ്പിച്ച പ്രസ്തുത മീറ്റിംഗിൽ 31 രൂപതകളുടെയും ഡയറക്ടർമാർ പങ്കെടുക്കുകയും ആശയവിനിമയം നടത്തുകയും ചെയ്തു.

## കാരിത്താസ് ഇന്ത്യ ക്ലസ്റ്റർ ലെവൽ മീറ്റിംഗ്

ഗ്രീൻ പ്രോട്ടോകോൾ പാലിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനെക്കുറിച്ചും ഗ്രീൻ പ്രോട്ടോകോളിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നതിനുമായി കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ ഓൺലൈൻ ക്ലസ്റ്റർ ലെവൽ മീറ്റിംഗ് സംഘടിപ്പിച്ചു. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിക്കുവേണ്ടി സ്റ്റാഫ് അംഗങ്ങളായ തോമസ് ജോൺ, ജോബിൻസ് തുടങ്ങിയവർ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

## ഗ്രീൻ പ്രോട്ടോകോൾ വിലയിരുത്തൽ

കേരള സോഷ്യൽ സർവ്വീസ് ഫോറം (KSSF) ഡയറക്ടർ വെരി റവ. ഫാ. ജേക്കബ് മാവുങ്കൽ, ടീം ലീഡർ സി. ജെസീന SRA എന്നിവർ TSSS കേന്ദ്ര ഓഫീസും എടൂർ മേഖലാ ഓഫീസും സന്ദർശിച്ചു. ഗ്രീൻ പ്രോട്ടോകോൾ പാലിച്ചുകൊണ്ട് നടത്തുന്ന വിവിധ പ്രവർത്തനങ്ങളെ ക്കുറിച്ചും പദ്ധതികളെക്കുറിച്ചും വിലയിരുത്തുകയും ഗ്രീൻ പ്രോട്ടോകോൾ പാലിച്ചുകൊണ്ട് പ്രാബല്യത്തിൽ വരുത്തിയ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും ചെയ്തു.

## പ്രത്യേക അറിയിപ്പ്

കോവിഡ് പ്രതിസന്ധി ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി മലബാർ കാൻസർ സെന്ററുമായി സഹകരിച്ച് തോമാപുരം, ആലക്കോട്, നെല്ലിക്കാംപൊയിൽ മേഖലകളിൽ നടത്തി വരുന്ന കാൻസർ ഡിറ്റക്ഷൻ സെന്ററുകളിലെ പരിശോധനയും രോഗനിർണ്ണയവും താൽക്കാലികമായി നിർത്തിവയ്ക്കുവാൻ നിർബന്ധിതരായിരിക്കുന്നു. ആയതിനാൽ ഈ മൂന്ന് സ്ഥലങ്ങളിലെയും കാൻസർ ഡിറ്റക്ഷൻ സെന്ററുകളിലും ഈ മാസം രോഗനിർണയവും പരിശോധനയും ഉണ്ടായിരിക്കുന്നതല്ല. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

## ACCOMPAINYING DEAF AND AWAKINING MISSION (ADAM)

18 ,25 തീയതികളിൽ മദർ ഹോം വചനാഗ്നി വിഷനിലൂടെ ആദം മിനിസ്ട്രി അംഗങ്ങൾക്കായി പരിശുദ്ധ ബലി അർപ്പിച്ചു.

**സ്പോട്ട് കൗൺസിലിംഗ്** : കുടുംബ ജീവിതത്തിന്റെ പ്രാരംഭദശയിലൂടെ കടന്നുപോകുന്ന ബധിര ദമ്പതികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും കൗൺസിലിംഗ് നൽകി.

**വിവാഹ ഒരുക്ക കോഴ്സ്** : ഏപ്രിൽ 26 ന് ആയന്നൂർ ഇടവക കാട്ടി കുളക്കാട് സിജോ പൂവത്തേൽ, പുലിയംകുളം ഇടവക അനുമോൾ എന്നിവർക്ക് വിവാഹ ഒരുക്ക ക്ലാസ്സ് നൽകി.

### മെയ് മാസ പരിപാടികൾ

2,16,23,30 തീയതികളിൽ മദർ ഹോം വചനാഗ്നി വിഷൻ വഴിയായി രാവിലെ 7 30 ന് വിശുദ്ധ കുർബാന.

മെയ് 9 ഞായറാഴ്ച രാവിലെ 11 മണിക്ക്ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മയും വിശുദ്ധ ബലി ആലക്കോട് സെൻമേരിസ് ദേവാലയത്തിൽ.

### ലോഗോസ് ക്വിസ് ഫൈനൽ റൗണ്ട്

ബധിര സഹോദരങ്ങൾക്കായി അഖിലേന്ത്യാതലത്തിൽ 2020 ഒക്ടോബർ മാസത്തിൽ ആരംഭിച്ച പ്രതിമാസ ഓൺലൈൻ ബൈബിൾ ക്വിസ് മത്സരത്തിന് ഫൈനൽ റൗണ്ട് മെയ് 23 പന്തക്കുസ്ത തിരുനാൾ ദിനം നടത്തപ്പെടുന്നു. പഠന ഭാഗങ്ങൾ: മർക്കോസ് 1–8

1 കൊറിന്തോസ് 1–8

വിജയികൾക്ക് തലശ്ശേരി അതിരൂപത ബൈബിൾ അപ്പസ്റ്റോലേറ്റ് വക ക്യാഷ് അവാർഡും, ആൽഫാ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് വക സർട്ടിഫിക്കറ്റും നൽകുന്നതാണ്.

സ്നേഹപൂർവം,

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### മാർച്ച് 2021

26 രാവിലെ 10 മണിക്ക് തലശ്ശേരി സന്ദേശഭവനിൽ നടന്ന മലബാർ റീജിയണൽ പ്രോ-ലൈഫ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. തുടർന്ന് അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 3 മണിക്ക് സന്ദേശഭവനിൽ നടന്ന ദിയക്കോണിയ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

27 രാവിലെ അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് 4 മണിക്ക് കണ്ണൂർ തെക്കിബസാർ പള്ളിയിൽ നടന്ന എ.കെ.സി.സി ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

28 രാവിലെ 7.30 മണിക്ക് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന ഓശാന തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

29 രാവിലെ 10.30 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയത്തിൽ നടന്ന മൂറോൻ തൈലം വെഞ്ചരിപ്പ് തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

30 രാവിലെ 7 മണിക്ക് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന വൈദിക വിദ്യാർത്ഥികളുടെ ചെറുപ്പട്ട സ്വീകരണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

### ഏപ്രിൽ 2021

01 രാവിലെ 7 മണിക്ക് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന പെസഹാ തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം 4.30ന് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന ആരാധനയിൽ പങ്കെടുത്തു. 7 മണിക്ക് അതിരൂപതാ കാര്യാലയത്തിൽ പെസഹാ അപ്പം മുറിച്ചു.

02 രാവിലെ 7.30 മണിക്ക് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന ദുഃഖവെള്ളി തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം 4.30ന് കത്തീഡ്രൽ ദൈവാലയങ്കണത്തിൽ നടന്ന കുരിശിന്റെ വഴിയിൽ പങ്കെടുത്തു.

03 രാവിലെ 6.30 ന് അരമന ചാപ്പലിൽ നടന്ന ദുഃഖശനി തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു.

04 വെളുപ്പിന് 2.45-ന് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന ഈസ്റ്റർ തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

05 രാവിലെ 9 മണിക്ക് മാമ്പൊയിൽ ഇടവകയിൽ നടന്ന കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചക്കഴിഞ്ഞ് 3.30 ന് കാപ്പിമല ഇടവകയിൽ എസ്.കെ.ഡി മഠത്തിലെ നവീകരിച്ച ചാപ്പൽ കൂദാശ ചെയ്തു.

06 രാവിലെ 7 മണിക്ക് കൊടുവള്ളി ഗവൺമെന്റ് സ്കൂളിൽ വോട്ട് രേഖപ്പെടുത്തി. തുടർന്ന് അതിരൂപതാകാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

07 രാവിലെ 6.30 ന് ജോസ്ഗിരി ഹോസ്പിറ്റലിൽ വി. ബലിയർപ്പിച്ചു. 9.30 ന് പൊന്ന്യം പ്രതീക്ഷ ഡീ-അഡിക്ഷൻ സെന്ററിൽ നടന്ന വാർഷികാഘോഷത്തിൽ വി. ബലിയർപ്പിച്ചു. തുടർന്ന് നടന്ന ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് റീജൻസി ബ്രദേഴ്സുമായി കോൺഫറൻസ് നടത്തി.

08 രാവിലെ 9 മണിക്ക് നെല്ലിക്കാംപോയിൽ സി.എം.സി പ്രൊവിൻഷ്യൽ ഹൗസിൽ ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. വൈകുന്നേരം 6.30 ന് സി.ബി.സി.ഐ ഭാരവാഹികളുടെ വീഡിയോ കോൺഫറൻസിലൂടെ നടന്ന സമ്മേളനത്തിൽ പങ്കെടുത്തു.

09 റീജൻസി പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികളുമായി കോൺഫറൻസ് നടത്തി. വൈകുന്നേരം എടൂർ ഇടവകയിൽ നിര്യാതനായ ആഗസ്തി കുടിലിന്റെ ഭവനത്തിൽ ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു.

10 രാവിലെ 9 മണിക്ക് വാഴക്കുളം ഇടവകയിൽ പരേതനായ ജോസ് ജോൺ നിരപ്പേൽപുത്തൻപുരയിലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

11 രാവിലെ ദീപഗിരി ഇടവകയിൽ സുവർണ്ണ ജൂബിലിയാഘോഷത്തോടനുബന്ധിച്ച് നടന്ന കുട്ടികളുടെ പ്രഥമദിവ്യകാരുണ്യ സ്വീകരണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ഏറ്റുപാറ ഇടവകയിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവനനിർമ്മാണ പദ്ധതിയിൽ വിമൽജ്യോതി എൻജിനീയറിംഗ് കോളേജ് നിർമ്മിച്ചു നല്കിയ ഭവനം വെഞ്ചരിച്ചു. വൈകുന്നേരം 4 മണിക്ക് പെരിങ്ങാല ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

12 പേരാവൂർ എസ്.എച്ച് പൊവിൻഷ്യൽ ഹൗസിൽ നടന്ന ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ചു. വൈകുന്നേരം 7.00 മണിക്ക് തലശ്ശേരി എം.എസ്.എം.ഐ. മഠത്തിൽ വി. ബലിയർപ്പിച്ചു.

13 കുളത്തുവയൽ എം.എസ്.എം.ഐ ജനറലേറ്റിൽ നടന്ന സുവർണ്ണ ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. രാത്രി 9 മണിക്ക് അതിരൂപതാ കാര്യാലയത്തിൽ നടന്ന കൂരിയമീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

14 വിളമന ഇടവകയിൽ നടന്ന കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം അതിരൂപതാ കാര്യാലയത്തിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

15 രാവിലെ 10 മണിക്ക് തലശ്ശേരി സന്ദേശഭവനിൽ നടന്ന സന്യാസ സമൂഹങ്ങളുടെ മേലധികാരികളുടെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം തലശ്ശേരി സി.എം.സി മഠത്തിൽ വി. ബലിയർപ്പിച്ചു.

16 രാവിലെ 10 മണിക്ക് അതിരൂപതാ കാര്യാലയത്തിൽ നടന്ന എയ്ഞ്ചൽ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചക്കഴിഞ്ഞ് 3 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന സീറോമലബാർ മതബോധന കമ്മീഷൻ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. 7 മണിക്ക് പഞ്ചാബിൽ ഒരു മിഷൻ പ്രവർത്തനം ആരംഭിക്കുന്നതിനെക്കുറിച്ച് വീഡിയോ കോൺഫറൻസിലൂടെ നടന്ന മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

17 രാവിലെ 11 മണിക്ക് നടവയൽ സി.എം.സി പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന സുവർണ്ണ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം ദ്വാരക എസ്.എ.ബി.എസ് പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ചു.

18 രാവിലെ നടവയൽ പള്ളിയിൽ വി. ബലിയർപ്പിച്ചു. വൈകുന്നേരം തൊക്കിലങ്ങാടി കിംഹാൻസ് ഹോസ്പിറ്റലിൽ വി. ബലിയർപ്പിച്ചു.

19 രാവിലെ 9 മണിക്ക് വെള്ളരിക്കുണ്ട് പരപ്പ ഇടവകയിൽ മിനിംസ് സഭാംഗമായ ഡീക്കൻ ജിജോ പുത്തൻപുരയിലിന് തിരുപ്പട്ടം നല്കി. തുടർന്ന് 12 മണിക്ക് ഉദയപുരം ഇടവകയിൽ നിര്യാതനായ ബീഹാർ രൂപതാംഗമായ ബഹു. മാത്യു അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിലെ ഭവനത്തിൽ നടന്ന തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചക്കഴിഞ്ഞ് ആശാൻകവല ഇടവകയിലെ എസ്.കെ.ഡി മഠത്തിലെ നവീകരിച്ച ചാപ്പൽ കൂദാശ ചെയ്തു.

20 രാവിലെ അതിരൂപതാ കാര്യലയത്തിൽ നടന്ന സാംക്ത മാതാ നേഴ്സിംഗ് കോളേജ് ഭരണസമിതി മീറ്റിംഗിൽ അധ്യക്ഷത

വഹിച്ചു.ഉച്ചക്കഴിഞ്ഞ് 3 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന ദീപിക അവലോകന മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. 5 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന മദർഹോം ഭരണസമിതി യോഗത്തിൽ അധ്യക്ഷത വഹിച്ചു.

21 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

22 രാവിലെ 10.30 ന് പുറവയൽ ഇടവകയിൽ നടന്ന മാത്യു കായംമാക്ക ലച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

23 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 6 മണിക്ക് നടന്ന സീറോ മലബാർ മതബോധന കമ്മീഷൻ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

24 രാവിലെ 6.30 ന് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നാമഹേതുക തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും റീജൻസി പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികൾക്ക് വൈദികവസ്ത്രം നല്കുകയും ചെയ്തു.

വൈകുന്നേരം 6.30 ന് അതിരൂപതാ കേന്ദത്തിൽ നടന്ന നാമഹേതുക തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുത്തു.

◈ ◈ ◈ ◈ ◈

## Programme of the Archbishop
## Mar George Njaralakatt

**MAY 2021**

| | | | |
|---|---|---|---|
| 06 | 09.30 am | - | Nellickampoil - CMC Vestition |
| | 03.00 pm | - | Kilianthara - School blessing |
| 07 | 03.00 pm | - | AKM Trust meeting |
| 08 | 11.00 am | - | Jubilee VJEC |
| 10 | | - | Udayagiri |
| 11 | | - | Monthly Recollection |
| 12 | | - | Bathery |
| 13 | | - | Nadavayal |
| 15 | 10.00 am | - | Jubilee - Pariyaram - SMS Pariyaram |
| 16 | | - | Pastoral visit |
| 19-20 | | - | NKCBC - Sreepuram |
| 22 | 03.00 pm | - | Pulikurumba - Church Consecration |
| 24 | | - | Kalluvayal |
| 25-26 | | - | Kakkanad |
| 27 | 03.00 pm | - | Parappa - Convent blessing |

**JUNE 2021**

| | | | |
|---|---|---|---|
| 1-3 | | - | KCBC |
| 08 | | - | Forane Vicars meeting |
| 09 | | - | Monthly Recollection |
| 10 | | - | Thokkilangaday |
| 14-16 | | - | Junior Priests Meeting |

**Secretary to the Archbishop**

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ഏപ്രിൽ 2021

04. വെളുപ്പിന് 3 മണിക്ക് അഭിവന്ദ്യ ജോർജ്ജ് ഞറളക്കാട്ട് പിതാവിനൊപ്പം കത്തീഡ്രൽ ദൈവാലയത്തിൽ ഈസ്റ്റർ തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് മഞ്ഞളാംപുറത്ത് വിശ്രമിക്കുന്ന ബഹു. മാത്യു തെക്കേക്കുളം അച്ചനെ സന്ദർശിച്ചു.

05. രാവിലെ 6.30 ന് കത്തീഡ്രൽ ദൈവാലയത്തിൽ ബഹു. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 15-ാം മരണവാർഷികത്തിൽ വി. ബലിയർപ്പിക്കുകയും ഒപ്പീസ്ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

08. രാവിലെ 10.30 ന് വലിയമറ്റം ബെറ്റ്സിയുടെയും കിഴക്കേക്കര റോണിയുടെയും വിവാഹം വെണ്ണക്കല്ല് ദൈവാലയത്തിൽ വച്ച് ആശീർവദിച്ചു. ധർമ്മശാല MSMI Counciling Centre സന്ദർശിച്ചു.

10. രാവിലെ 8 മണിക്ക് ജോസ്മൗണ്ട് ഇടവകയിൽ ആദ്യകുർബ്ബാന സ്വീകരണവും പള്ളിമുറി വെഞ്ചിരിപ്പും നടത്തി. 12 മണിക്ക് ബഹു. ജോർജ്ജ് കുടിലിലച്ചന്റെ പിതാവ് കുഞ്ഞാഗസ്തിചേട്ടന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

11. രാവിലെ 12 മണിക്ക് ആലക്കോട് ഇടവകയിൽ പാത്രപ്ലാങ്കൽ ജെയിംസിന്റെ വീട് വെഞ്ചിരിച്ചു. തുടർന്ന് കരുവഞ്ചാൽ വൈദിക മന്ദിരത്തിൽ വിശ്രമത്തിലിരിക്കുന്ന വൈദികരെ സന്ദർശിച്ചു.

14. രാവിലെ തലശ്ശേരി MSMI Convent ൽ വി. ബലിയർപ്പിച്ചു.

15. രാവിലെ 11.30 ന് കോടഞ്ചേരി ഇടവകയിൽ വലിയമറ്റം ആൽഡ്രിന്റെയും അനീറ്റയുടെയും വിവാഹം ആശീർവദിച്ചു.

17. രാവിലെ 8 മണിക്ക് ചെറുപുഴ ഇടവകയിലെ ആദ്യകുർബ്ബാന സ്വീകരണത്തിന് നേതൃത്വം നൽകി. തുടർന്ന് കോലുവള്ളി ഇടവകയിൽ ബഹു. ജോസഫ് കരിനാട്ട് അച്ചനെ സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് കാലിച്ചാനടുക്കത്ത് വിശ്രമത്തിൽ കഴിയുന്ന ജോൺ വടക്കുംമൂല അച്ചനെ സന്ദർശിച്ചു. കാലിച്ചാനടുക്കം ദൈവാലയവും കോൺവെന്റും സന്ദർശിച്ചു.

18. രാവിലെ 9.30 ന് ചട്ടമല ഇടവകയിൽ തിരുനാൾ കുർബ്ബാന നടത്തി. വൈകുന്നേരം പാലാ ബിഷപ്സ് ഹൗസിൽ പിതാക്കന്മാരെ സന്ദർശിച്ചു.

19. രാവിലെ പള്ളിക്കാപ്പറമ്പിൽ പിതാവിനെ സന്ദർശിച്ചു. രാവിലെ 11 മണിക്ക് പാലാ രൂപത രത്നഗിരി ഇടവകയിൽ വച്ച് കുളത്തിങ്കൽ സെബാസ്റ്റ്യന്റെയും ഏലിയാമ്മയുടെയും വിവാഹം ആശീർവ്വദിച്ചു. വൈകുന്നേരം 4 മണിക്ക് തൃശ്ശൂർ ബിഷപ്സ്ഹൗസിൽ അഭിവന്ദ്യ പിതാക്കന്മാരെ സന്ദർശിച്ചു.

24. രാവിലെ 6.15 ന് അതിരൂപതാകേന്ദ്രത്തിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിനൊപ്പം നാമഹേതുക തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ നാമഹേതുക തിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു.

◈◈◈◈◈

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### മാർച്ച് 2021

25. രാവിലെ 6.15ന് ചേറ്റംകുന്ന് എസ്. എ. ബി. എസ് കോൺവെന്റിൽ വി. കുർബ്ബാനയർപ്പിച്ചു.

26. ഉച്ചകഴിഞ്ഞ് 3 മണിക്ക് സന്ദേശഭവനിൽവച്ച് നടന്ന ദിയാക്കോണിയ മീറ്റിംഗിൽ സംബന്ധിച്ചു. വൈകുന്നേരം 7 മണിക്ക് ഓൺലൈനായി നടന്ന Prolife Retreat ൽ വചനസന്ദേശം നൽകി.

27. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. രാവിലെ 10.30 ന് ചെമ്പേരി വിമൽജ്യോതി എൻജിനീയറിംഗ് കോളേജിൽ നടന്ന MBA Convocation ൽ പങ്കെടുത്ത് സന്ദേശം നൽകി.

28. രാവിലെ 8 മണിക്ക് ശാന്തിനഗർ ഇടവകയിൽ ഓശാന കർമ്മങ്ങൾക്ക് നേതൃത്വം നൽകി. തുടർന്ന് ബഹു. ഷാജി തെക്കേമുറിയച്ചന്റെയും ബഹു. കുഴിക്കാട്ട് അച്ചന്റെയും മാതാപിതാക്കന്മാരെ ഭവനങ്ങളിൽ ചെന്ന് സന്ദർശിച്ചു.

29. രാവിലെ 10 മണിക്ക് തളിപ്പറമ്പ് ഫൊറോന ദൈവാലയത്തിൽ നടന്ന തൈലം വെഞ്ചിരിപ്പിലും വി. കുർബ്ബാനയിലും സംബന്ധിച്ചു.

30. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

### ഏപ്രിൽ 2021

01. രാവിലെ 7 മണിക്ക് പൂളക്കുറ്റി ഇടവകയിൽ പെസഹാദിന കർമ്മങ്ങൾക്ക് നേതൃത്വം നൽകി. രാജമുടി ഇടവകയിൽ നിര്യാതയായ വലിയവീട്ടിൽ സാന്ദ്രയുടെ ഭവനം സന്ദർശിച്ച് മാതാപിതാക്കളെ ആശ്വസിപ്പിച്ചു. പേരാവൂർ ഫൊറോന ദൈവാലയത്തിലെ ബഹു. വൈദികരെ സന്ദർശിച്ചു. വൈകുന്നേരം എൻജിനിയറിംഗ് കോളേജിൽ താമസിച്ചു.

02. രാവിലെ 7 മണിക്ക് വെമ്പുവ ഇടവകയിൽ ദുഃഖവെള്ളി കർമ്മങ്ങൾക്ക് നേതൃത്വം നൽകി. വൈകുന്നേരം 4 മണിക്ക് ചെമ്പേരി ഫൊറോന ദൈവാലയത്തിലെ കുരിശിന്റെ വഴിയിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു.

04. വെളുപ്പിന് 3 മണിക്ക് നീലേശ്വരം ഇടവകയിൽ ഈസ്റ്റർ തിരുകർമ്മ ങ്ങൾക്ക് നേതൃത്വം നൽകി.

05. രാവിലെ 6.30 ന് കത്തീഡ്രൽ ദൈവാലയത്തിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിപിതാവിന്റെ 15-ാമത്തെ വാർഷികത്തിൽ വി. ബലിയർപ്പി ക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

വൈകുന്നേരം 4 മണിക്ക് കൂരാച്ചുണ്ട് ഇടവകയിൽവച്ചു നടന്ന പാംപ്ലാനി കുടുംബാംഗങ്ങളായ സി. ജോസ്ലിയ എസ്.എച്ച് ന്റെയും സി. ഗ്രെയ്സ് എസ്.സി.എസ്.സി. യുടെയും ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു.

07. രാവിലെ 10 മണിക്ക് നടന്ന പ്രതീക്ഷയുടെ 37-ാം വാർഷികാഘോഷ ത്തിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടന്ന മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മെത്രാഭിഷേകദിന ആഘോഷത്തിൽ പങ്കെടുത്തു.

08. രാവിലെ 11 മണിക്ക് കുട്ടാപറമ്പ് ഇടവകയിൽ നടന്ന കെ. സി. വൈ. എം. സെക്രട്ടറി സനീഷിന്റെയും അർച്ചനയുടെയും വിവാഹം ആശീർ വദിച്ചു. കാർത്തികപുരം ഇടവകയിൽ ബഹു. ബെന്നി നിരപ്പേലച്ചന്റെ രോഗിയായ അമ്മയെ സന്ദർശിച്ചു.

09. രാവിലെ 10. മണിക്ക് പൂതൻപാറ സി. മരിയ എഫ്. സി. സി. യുടെ ജൂബിലിയിൽ പങ്കെടുത്തു. തുടർന്ന് ചാത്തൻകോട്ടുനട MCBS ആശ്രമം സന്ദർശിച്ചു. വൈകുന്നേരം എടൂർ നിര്യാതനായ ജോർജ്ജ് കുടിലിലച്ചന്റെ പിതാവിനുവേണ്ടി ഭവനത്തിൽ എത്തി ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു.

10. രാവിലെ 8 മണിക്ക് ചെമ്പേരി ഇടവകയിലെ ആദ്യകുർബ്ബാന സ്വീകര ണത്തിന് നേതൃത്വം നൽകി. തുടർന്ന് 12 മണിക്ക് കോലുവള്ളി സന്തോഷിന്റെ സൂപ്പർമാർക്കറ്റ് ഉദ്ഘാടനം ചെയ്തു. തുടർന്ന് ബഹു. ജോസഫ് കരിനാട്ടച്ചനെ സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് 4 മണിക്ക് നാട്ടക്കല്ല് പുതുതായി നിർമ്മിച്ച ദൈവാലയം കൂദാശ ചെയ്തു. തുടർന്ന് വെള്ള രിക്കുണ്ട് ഫോട്ടോഗ്രാഫർ സിബിയുടെ ഭവനം സന്ദർശിച്ചു. തുടർന്ന് മാലോത്ത് ബഹു. ഷിന്റോ ആലപ്പാട്ടച്ചന്റെ ഭവനം സന്ദർശിച്ചു.

11. രാവിലെ 8 മണിക്ക് എടക്കോം ഇടവകയിലെ ആദ്യകുർബ്ബാന സ്വീകര ണത്തിന് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് 4 മണിക്ക് പയ്യന്നൂർ ഇടവക യിൽ നടന്ന ആദ്യകുർബ്ബാന സ്വീകരണത്തിലും ജൂബിലി ആഘോഷ ത്തിലും പങ്കെടുത്തു.

12. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

13. രാവിലെ 10. മണിക്ക് KCYM ന്റെ നേതൃത്വത്തിൽ നടന്ന Training Meeting

ൽ സംബന്ധിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടന്ന കൂരിയ മീറ്റിംഗൽ സംബന്ധിച്ചു.

14. രാവിലെ 6.30 ന് ചരൾ ഇടവകയിൽ വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും പിതാവിന്റെ അമ്മയുടെ 80-ാം പിറന്നാളിന് ആശംസകളർപ്പിക്കുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

15. രാവിലെ 6.30 ന് തലശ്ശേരി വിമലഗിരി കോൺവെന്റിൽ വി. ബലിയർപ്പിച്ചു. 10 മണിക്ക് സന്ദേശഭവനിൽ നടന്ന Major Superiors മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം നിർമ്മലഗിരിയിൽ നടന്ന ബഹു. കദളിയിലച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

16. രാവിലെ 10 മണിക്ക് നടന്ന Angel Trust Meeting ൽ പങ്കെടുത്തു. വൈകുന്നേരം 7 മണിക്ക് നടന്ന അതിരൂപതയിലെ പിതാക്കന്മാരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

17. രാവിലെ 6.30 ന് തലശ്ശേരി MSMI Convent ൽ വി. ബലിയർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

18. ഉച്ചകഴിഞ്ഞ് 2 മണിക്ക് ബഹു. ബെന്നി നിരപ്പേലച്ചന്റെ അമ്മയ്ക്ക് രോഗീലേപനം നൽകി. വൈകുന്നേരം 7 മണിക്ക് നടന്ന നിർമ്മലഗിരി കോളേജിലെ പൂർവ്വ വിദ്യാർത്ഥി സംഗമത്തിൽ ഓൺലൈനായി പങ്കെടുത്ത് ആശംസകളർപ്പിച്ചു.

19. രാവിലെ 10 മണിക്ക് മഞ്ഞളാംപുറത്ത് വിശ്രമത്തിൽ കഴിയുന്ന ബഹു. മാത്യു തെക്കേക്കുളം അച്ചന് ഭവനത്തിൽ ചെന്ന് രോഗീലേപനം നൽകി. ഉച്ചകഴിഞ്ഞ് 2 മണക്ക് കണിച്ചാർ ഇടവകയിൽ നടന്ന സി. സെലീനാമ്മയുടെ മൃതസംസ്ക്കാരശുശ്രൂഷകൾക്ക് നേതൃത്വം നൽകി. വൈകുന്നേരം 6 മണിക്ക് ഉദയപുരം ഇടവകയിൽ നിര്യാതനായ ബഹു. മാത്യു അത്തിക്കളത്തിലച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

20. രാവിലെ 10 മണിക്ക് അതിരൂപതാകേന്ദ്രത്തിൽ നടന്ന Nursing Collegeന്റെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചക്ക് അതിരൂപതാകേന്ദ്രത്തിൽ നടന്ന ബഹു. അലക്സ് താരാമംഗലം അച്ചന്റെ പിറന്നാൾ ആഘോഷത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് നടന്ന ദീപികയുടെ രൂപതാതല മീറ്റംഗിൽ ഓൺലൈനായി പങ്കെടുത്തു. വൈകുന്നേരം 5 മണിക്ക് നടന്ന മദർഹോം മീറ്റിംഗിലും ഓൺലൈനായി പങ്കെടുത്തു.

## Programme of the Auxiliary Bishop
## MAR JOSEPH PAMPLANY

**MAY 2021**

| | | | |
|---|---|---|---|
| 04 | 10.00 am | - | CMC Provincial House Nellickampoyil |
| 06 | 03.00 Pm | - | House Blessing Kiliyanthara |
| 08 | | - | Kallar |

**Secretary to the Auxiliary Bishop**

◈◈◈◈◈

21. രാവിലെ 11 മണിക്ക് നെല്ലിക്കാംപൊയിൽ നിര്യാതയായ ഏലിയാമ്മ എണ്ണമ്പ്രയുടെ മൃതസംസ്ക്കാരശുശ്രൂഷയക്ക് നേതൃത്വം നൽകി.
22. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.
23. ഉച്ചകഴിഞ്ഞ് 3 മണിക്ക് നിർമ്മലഗിരി കോളേജിൽ നടന്ന സെമിനാർ ഓൺലൈനായി ഉദ്ഘാടനം ചെയ്തു.
24. രാവിലെ 9 മണിക്ക് കരിക്കോട്ടക്കരിയിൽ നിര്യാതയായ നടുത്തോട്ടത്തിൽ പൈലിയുടെ ഭവനം സന്ദർശിച്ച് ഓപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു. രാവിലെ 10 മണിക്ക് കീഴ്പ്പള്ളി ഇടവകയിൽ വെമ്മേനിക്കട്ട ഷിന്റോയുടെയും എൽസീനയുടെയും വിവാഹം ആശീർവദിച്ചു. തുടർന്ന് 12 മണിക്ക് നിർമ്മലഗിരി ഇടവകയിൽവെച്ച് നടന്ന ചിറ്റേട്ട് ജോസ്നയും പഞ്ഞിക്കാരൻ കിത്ത് പി ജോസും തമ്മിലുള്ള വിവാഹവാഗ്ദാനം നടത്തി. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടന്ന അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും ജോർജ് വലിയമറ്റം പിതാവിന്റെയും നാമഹേതുക തിരുനാളിൽ സംബന്ധിച്ചു.

◈◈◈◈◈